# വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ

## ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായ നിയമങ്ങളും ചട്ടങ്ങളും ഉത്തരവുകളും

## കൈപ്പുസ്തകം



തയ്യാറാക്കിയത് : സി.എസ്.സന്തോഷ്

## മുഖവുര

"അപകടകരവും അസഹ്യവുമായ വ്യാപാരങ്ങളും ഫാക്ടറികളും" എന്നത് "വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും" എന്ന് പഞ്ചായത്ത് രാജ് നിയമത്തിലും, മുനിസിപ്പാലിറ്റി നിയമത്തിലും ഭേദഗതി വരുത്തിയ സാഹചര്യം പരിശോധിക്കുന്നതിന്റെ ഭാഗമായി നടത്തിയ പഠനത്തിന്റെ ഫലമാണ് ഈ കൈപ്പുസ്തകം. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് എന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി വ്യവസായങ്ങൾക്കും മറ്റ് സംരംഭങ്ങൾക്കുമുള്ള ക്ലിയറൻസുകളും ലൈസൻസുകളും നൽകുന്ന തിന് ബാധകമായ നിരവധി നിയമങ്ങളിലും ചട്ടങ്ങളിലും 2017- 18 വർഷത്തിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ആയത് കൂടി കണക്കിലെടുത്ത്, ഗ്രാമപഞ്ചായത്തുകളുടെ ലൈസൻസ് നടപടിക്രമങ്ങൾക്കാവശ്യമായ പുതുക്കിയ നിബന്ധനകളാണ് ഈ കൈപ്പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിവിധ സംരംഭങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് ബാധകമായ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ പ്രസക്തങ്ങളായ വകുപ്പുകളും, 1996 ലെ ചട്ടങ്ങളും, അനുബന്ധ നിയമങ്ങളും, ചട്ടങ്ങളും, വിവിധ ഉത്തരവുകളും, ഈസ് ഓഫ് ഡൂയിംഗ് എന്ന ഭാഗവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതൊരു ഔദ്യോഗിക പ്രസിദ്ധീകരണമല്ല. ആയതിനാൽ രേഖകളുടെ അസ്സൽ പരിശോധിച്ച് കൃത്യത ഉറപ്പാക്കിയതിനുശേഷം മാത്രം പ്രായോഗിക തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതാണെന്ന് അഭ്യർത്ഥിക്കുന്നു. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിച്ച് ഈ വിഷയത്തിലുള്ള അറിവ് കാലികമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഈ വിഷയത്തെക്കുറിച്ച് പഠിക്കുവാൻ ആഗ്രഹിക്കുന്നവർക്കും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർക്കും ഇത് പ്രയോജനപ്പെടുമെന്ന് കരുതുന്നു.

സ്നേഹാദരങ്ങളോടെ....

**സി.എസ്.സന്തോഷ്**

പാലക്കാട്,
26-03-2019

## ഉള്ളടക്കം


| ഭാഗം/ ഖണ്ഡിക നം. | വിഷയം | പേജ് നം. |
|---|---|---|
| I | വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും - 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ | 4 |
| എ. | ആമുഖം | 4 |
| ബി. | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും മറ്റ് സംരംഭങ്ങൾക്കും ലൈസൻസ് അനുവദിക്കൽ - 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ പ്രധാന വകുപ്പുകൾ | 5 |
| II | കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1996 | 14 |
| എ. | ആമുഖം | 14 |
| ബി. | 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ | 15 |
| | പട്ടിക | |
| I | സ്ഥാപനങ്ങളുടെ വിവരം | 32 |
| II | ലൈസൻസ് ഫീ ഇനത്തിൽ നിശ്ചയിക്കാവുന്ന പരമാവധി ഫീസ് | 46 |
| III | യന്ത്രത്തിന്റെ കുതിര ശക്തി (വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്നവ) | 47 |
| IV | യന്ത്രത്തിന്റെ കുതിര ശക്തി (വൈദ്യുതി കൊണ്ടല്ലാതെ പ്രവർത്തിക്കുന്നവ) | 48 |
| V | ക്ലിയറൻസ് ആവശ്യമായ വ്യവസായങ്ങളുടെ ലിസ്റ്റ് | 50 |
| VI | അഗ്നിശമന സേനാ വകുപ്പിൽ നിന്നും ക്ലിയറൻസ് ആവശ്യമായിട്ടുള്ള വ്യവസായങ്ങൾ | 52 |
| III | ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് (eODB) | 53 |
| എ. | ആമുഖം | 53 |
| ബി. | ഈസ് ഓഫ് ഡൂയിംഗ് ബിസിനസും കേരളവും | 54 |

| | | |
|---|---|---|
| സി. | ഏകജാലക സംവിധാനം | 55 |
| ഡി. | വിവിധ തലങ്ങളിലുള്ള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡുകൾ | 55 |
| ഇ. | മറ്റ് പ്രധാന വ്യവസ്ഥകൾ | 57 |
| എഫ്. | KSWIFT (Kerala Single Window Interface for Fast & Transparent Clearance) പോർട്ടൽ | 58 |
| ജി. | KSWIFT മായി ബന്ധിപ്പിച്ചിട്ടുള്ള വിവിധ വകുപ്പുകൾ | 59 |
| എച്ച്. | കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള പുതിയ ഓൺലൈൻ സോഫ്റ്റ്വെയർ-ഐ.ബി.പി.എം.എസ് | 60 |
| ഐ. | EODB യുടെ ഭാഗമായി ഭേദഗതി വരുത്തിയ നിയമങ്ങൾ | 60 |
| ജെ. | EODB യുടെ ഭാഗമായി ഭേദഗതി വരുത്തിയ ചട്ടങ്ങൾ | 61 |
| കെ. | ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി പുറപ്പെടുവിച്ച പ്രധാന ഉത്തരവുകൾ | 61 |
| എൽ. | നിയമങ്ങളുടേയും ചട്ടങ്ങളുടേയും ഭേദഗതികളും പ്രധാന മാറ്റങ്ങളും | 63 |
| IV | 2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ് | 67 |
| 1 | 2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ് (2018 ലെ ആക്റ്റ് 13) | 67 |
| 2 | 018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (നം.2) ആക്റ്റ് (2018 ലെ ആക്റ്റ് 14) | 68 |
| V | ലൈസൻസ് അനുവദിക്കുന്നതിന് ബാധകമായ പ്രധാന നിയമങ്ങളും, ചട്ടങ്ങളും, ഉത്തരവുകളും | 69 |
| എ. | നിയമവ്യവസ്ഥകളും ചട്ടങ്ങളും ഉത്തരവുകളും | 69 |
| ബി. | ലൈസൻസ് അനുവദിക്കുമ്പോൾ പരിഗണിക്കേണ്ട മറ്റ് പ്രധാന വിഷയങ്ങൾ | 78 |
| VI | കേരള പഞ്ചായത്ത് രാജ് (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 | 84 |
| പട്ടിക II | ലൈസൻസ് ഫീ ഇനത്തിൽ നിശ്ചയിക്കാവുന്ന പരമാവധി ഫീസ് | 89 |
| | അപേക്ഷാ ഫോറം - മാതൃക | 91 |

# I

# വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും

# 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ

## എ. ആമുഖം

**2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ആക്ട് (2018 ലെ 14-ാം ആക്ട്) (The Kerala Investment Promotion and Facilitation (No.2) Act, 2018)** പ്രകാരം വാണിജ്യ-വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിവിധ നിയമങ്ങൾ പ്രകാരം ആവശ്യമായ ലൈസൻസുകളും അനുമതികളും ക്ലിയറൻസുകളും അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം ഉൾപ്പെടെയുള്ള നിയമങ്ങളിലെ വിവിധ വകുപ്പുകളിൽ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. നിയമ ഭേദഗതികൾക്ക് 20-10-2017 മുതൽ പ്രാബല്യമുണ്ട്. ആയതനുസരിച്ച് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232, 233 എന്നീ വകുപ്പുകളിൽ ഭേദഗതി വരുത്തുകയും **"അപകടകരവും അസഹ്യവുമായ വ്യാപാരങ്ങളും ഫാക്ടറികളും" (Dangerous and Offensive Trades and Factories)** എന്നത് **"വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും" (Factories, Trades, Entrepreneurship Activities and Other Services)** എന്ന് മാറ്റുകയും ചെയ്തിട്ടുണ്ട്.

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും മറ്റ് സംരംഭങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നതിനുള്ള നിബന്ധനകൾ ഉൾപ്പെട്ട 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232, 233, 234 വകുപ്പുകളിൽ നാളിതുവരെ ഉണ്ടായ ഭേദഗതികൾ താഴെ ചേർക്കുന്നു.

| ഭേദഗതി | പ്രാബല്യം | ഭേദഗതി വരുത്തിയ വകുപ്പുകൾ |
|---|---|---|
| • 1999 ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട്.<br>• (1999 ലെ 13-ാം ആക്ട്) | 24-03-1999 | 232, 233, 234(3) |
| • 2017 ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട്<br>• (2017 ലെ 18-ാം ആക്ട്) | 01-06-2017 | 232(2) മുതൽ 232(5) വരെ യുള്ള വകുപ്പുകൾ ഒഴിവാക്കി. |
| • 2018 ലെ കേരള നിക്ഷേപം പ്രോൽ സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്<br>• (2018 ലെ 14-ാം ആക്ട്) | 20-10-2017 | 232, 233 |

## ബി. വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും മറ്റ് സംരംഭങ്ങൾക്കും ലൈസൻസ് അനുവദിക്കൽ – 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ പ്രധാന വകുപ്പുകൾ (നാളിതുവരെയുള്ള ഭേദഗതികൾ സഹിതം)

- **വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും മറ്റു സേവനങ്ങളും**

| വകുപ്പ് | നിബന്ധന |
|---|---|
| 232 | • **ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല** |
| 232(1) | • ഇതിലേക്കുള്ള ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ഒരു ലൈസൻസ് കൂടാതെയും ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കുവാൻ പാടില്ലെന്ന് പരസ്യം ചെയ്യാവുന്നതാണ്.<br>• ഏതൊരു പരസ്യവും അതിന്റെ പ്രസിദ്ധീകരണ തിയതി മുതൽ മുപ്പതു ദിവസം കഴിയുന്നതുവരെ പ്രാബല്യത്തിൽ വരാൻ പാടില്ലാത്തതാകുന്നു. |
| 232 (2)-(5) | *വിവിധ നിയമ ഭേദഗതികൾ പ്രകാരം 2 മുതൽ 5 വരെയുള്ള ഉപ വകുപ്പുകൾ ഒഴിവാക്കിയിട്ടുണ്ട്.* |

| | |
|---|---|
| 233 | **ഫാക്ടറികൾ പണിയുന്നതിനും യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള അനുവാദം** |
| 233(1) | ഗ്രാമപഞ്ചായത്തിന്റെ അനുമതി കൂടാതെയും അനുമതിയിൽ നിർദ്ദേശിച്ചിട്ടുള്ള ഉപാധികൾക്ക് അനുസൃതമല്ലാതെയും:<br>**എ)** ആവിശക്തിയോ, ജലശക്തിയോ, മറ്റു യാന്ത്രിക ശക്തിയോ, വിദ്യുച്ഛക്തിയോ ഉപയോഗിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും **ഫാക്ടറിയോ, വർക്ക്ഷോപ്പോ, പ്രവൃത്തി സ്ഥലമോ** നിർമ്മിക്കുകയോ സ്ഥാപിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.<br>**ബി)** മേൽപറഞ്ഞ ഏതെങ്കിലും ശക്തികൊണ്ട് പ്രവർത്തിക്കുന്നതും ഈ ആക്റ്റിലേയോ അതിൻകീഴിലെ ചട്ടങ്ങളോ പ്രകാരം ഒഴിവാക്കപ്പെട്ട **യന്ത്രമോ, നിർമ്മാണ യന്ത്രമോ അല്ലാത്തതുമായ ഏതെങ്കിലും യന്ത്രമോ, നിർമ്മാണ യന്ത്രമോ** ഏതെങ്കിലും പരിസരങ്ങളിൽ സ്ഥാപിക്കുവാൻ പാടുള്ളതല്ല. |
| 233(2) | • 233(1)-ാം ഉപവകുപ്പ് പ്രകാരം ലൈസൻസിനുള്ള അപേക്ഷ നിർണ്ണയിക്കപ്പെട്ട ഫോറത്തിലും മറ്റ് വിശദാംശങ്ങളോടു കൂടിയും സെക്രട്ടറിയെ അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനെ അഭിസംബോധന ചെയ്തുകൊണ്ട് ഗ്രാമപഞ്ചായത്തിന് നൽകേണ്ടതാണ്. |
| 233(2) (എ) | **2018 ലെ 14-ാം ആക്റ്റ് പ്രകാരം കൂട്ടിച്ചേർത്തത്**<br>• അപേക്ഷ ലഭിച്ചാൽ നിർണ്ണയിക്കപ്പെടാവുന്ന ഫോറത്തിൽ അപേക്ഷകന് കൈപ്പറ്റ് രസീത് നൽകേണ്ടതാണ്.<br>• അപേക്ഷയും രേഖകളും പ്രസ്തുത സ്ഥലത്തുവെച്ച് തന്നെ പരിശോധിക്കേണ്ടതാണ്. ആവശ്യമായ അനുബന്ധ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല എന്ന് കാണുന്നപക്ഷം, ഉടൻ തന്നെ അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ്. |

| | |
|---|---|
| | • രേഖകൾ എത്രയും വേഗം, എന്നാൽ **അപേക്ഷ ലഭിച്ച തിയതി മുതൽ പതിനഞ്ചു ദിവസം കഴിയുന്നതിനു മുമ്പായി** സമർപ്പിക്കുവാൻ അപേക്ഷകനെ അനുവദിക്കേണ്ടതാണ്. |

| | |
|---|---|
| 233 (3) | **2018 ലെ 14-ാം ആക്റ്റ് പ്രകാരം കൂട്ടിച്ചേർത്തത്** <br>• സെക്രട്ടറിയോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ എത്രയും വേഗം അനുവാദത്തിനായി അപേക്ഷിച്ചിരിക്കുന്ന ഫാക്ടറിയുടേയോ, വർക്ക്ഷോപ്പിന്റേയോ, പ്രവൃത്തി സ്ഥലത്തിന്റേയോ, യന്ത്ര സാമഗ്രികളുടേയോ, നിർമ്മാണ പ്ലാന്റിന്റേയോ സ്ഥാപിക്കൽ മൂലമോ, പരിസരത്തെ ജനസാന്ദ്രത മൂലമോ ശല്യമോ, മലിനീകരണമോ ഉണ്ടാകാനിടയുണ്ടെന്ന കാരണത്താലോ ആക്ഷേപമുണ്ടെങ്കിൽ അന്വേഷണം നടത്തേണ്ടതും ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. <br>• അപേക്ഷയും സെക്രട്ടറിയുടേയും 4-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള മറ്റ് അധികാരികളുടേയും റിപ്പോർട്ടുകൾ ഗ്രാമപഞ്ചായത്ത് പരിഗണിച്ചതിനുശേഷം **കഴിയുന്നതും വേഗത്തിൽ, എങ്ങനെയായിരുന്നാലും അപേക്ഷ ലഭിച്ച തിയതി മുതൽ മുപ്പത് ദിവസത്തിനകം പൂർണ്ണമായ അനുവാദമോ അതിന് യുക്തമെന്ന് തോന്നുന്ന മറ്റ് വ്യവസ്ഥകൾക്ക് വിധേയമായ അനുവാദമോ നൽകേണ്ടതാണ്.** |
| 233 (4) | **അനുവാദം നൽകുന്നതിനു മുമ്പ് സെക്രട്ടറി ലഭ്യമാക്കി പരിഗണിക്കേണ്ട റിപ്പോർട്ടുകൾ** |
| 233 (4) (എ) | **ഫാക്ടറിയോ വർക്ക്ഷോപ്പോ ജോലി സ്ഥലമോ പരിസരമോ** 1948-ലെ **ഫാക്ടറീസ് ആക്റ്റിന്റെ** (1948-ലെ 63-ാം കേന്ദ്ര ആക്റ്റ്) **പരിധിയിൽ വരുന്നതാണെങ്കിൽ:** <br>പ്ലാന്റിൽ വെന്റിലേഷൻ, വെളിച്ചം ഇവയുടെ പര്യാപ്തതയും മുറികളുടേയും കതകുകകളുടേയും ഉയരവും വലിപ്പവും ആവശ്യത്തിനുണ്ടോ എന്നും തീപിടുത്തമുണ്ടായാൽ പുറത്തേക്ക് കടക്കാനുള്ള മാർഗ്ഗങ്ങളുടെ അനുയോജ്യതയും നിർണ്ണയിക്കപ്പെടാവുന്ന മറ്റ് സംഗതികളും സംബന്ധിച്ച് 1948 ലെ ഫാക്ടറീസ് ആക്റ്റിൻ കീഴിൽ നിയമിച്ച **ഫാക്ടറീസ് ഇൻസ്പെക്ടറുടേയോ** അല്ലെങ്കിൽ ആ പ്രദേശത്ത് |

| | |
|---|---|
| | അധികാരിതയുള്ള **ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറിൽ താഴെയല്ലാത്ത വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥന്റേയോ** ഒരു റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. |
| 233 (4) (ബി) | **ആശുപത്രിയോ, ക്ലിനിക്കോ, പാരാ മെഡിക്കൽ സ്ഥാപനമോ, ക്ലിനിക്കൽ ലബോറട്ടറിയോ മറ്റേതെങ്കിലും ആരോഗ്യ സ്ഥാപനമോ തുടങ്ങുന്നതിനുള്ള അപേക്ഷയാണെങ്കിൽ:** ***(2018 ലെ 14-ാം ആക്റ്റ് പ്രകാരം മാറ്റം വരുത്തിയത്)*** |
| | സ്ഥാപിക്കാനുദ്ദേശിക്കുന്ന യന്ത്ര സാമഗ്രികളുടെ കണക്റ്റഡ് ലോഡ് ഇരുപത്തഞ്ച് കുതിര ശക്തിയിൽ കൂടുതലോ അല്ലെങ്കിൽ യന്ത്ര സാമഗ്രികളുടേയും മറ്റ് സ്ഥാപനങ്ങളുടേയും സ്വഭാവം ശല്യമോ, മലിനീകരണമോ ഉണ്ടാക്കാൻ സാദ്ധ്യതയുള്ളതോ ആണെങ്കിൽ ശല്യത്തിന്റേയും മലിനീകരണത്തിന്റേയും സാധ്യതയെ സംബന്ധിച്ച് **ജില്ലാ മെഡിക്കൽ ഓഫീസറുടെ ഒരു റിപ്പോർട്ട്.** |
| 233 (4) (സി) | **സ്ഥാപിക്കാനുദ്ദേശിക്കുന്ന വ്യവസായം ഹൈടെൻഷൻ വൈദ്യുതി യുടേയോ പെട്ടെന്ന് കത്തിപ്പടരാവുന്നതോ പൊട്ടിത്തെറിക്കാവുന്നതോ ആയ സാധനങ്ങളുടേയോ ഉപയോഗം ഉൾക്കൊള്ളുന്നതാണെങ്കിൽ** |
| | ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ള അഗ്നി പ്രതിരോധ-അഗ്നിശമന പ്രവർ ത്തനങ്ങളുടെ പര്യാപ്തത സംബന്ധിച്ച് **ഡിവിഷണൽ ഫയർ ഓഫീസർ** അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്.<br>• *ഏതെങ്കിലും വ്യവസായം മലിനീകരണം ഉണ്ടാക്കുന്നതല്ലെന്ന് ഇതിലേക്ക് അധികാരപ്പെടുത്തിയ വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥനോ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ ശുപാർശ ചെയ്തിട്ടുള്ള ഒരു പ്രഖ്യാപനം അപേക്ഷകൻ നൽകുകയാണെങ്കിൽ അത്തരം വ്യവസായത്തെ സംബന്ധിച്ച് (ബി) ഖണ്ഡം പ്രകാരമുള്ള റിപ്പോർട്ട് ആവശ്യപ്പെടാവുന്നതല്ല.* |
| 233(5) | ഈ വകുപ്പിൻകീഴിലുള്ള അനുവാദം നൽകുന്നത്:<br>**എ)** യന്ത്രസാമഗ്രികൾ മാറ്റി വയ്ക്കൽ, ഫീസ് ഈടാക്കൽ എന്നിവ സംബന്ധിച്ച് നിർണ്ണയിക്കപ്പെടാവുന്ന നിയന്ത്രണങ്ങൾക്കും നിബന്ധന കൾക്കും വിധേയമായിരിക്കും. |

| | |
|---|---|
| | **ബി)** 235 എഫ്, 235 എച്ച് എന്നീ വകുപ്പുകളിലോ അല്ലെങ്കിൽ 235 പി, 23 ക്യൂ എന്നീ വകുപ്പുകളിലോ അടങ്ങിയിട്ടുള്ള സംഗതികൾ പാലിക്കുന്നതിൽനിന്നും ഒഴിവാക്കപ്പെട്ടതായി പരിഗണിക്കുവാൻ പാടില്ലാത്തതാകുന്നു. |
| 233(6) | **2018 ലെ 14-ാം ആക്റ്റ് പ്രകാരം കൂട്ടിച്ചേർത്തത്**<br>**അനുമതി, റദ്ദാക്കൽ, പിഴ**<br>• അനുവാദത്തിനുവേണ്ടിയുള്ള **അപേക്ഷ ലഭിച്ച തിയതി മുതൽ മുപ്പതു ദിവസത്തിനുള്ളിൽ, സെക്രട്ടറി അതിന്മേലുള്ള ഏതെങ്കിലും ഉത്തരവ് അപേക്ഷകനെ അറിയിക്കാതിരിക്കുന്നപക്ഷം** ആക്റ്റിലേയും ചട്ടങ്ങളിലേയും ബൈലോകളിലേയും വ്യവസ്ഥകൾക്കും ചുമത്താവുന്ന മറ്റ് എല്ലാ നിബന്ധനകൾക്കും വിധേയമായി, അപേക്ഷയിൽ ആവശ്യപ്പെട്ട കാലയളവിലേക്ക് അനുമതി നൽകിയതായി കരുതപ്പെടുന്നതാണ്.<br>• **അതിനുശേഷം ഏതെങ്കിലും വ്യവസ്ഥ ലംഘിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടാൽ** അപേക്ഷകന്, ലൈസൻസ് റദ്ദാക്കുന്നതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, ഒരു കാരണം കാണിക്കൽ നൽകിയതിനുശേഷവും പ്രസ്തുത നോട്ടീസിൽ വ്യക്തമാക്കിയിട്ടുള്ള സമയത്തിനകം ലഭിച്ച മറുപടി, ഏതെങ്കിലും ഉണ്ടെങ്കിൽ അത്, പരിശോധിച്ചതിനുശേഷവും, **ലൈസൻസ് റദ്ദാക്കുവാൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതും, അപ്രകാരം ലൈസൻസ് റദ്ദാക്കുന്നതി മേൽ സെക്രട്ടറിക്ക് അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത ഒരു പിഴ അപേക്ഷകന് മേൽ ചുമത്താവുന്നതാണ്.**<br>• *(2018 ലെ 14-ാം ആക്റ്റ് പ്രകാരം വകുപ്പ് 233 ന്റെ ഉപവകുപ്പ് (6) കൂട്ടിച്ചേർത്തു. 31-10-2017 മുതൽ പ്രാബല്യം)* |
| 233 (എ) | **ഫാക്ടറി, വർക്ക്ഷോപ്പ് മുതലായവയിൽ നിന്നുള്ള ശല്യം ഇല്ലാതാക്കൽ** |
| 233 എ(1) | ഏതെങ്കിലും ഫാക്ടറിയോ, വർക്ക്ഷോപ്പോ, പ്രവൃത്തി സ്ഥലമോ, യന്ത്രങ്ങളോ ഏതെങ്കിലും ഒരു പ്രത്യേക തരം ഇന്ധനം ഉപയോഗിക്കുന്നതുകൊണ്ടോ, ശബ്ദമോ, അനുചലനമോ ഉണ്ടാകുന്നതിനാലോ |

| | |
|---|---|
| | വിഷവാതകം വമിക്കുകയോ, അസഹ്യമായ ഗന്ധമോ, പുകയോ, പൊടിയോ പുറപ്പെടുവിക്കുയോ ചെയ്യുന്ന കാരണത്താലോ ശല്യമുണ്ടാക്കു ന്നതായി **സെക്രട്ടറിക്ക്** അഭിപ്രായമുള്ള പക്ഷം സെക്രട്ടറിക്ക് അപ്രകാരമുള്ള ഫാക്ടറിയുടേയോ, വർക്ക്ഷോപ്പിന്റേയോ, യന്ത്രങ്ങളു ടേയോ ചുമതല വഹിക്കുന്ന ആളോട് അപ്രകാരമുള്ള ശല്യം ന്യായമായ സമയത്തിനുള്ളിൽ ഇല്ലാതാക്കുവാൻ നിർദ്ദേശിക്കാവുന്നതാണ്. |
| 233 എ(2) | **2018 ലെ 14-ാം ആക്റ്റ് പ്രകാരം ചേർത്തത്**<br>**വിദഗ്ധോപദേശം തേടൽ**<br>ബന്ധപ്പെട്ട ഫാക്ടറിയുടേയോ, വർക്ക്ഷോപ്പിന്റേയോ, പ്രവൃത്തി സ്ഥലത്തിന്റേയോ, യന്ത്ര സാമഗ്രികളുടേയോ ഉടമയുടെ അല്ലെങ്കിൽ ചാർജ്ജ് വഹിക്കുന്ന ആളുടെ ചെലവിൽ ശല്യം തിട്ടപ്പെടുത്തുന്നതോ അല്ലെങ്കിൽ ഇല്ലാതാക്കുന്നതോ സംബന്ധിച്ച് **ബന്ധപെട്ട വകുപ്പുകളിൽ നിന്നും സെക്രട്ടറിക്ക് വിദഗ്ധ ഉപദേശം തേടാവുന്നതും** അപ്രകാരമുള്ള റിപ്പോർട്ട് കഴിയുന്നതും വേഗം, എന്നാൽ അപ്രകാരമുള്ള ശല്യം സംബന്ധിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ട് പതിനഞ്ചു ദിവസം കഴിയുന്നതിനു മുമ്പായി നൽകേണ്ടതുമാണ്.<br>• *(2018 ലെ 14-ാം ആക്റ്റ് പ്രകാരം വകുപ്പ് 233 ന്റെ ഉപവകുപ്പ് (എ) യിലെ ഖണ്ഡം 2 കൂട്ടിച്ചേർത്തു. 31-10-2017 മുതൽ പ്രാബല്യം)* |
| 233 എ(3) | **പ്രവർത്തനം നിരോധിക്കൽ**<br>1-ാം ഉപചട്ടം പ്രകാരം പുറപ്പെടുവിക്കപ്പെട്ട ഒരു നിർദ്ദേശം നടപ്പാക്കാൻ മന:പൂർവ്വം വീഴ്ച വരുത്തുകയോ, നിലവിലുള്ള സാഹചര്യങ്ങളിൽ ശല്യം ഇല്ലാതാക്കുന്നത് പ്രാവർത്തികമല്ലെന്ന് കാണുകയോ ആണെങ്കിൽ ശല്യം ഇല്ലാതാക്കാൻ തൃപ്തികരമായ രീതിയിൽ ആവശ്യമായ നടപടികൾ ബന്ധപ്പെട്ട ആൾ എടുക്കുന്ന സമയം വരെ, സെക്രട്ടറിക്ക് ഫാക്ടറിയുടേയോ ജോലി സ്ഥലത്തിന്റേയോ യന്ത്രത്തിന്റേയോ പ്രവർത്തനം നിരോധിക്കാവുന്നതാണ്. |

| | |
|---|---|
| 233 (ബി) | **ലൈസൻസിൽ നിന്നും ഒഴിവാക്കൽ** |
| | 233-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും അതത് സംഗതിപോലെ, താഴെ പറയുന്ന യന്ത്രങ്ങളോ, ഉൽപാദന യൂണിറ്റുകളോ, വ്യവസായ യൂണിറ്റുകളോ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ അനുവാദം ആവശ്യമുള്ളതല്ല. |
| എ. | **വീട്ടാവശ്യങ്ങൾക്കോ, വ്യക്തിപരമായ സൗകര്യങ്ങൾക്കോ** വേണ്ടി ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്ന ഉപകരണങ്ങളും വൈദ്യുതേതര ഉപകരണങ്ങളും യന്ത്രസാമഗ്രികളും. |
| ബി. | കാർഷികാവശ്യത്തിനായി സ്ഥാപിച്ചിട്ടുള്ള വൈദ്യുതി കൊണ്ടും അല്ലാതെയും പ്രവർത്തിക്കുന്ന ഉപകരണങ്ങൾ. |
| സി. | സ്ഥിരമായ ശ്രദ്ധ വേണ്ടിവരാത്ത സ്റ്റാറ്റിക് ട്രാൻസ്ഫോർമർ സ്റ്റേഷനുകളും കണ്ടൻസർ സ്റ്റേഷനുകളും റെക്ടിഫയർ സ്റ്റേഷനുകളും. |
| ഡി. | കൊണ്ടു നടക്കാവുന്ന തരം ഡ്രില്ലിംഗ് യന്ത്രങ്ങളും കോൺക്രീറ്റ് മിക്സറുകൾ പോലെ നിർമ്മാണ ആവശ്യത്തിനുപയോഗിക്കുന്ന **കൊണ്ടു നടക്കാവുന്ന തരം** യന്ത്രങ്ങളും. |
| ഇ. | ഒരു വിദ്യാഭ്യാസ സ്ഥാപനത്തോട് ബന്ധപ്പെടുത്തിയോ അല്ലെങ്കിൽ ശാസ്ത്ര സംബന്ധമായ ആവശ്യങ്ങൾക്കോ വേണ്ടി ഒരു വർക്ക്ഷോപ്പിലോ ജോലിസ്ഥലത്തോ സ്ഥാപിച്ചിട്ടുള്ള യന്ത്ര സംവിധാനം. |
| എഫ്. | വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ. |
| ജി. | കുടിവെള്ള വിതരണത്തിനും മലിനജലം ഒഴുക്കി കളയുന്നതിനുമുള്ള കേരള ജല അതോറിറ്റിയുടെ യന്ത്ര സംവിധാനങ്ങൾ. |
| എച്ച്. | **മലിനീകരണമുണ്ടാക്കാത്ത ഒരു വ്യവസായമായി സർക്കാരിന്റെ വ്യവസായ വകുപ്പോ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡോ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതും അഞ്ച് കുതിര ശക്തിയിൽ കുറവ് ശേഷിയുള്ള യന്ത്രങ്ങൾ സ്ഥാപിച്ചിട്ടുള്ളതുമായ വ്യവസായങ്ങൾ.** |

| | |
|---|---|
| ഐ. | സർക്കാരോ, സർക്കാർ നിയന്ത്രിത ഏജൻസിയോ അപ്രകാരം പ്രഖ്യാപിച്ചിട്ടുള്ള ഒരു വ്യവസായ എസ്റ്റേറ്റിലേയോ, വ്യവസായ വികസന പ്രദേശത്തേയോ, വ്യവസായ വികസന സ്ഥലത്തേയോ, വ്യവസായ വികസന വളർച്ചാ കേന്ദ്രത്തിലേയോ, കയറ്റുമതി സംസ്കരണ മേഖലയിലേയോ അല്ലെങ്കിൽ വ്യവസായ പാർക്കിലേയോ വ്യവസായ യൂണിറ്റുകൾ.<br>എന്നാൽ, എച്ച്, ഐ ഇനങ്ങളിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും വ്യവസായ യൂണിറ്റുകളുടെ ഉടമസ്ഥൻ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള ഫീസ് അടച്ച് പ്രസ്തുത യൂണിറ്റ് ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. |
| 233 സി | **സർക്കാർ വ്യവസായ എസ്റ്റേറ്റ്, വ്യവസായ വികസന പ്രദേശം മുതലായവ സ്ഥാപിക്കുവാൻ പഞ്ചായത്തുമായി ആലോചിക്കൽ** |
| (1) | സർക്കാരോ ഒരു സർക്കാർ നിയന്ത്രിത ഏജൻസിയോ ഒരു വ്യവസായ എസ്റ്റേറ്റോ, വ്യവസായ വികസന പ്രദേശമോ, വ്യവസായ സ്ഥലമോ, വ്യവസായ വളർച്ചാ കേന്ദ്രമോ, കയറ്റുമതി സംസ്കരണ മേഖലയോ, വ്യവസായ പാർക്കോ തുറക്കുന്നതിനു മുമ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിക്കേണ്ടതാണ്. |
| (2) | 233(ബി) വകുപ്പിലെ (എച്ച്) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള വ്യവസായ യൂണിറ്റുകളെ സംബന്ധിച്ച്, അതത് സംഗതിപോലെ, 235 എഫ്, 235 എച്ച് എന്നീ വകുപ്പുകളിലേയോ 235 പി, 235 ക്യു എന്നീ വകുപ്പുകളിലേയോ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്. |
| 234 | **ലൈസൻസുകളും അനുവാദങ്ങളും നൽകുകയും പുതുക്കുകയും ചെയ്യുന്നതു സംബന്ധിച്ച ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനുള്ള അധികാരം.** |
| (1) | സർക്കാരിന് : |
| എ | 232-ാം വകുപ്പിൻകീഴിൽ ലൈസൻസുകൾ നൽകുകയോ, പുതുക്കുകയോ ചെയ്യുന്നതിനെ നിരോധിക്കുകയും നിയന്ത്രിക്കുകയും ചെയ്യലും;<br>ആ ലൈസൻസുകൾ സാധുവായിരിക്കുന്ന കാലാവധി സംബന്ധിച്ചും; |
| ബി | അത്തരം ലൈസൻസുകളോ അവ പുതുക്കുന്നതിനോ ഉള്ള അപേക്ഷകൾ എത്ര സമയത്തിനുള്ളിൽ നൽകണമെന്നതിനെ സംബന്ധിച്ചും; |

| | |
|---|---|
| സി | 233-ാം വകുപ്പ പ്രകാരം അനുവാദം നൽകുന്നത് നിരോധിക്കുകയോ, നിയന്ത്രിക്കുകയോ ചെയ്യുന്നതു സംബന്ധിച്ചും ചട്ടങ്ങൾ ഉണ്ടാക്കാവുന്ന താണ്. |
| (2) | 1-ാം ഉപവകുപ്പിലെ ഖണ്ഡം (സി) പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ മൂലം വ്യാവസായിക കാര്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് പ്രദേശത്തി നുള്ളിൽ നിർദ്ദിഷ്ട സ്ഥാനങ്ങൾ പ്രത്യേകം നീക്കി വയ്ക്കുന്നതിനും, അപ്രകാരമുള്ള സ്ഥാപനങ്ങൾക്ക് വെളിയിലുള്ള ഏതെങ്കിലും ഫാക്ടറിയേയോ, വർക്ക്ഷോപ്പിനേയോ, പ്രവൃത്തി സ്ഥലത്തേയോ, പരിസരത്തേയോ സംബന്ധിച്ചിടത്തോളം 233-ാം വകുപ്പിൻകീഴിൽ അനുവാദം നിഷേധിക്കുവാൻ വ്യവസ്ഥ ചെയ്യുന്നതിനും അപ്രകാരമുള്ള സ്ഥലങ്ങളിലേക്ക് ഏതെങ്കിലും സ്ഥലത്ത് നേരത്തേ സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും ഫാക്ടറിയേയോ, വർക്ക്ഷോപ്പിനേയോ, പ്രവൃത്തി സ്ഥലത്തേയോ അല്ലെങ്കിൽ നിർദ്ദിഷ്ട സ്ഥലങ്ങൾക്ക് വെളിയിൽ സ്ഥിതി ചെയ്യുന്ന ഏതെങ്കിലും പരിസരത്തിലും നേരത്തെ സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും യന്ത്രത്തേയോ നീക്കം ചെയ്യുന്നതിനും ഗ്രാമപഞ്ചായ ത്തിനെ അധികാരപ്പെടുത്താവുന്നതാണ്.<br>എന്നാൽ, അപ്രകാരമുള്ള യാതൊരു ചട്ടവും മൂലം കേന്ദ്ര സർക്കാരി ന്റേയോ, സംസ്ഥാന സർക്കാരിന്റേയോ അഥവാ 1993 ലെ മദിരാശി വാണിജ്യവിള മാർക്കറ്റ് ആക്ടോ മറ്റേതെങ്കിലും നിയമത്തിൻകീഴിലോ ഏർപ്പെടുത്തിയിട്ടുള്ള ഒരു മാർക്കറ്റ് കമ്മിറ്റിയുടേയോ കൈവശമുള്ളതോ നിയന്ത്രണത്തിലിരിക്കുന്നതോ ആയ ഏതെങ്കിലും പരിസരത്തിലും സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും ഫാക്ടറിയേയോ, വർക്ക്ഷോപ്പിനേയോ, ജോലി സ്ഥലത്തേയോ, യന്ത്രത്തേയോ നീക്കുന്നതിന് അധികാര പ്പെടുത്തുവാൻ പാടില്ലാത്ത താകുന്നു. |
| (3) | *1999 ലെ 13-ാം ആക്റ്റ് പ്രകാരം 24-3-1999 മുതൽ ഒഴിവാക്കിയിട്ടുണ്ട്.* |

# II
# കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1996

## എ. ആമുഖം

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 232-ഉം 233-ഉം 234-ഉം 254-ഉം വകുപ്പുകൾ കൂട്ടിവായിച്ച പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് **കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1996** രൂപീകരിക്കപ്പെട്ടു. **2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ട് (The Kerala Investment Promotion and Facilitation (No.2) Act, 2018)** നിലവിൽ വന്നതിനെ തുടർന്ന് പഞ്ചായത്ത് രാജ് ആക്ടിലെ **ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും** ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട 232, 233 വകുപ്പുകളിൽ ഭേദഗതി വരുത്തിയതിനെ തുടർന്ന് 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ചട്ടങ്ങളുടെ പേര് **1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ** എന്ന് മാറ്റുകയും ചെയ്തു.

| | |
|---|---|
| **എസ്.ആർ.ഒ. നം. 76/96** | • കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1996<br>(Kerala Panchayat Raj (Issue of Licence to Dangerous and Offensive Trades and Factories) Rules, 1996)<br>• D & O Licence |

| | |
|---|---|
| എസ്.ആർ.ഒ നം.674/2017<br>*(സ.ഉ( പി)നം. 80/2017/ തസ്വഭവ തിയതി 31-10-2017)* | കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017<br>(Kerala Panchayath Raj(Issue of Licence to Factories, Trades, Entrepreneurship Activities and Other Services) Rules, 1996)<br>• FACTEOS Licence<br>• ചട്ടം 3, 4, 5, 6, 10, 12, 13 എന്നിവയിലും ഫീസ് ഘടന നിശ്ചയിച്ചിട്ടുള്ള പട്ടിക II ലും ഭേദഗതി വരുത്തിയിട്ടുണ്ട്.<br>• ഭേദഗതി ചട്ടങ്ങൾക്ക് 31-10-2017 തിയതി മുതൽ പ്രാബല്യമുണ്ട്. |

**ബി. 1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (ഭേദഗതികൾ സഹിതം)**

- **ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും ആക്റ്റിൽ അവയ്ക്ക് നൽകപ്പെട്ടിട്ടുള്ള അർത്ഥങ്ങൾ യഥാക്രമം ഉണ്ടായിരിക്കുന്നതാണ്. (ചട്ടം 2 ഇ)**

| ചട്ടം | വ്യവസ്ഥ |
|---|---|
| 3 | **വ്യാപാരങ്ങൾ, സേവനങ്ങൾ, ഫാക്ടറികൾ എന്നിവയുടെ വിവരണം** |
| | • വകുപ്പ് 232 ന്റെ ആവശ്യത്തിനായി, സർക്കാരിന് അതിന്റെ അഭിപ്രായത്തിൽ സ്ഥാപനങ്ങളെ **ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ** എന്നിങ്ങനെ വർഗ്ഗീകരിക്കേണ്ട തുണ്ടെങ്കിൽ ഈ ചട്ടങ്ങളോട് ചേർന്ന ഒന്നാം പട്ടികയിൽ അപ്രകാരം സൂചിപ്പിക്കാവുന്നതാണ്.<br>• *(31-10-2017 ലെ ഭേദഗതി പ്രകാരം പുതുക്കിയ ചട്ടം)* |

| | |
|---|---|
| 4 | **വ്യാപാരങ്ങൾ, സേവനങ്ങൾ, ഫാക്ടറികൾ എന്നിവയെ സംബന്ധിച്ച വിജ്ഞാപനം പ്രസിദ്ധപ്പെടുത്തൽ**<br>*(31-10-2017 ലെ ഭേദഗതി പ്രകാരം പുതുക്കിയ തലക്കെട്ട്)* |
| | • ഗ്രാമപഞ്ചായത്തിന് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽപ്പെട്ട യാതൊരു സ്ഥലവും **1-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഒന്നോ അതിൽ കൂടുതലോ ആവശ്യങ്ങൾക്ക് പ്രസിഡണ്ട് നൽകുന്ന ലൈസൻസ്** കൂടാതെയും അതിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെയും ഉപയോഗിക്കുവാൻ പാടില്ലെന്ന് പഞ്ചായത്താഫീസിലെ നോട്ടീസ് ബോർഡിലും പഞ്ചായത്തിലെ ഓരോ നിയോജകമണ്ഡലത്തിലേയും പ്രധാനപ്പെട്ട സ്ഥലത്തും പരസ്യം പതിച്ചും ലഘുലേഖകൾ, ഉച്ചഭാഷിണി എന്നിവ വഴിയുള്ള പരസ്യം മുഖേനയും പ്രസിദ്ധപ്പെടുത്താവുന്നതാണ്.<br>• റസ്റ്റോറന്റുകൾ, ഭക്ഷണശാലകൾ, ഹോട്ടലുകൾ, കാപ്പിക്കടകൾ, ചായക്കടകൾ എന്നിവയോ ബാർബർ ഷോപ്പുകളോ നടത്തുന്നതിനാണ് ലൈസൻസ് എങ്കിൽ പൊതുജനങ്ങളിൽപ്പെട്ട ഏതൊരംഗത്തിനും അവിടെ പ്രവേശനം ലഭ്യമായിരിക്കുമെന്നുള്ള ഒരു വ്യവസ്ഥ പ്രസിഡണ്ട് നൽകുന്ന ലൈസൻസിൽ എപ്പോഴും അടങ്ങിയിരിക്കേണ്ടതും, അടങ്ങിയിരിക്കുന്നതായി കരുതേണ്ടതും ആകുന്നു. |
| 5 | **ലൈസൻസിനുള്ള അപേക്ഷ** |
| | • 1-ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ, കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിനുള്ള ലൈസൻസിന് വേണ്ടി പരസ്യം പ്രസിദ്ധപ്പെടുത്തി മുപ്പത് ദിവസത്തിനകം സെക്രട്ടറിക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. |
| 5 എ | • ഈ ചട്ടങ്ങളിലെ ഫോറം നം. 1 ൽ അനുബന്ധ രേഖകൾ സഹിതം ലഭ്യമാകുന്ന അപേക്ഷയുടെ കൈപ്പറ്റ് രസീതി സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ അപേക്ഷകന് നൽകേണ്ടതാണ്. |

| | |
|---|---|
| | • അപേക്ഷ ലഭ്യമായ ഉടൻ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ അപേക്ഷയും എല്ലാ അനുബന്ധ രേഖകളും പരിശോധിക്കേണ്ടതും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട ഏതെങ്കിലും രേഖ വിട്ടുപോയിട്ടുണ്ടെങ്കിൽ അപേക്ഷ ലഭ്യമായി മൂന്ന് ദിവസത്തിനകം ആയത് ഹാജരാക്കുവാൻ അപേക്ഷകനോട് ആവശ്യപ്പെടേണ്ടതുമാണ്. <br> • *(31-10-2017 ലെ ഭേദഗതി പ്രകാരം ചട്ടം 5 എ കൂട്ടിച്ചേർത്തു)* |
| 6 | **പ്രസിഡണ്ട് അപേക്ഷയുടെ കാര്യത്തിൽ തീർപ്പ് കൽപിക്കണം** |
| | • പ്രസിഡണ്ടിന് രേഖാമൂലമുള്ള ഒരു ഉത്തരവുമൂലം തനിക്ക് യുക്തമെന്ന് തോന്നുന്ന നിയന്ത്രണങ്ങളും റഗുലേഷനുകളും പ്രകാരം അങ്ങനെയുള്ള ലൈസൻസ് നൽകുകയോ അഥവാ പൊതുജനഹിതം മുൻനിർത്തി, നൽകുവാൻ വിസമ്മതിക്കുകയോ ചെയ്യാവുന്നതാകുന്നു. <br> • ലൈസൻസ് നിരസിക്കുന്ന സംഗതിയിൽ അങ്ങനെയുള്ള നിരസിക്കലിനുള്ള കാരണങ്ങൾ കൂടി ഉത്തരവിൽ രേഖപ്പെടുത്തേണ്ടതാണ്. <br><br> **31-10-2017 ലെ ഭേദഗതി പ്രകാരം ചട്ടം 6 നോടൊപ്പം കൂട്ടിച്ചേർത്ത നിബന്ധന** <br><br> • ഈ ചട്ടങ്ങൾ പ്രകാരം ലൈസൻസ് ലഭിക്കുന്നതിനായി, **മറ്റ് വകുപ്പുകളിൽ നിന്നുള്ള നിരാക്ഷേപ പത്രങ്ങൾ സഹിതം,** പട്ടിക II പ്രകാരമുള്ള ഫീസ് ഒടുക്കി അപേക്ഷ സമർപ്പിച്ചാൽ **അപേക്ഷ ലഭിച്ച് ഏഴ് ദിവസത്തിനകം** (within seven days from the date of receipt of the application) പ്രസിഡണ്ട് ലൈസൻസ് അനുവദിക്കേണ്ടതാണ്. |

| 7 | **ലൈസൻസിനുള്ള ഫീസ്** |
|---|---|
| | • പ്രസിഡണ്ട് നൽകുന്ന ഏതൊരു ലൈസൻസിനും II-ാം **പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ അധികരിക്കാത്ത തുക** ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. |

| 8 | **ലൈസൻസിന്റെ കാലാവധി** |
|---|---|
| | • 6-ാം ചട്ടപ്രകാരം നൽകുന്ന ഏതൊരു ലൈസൻസിന്റെയും കാലാവധി പ്രസിഡണ്ട് ഒരു മുൻ തിയതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻതിയതിയിൽ അവസാനിക്കുന്നതും, അല്ലാത്തപക്ഷം വർഷത്തിന്റെ ഒടുവിൽ അവസാനിക്കുന്നതും ആകുന്നു.<br>• എന്നാൽ **ഫാക്ടറി, വ്യവസായ സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള ലൈസൻസുകളെ സംബന്ധിച്ചിടത്തോളം ലൈസൻസിന്റെ കാലാവധി അഞ്ചുവർഷമായി നിജപ്പെടുത്തേണ്ടതും,** അങ്ങനെയുള്ള സംഗതികളിൽ III-ഉം IV-ഉം പട്ടികകൾ പ്രകാരം പഞ്ചായത്ത് പ്രതിവർഷത്തേക്ക് നിശ്ചയിച്ചിട്ടുള്ള **ലൈസൻസ് ഫീസിന്റെ അഞ്ച് ഇരട്ടി മുൻകൂറായി ഈടാക്കേണ്ടതുമാണ്.** |
| 9 | **ഗാർഹികാവശ്യങ്ങൾക്കായി സംഭരിക്കുന്നതിനോ സംസ്കരിക്കുന്നതിനോ ലൈസൻസ് ആവശ്യമില്ല** |
| | • ഈ ചട്ടങ്ങളിലെ വ്യവസ്ഥകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും I-ാം പട്ടികയിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും സാധനങ്ങൾ, ഗാർഹികാവശ്യങ്ങൾക്കും പഞ്ചായത്ത് അതത് സമയം നിശ്ചയിക്കുന്ന അത്തരം അളവിലും സംഭരിച്ചു വയ്ക്കുകയോ, സംസ്കരിക്കുകയോ ചെയ്യുന്നതിന് ലൈസൻസ് ആവശ്യമില്ലാത്തതാണ്. |

| | |
|---|---|
| 10 | **ലൈസൻസ് പുതുക്കൽ** |
| | • **ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിനുള്ളിൽ** (within thirty days before the end of an year) **പട്ടിക II പ്രകാരമുള്ള ഫീസും അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രവും** ലഭ്യമാക്കിയാൽ ഈ ചട്ടങ്ങൾ പ്രകാരം അനുവദിച്ചിട്ടുള്ള ഏതൊരു ലൈസൻസും പുതുക്കി നൽകാവുന്നതാണ്.<br>• ***(31-10-2017 ലെ ഭേദഗതി പ്രകാരം തലക്കെട്ടും ചട്ടവും പുതുക്കി.)***<br>***(ഭേദഗതിക്ക് മുമ്പ് ഇപ്രകാരമായിരുന്നു:*** *ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന്* ***മുപ്പത് ദിവസത്തിനു മുമ്പായും*** *പുതുതായി തുറക്കേണ്ട സ്ഥലങ്ങൾക്കുള്ള ലൈസൻസിനുള്ള അപേക്ഷ അവ തുറക്കുന്നതിന്* ***30 ദിവസത്തിനു മുമ്പായും*** *സമർപ്പിക്കേണ്ടതാകുന്നു.)* |
| 11 | **ക്യൂമുലേറ്റീവ് ലൈസൻസ്** |
| | • I-ാം പട്ടികയിൽ പറഞ്ഞിട്ടുള്ള ഒന്നിലധികം ആവശ്യങ്ങൾക്ക് ഒരേ സ്ഥലം ഒരേ ഉടമ ഉപയോഗിക്കുന്നപക്ഷം, പ്രസിഡന്റ് അങ്ങനെയുള്ള എല്ലാ ആവശ്യങ്ങൾക്കും ഒരു **ക്യൂമുലേറ്റീവ് ലൈസൻസ്** നൽകേണ്ടതാകുന്നു.<br>• ക്യൂമുലേറ്റീവ് ലൈസൻസിനുള്ള ഫീസ് ദിവസേനയുള്ള ശരാശരി കച്ചവടത്തിന്റെ അടിസ്ഥാനത്തിൽ II-ാം പട്ടികയിൽ ഒന്നാകെ പഞ്ചായത്ത് നിശ്ചയിക്കേണ്ടതാണ്. |
| 12 | **ആവിശക്തിയോ, മറ്റു ശക്തിയോ ഉപയോഗിക്കേണ്ടുന്ന ഫാക്ടറിയോ, വർക്ക്ഷോപ്പോ, പ്രവൃത്തി സ്ഥലമോ നിർമ്മിക്കുകയോ, സ്ഥാപിക്കുകയോ ചെയ്യുന്നതിന് അപേക്ഷ സമർപ്പിക്കണം** |
| (1) | ഏതൊരാളും:-<br>എ) ആവിശക്തിയോ, ജലശക്തിയോ, അഥവാ മറ്റ് യാന്ത്രിക ശക്തിയോ, വിദ്യുച്ഛക്തിയോ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും ഫാക്ടറിയോ, വർക്ക്ഷോപ്പോ, പ്രവൃത്തി സ്ഥലമോ നിർമ്മിക്കുകയോ, സ്ഥാപിക്കുകയോ ചെയ്യുന്നതിനോ: അല്ലെങ്കിൽ |

| | |
|---|---|
| | (ബി) മേൽപറഞ്ഞ പ്രകാരം ആവിശക്തിയോ, ജലശക്തിയോ, മറ്റു ശക്തിയോ കൊണ്ട് നടത്തപ്പെടുന്നതും, 16-ാം ചട്ടപ്രകാരം ഒഴിവാക്കപ്പെട്ട യന്ത്രസാമഗ്രിയോ, നിർമ്മാണയന്ത്രമോ അല്ലാത്തതുമായ യന്ത്രസാമഗ്രിയോ, നിർമ്മാണയന്ത്രമോ ഏതെങ്കിലും പുരയിടത്തിൽ സ്ഥാപിക്കുന്നതിനോ ഉദ്ദേശിക്കുന്നുവെങ്കിൽ അങ്ങനെ നിർമ്മിക്കുകയോ, സ്ഥാപിക്കുകയോ ചെയ്യുന്നതിന് മുമ്പ് അങ്ങനെയുള്ള പ്രവൃത്തി നടത്താനുള്ള അനുവാദത്തിന് വേണ്ടി രേഖാമൂലമായ ഒരപേക്ഷ **സെക്രട്ടറിക്ക്** സമർപ്പിക്കേണ്ടതാണ്.<br>*(31-10-2017 ലെ ഭേദഗതി പ്രകാരം **വില്ലേജ് പഞ്ചായത്ത്** എന്നത് **സെക്രട്ടറി** എന്ന് മാറ്റി.)* |
| (2) | അപേക്ഷയിൽ ഫാക്ടറിയിലോ, വർക്ക്ഷോപ്പിലോ, ജോലി സ്ഥലത്തോ അഥവാ ഭൂമിയിലോ ഏതെങ്കിലും ദിവസം നിയോഗിക്കാവുന്ന ജോലിക്കാരുടെ പരമാവധി എണ്ണം സൂചിപ്പിക്കേണ്ടതും അതിന്റെ കൂടെ:<br>(i) സർക്കാർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ പറയുന്ന വിധത്തിൽ തയ്യാറാക്കിയ ഫാക്ടറിയുടെയോ, വർക്ക്ഷോപ്പിന്റെയോ, ജോലി സ്ഥലത്തിന്റെയോ അഥവാ ഭൂമിയുടേയോ പ്ലാനും<br>(ii) ഈ ആവശ്യത്തിനുവേണ്ടിയുള്ള ശക്തി, യന്ത്രസാമഗ്രി, നിർമ്മാണ യന്ത്രം അല്ലെങ്കിൽ പുരയിടം എന്നിവയെ സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുന്ന വിവരങ്ങളും ഉണ്ടാകേണ്ടതാണ്. |
| (3) | വില്ലേജ് പഞ്ചായത്ത്, അപേക്ഷ ലഭിച്ചതിനുശേഷം കഴിയുന്നത്ര വേഗവും എല്ലാ സംഗതികളിലും മുപ്പത് ദിവസത്തിനകവും:<br>(31-10-2017 ലെ ഭേദഗതി പ്രകാരം ചട്ടം 3 ലെ ആദ്യ ഭാഗം മേൽ പറഞ്ഞ പ്രകാരം മാറ്റിയിട്ടുണ്ട്. **അതിനു മുമ്പ് ഇങ്ങനെ:** *അപേക്ഷ ലഭിച്ചതിനുശേഷം കഴിയുന്നത്ര വേഗം ഗ്രാമപഞ്ചായത്ത് മറ്റു സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സർട്ടിഫിക്കറ്റ് വാങ്ങേണ്ട സംഗതിയിൽ 45 ദിവസത്തിനകവും അല്ലാത്തവയിൽ 30 ദിവസത്തിനകവും)* |

(എ) അപേക്ഷിച്ചിട്ടുള്ള അനുവാദം പൂർണ്ണമായോ അല്ലെങ്കിൽ യുക്തമെന്ന് തോന്നുന്ന വ്യവസ്ഥകൾക്ക് വിധേയമായോ നൽകുകയോ,

(ബി) അത്തരം നിർമ്മാണമോ സ്ഥാപനമോ സമീപപ്രദേശത്തെ ഉയർന്ന ജനസാന്ദ്രത കാരണത്താൽ ആക്ഷേപകരമാണെങ്കിലും ഉപദ്രവകര മാകുവാൻ സാധ്യതയുണ്ടെങ്കിലും അപേക്ഷ ലഭ്യമായ ഉടൻ തന്നെ ബന്ധപ്പെട്ട വകുപ്പിൽ നിന്നും ഫാക്ടറിയുടേയോ, വർക്ക്ഷോപ്പിന്റേയോ, പ്രവൃത്തി സ്ഥലത്തിന്റേയോ, ബന്ധപ്പെട്ട മെഷിനറിയുടേയോ ഉടമയുടെ ചെലവിൽ ഉപദ്രവ സാധ്യതയെക്കുറിച്ചോ, ആയത് കുറയ്ക്കുന്നതിനോ ഉള്ള വിദഗ്ധാഭിപ്രായം സെക്രട്ടറി തേടേണ്ടതാണ്.

അത്തരം ശല്യത്തെക്കുറിച്ചുള്ള റിപ്പോർട്ട് കഴിയുന്നത്ര വേഗത്തിലോ പതിനഞ്ച് ദിവസത്തിൽ അധികരിക്കാത്ത സമയത്തിനുള്ളിലോ ലഭ്യമാക്കേണ്ടതാണ്.

ബന്ധപ്പെട്ട വകുപ്പിന്റെ വിദഗ്ധാഭിപ്രായത്തിലെ ശുപാർശ പ്രകാരം ഉപദ്രവം കുറയ്ക്കുന്നതിനുള്ള നിബന്ധനകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അത്തരം നിബന്ധകളോടെ വില്ലേജ് പഞ്ചായത്ത് അനുമതി നൽകേണ്ടതാണ്.

(31-10-2017 ലെ ഭേദഗതി പ്രകാരം ചട്ടം 3 ലെ ഉപചട്ടം (ബി) യിൽ മാറ്റം വരുത്തിയിട്ടുണ്ട്. **അതിനു മുമ്പ് ഇങ്ങനെ:** *സമീപ പ്രദേശത്തെ ജനസാന്ദ്രതമൂലം അങ്ങനെ നിർമ്മിക്കുകയോ, സ്ഥാപിക്കുകയോ ചെയ്യുന്നത് പ്രതിഷേധാർഹമാണെന്നോ അഥവാ അതുകൊണ്ട് ശല്യമുണ്ടാകാനിടയുണ്ടെന്നോ അഭിപ്രായമുണ്ടെങ്കിൽ അനുവാദം നിരസിക്കുകയോ;)*

*അല്ലെങ്കിൽ;*

**(സി) അനുമതിക്കു വേണ്ടിയുള്ള അപേക്ഷ സെക്രട്ടറിക്ക് ലഭ്യമായി പതിനഞ്ച് ദിവസത്തിനകം ഏതെങ്കിലും ഉത്തരവ് അപേക്ഷകന് നൽകിയിട്ടില്ലെങ്കിൽ നിയമത്തിനും ചട്ടങ്ങൾക്കും ബൈലോകൾക്കും പാലിക്കപ്പെടേണ്ട മറ്റ് നിബന്ധനകൾക്കും വിധേയമായി അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള കാലയളവിലേക്ക് അനുമതി നൽകിയതായി കണക്കാക്കാവുന്നതാണ്.**

| | |
|---|---|
| | അല്ലെങ്കിൽ<br>(31-10-2017 ലെ ഭേദഗതി പ്രകാരം ചട്ടം 3 ലെ ഉപചട്ടം (സി) യിൽ മാറ്റം വരുത്തിയിട്ടുണ്ട്. **അതിനു മുമ്പ് ഇങ്ങനെ:** *നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷയിന്മേൽ തീർപ്പ് അറിയിക്കാത്തപക്ഷം ലൈസൻസ് നൽകിയതായി കണക്കാക്കുകയോ)*<br>**(ഡി) 5 കുതിര ശക്തിയിൽ കവിയാത്ത യന്ത്രമുപയോഗിച്ചുള്ളതും പരിസര മലിനീകരണങ്ങളുണ്ടാക്കാത്തതുമായ ഫാക്ടറികൾ, വ്യവസായ സ്ഥാപന ങ്ങൾ എന്നിവയെ സംബന്ധിച്ചിടത്തോളം ഇതര സ്ഥാപനങ്ങളുടെ നിരാക്ഷേപ പത്രമോ, ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക അനുമതിയോ ഇല്ലാതെ തന്നെ ലൈസൻസ് ഫീസ് വാങ്ങിക്കൊണ്ട് സെക്രട്ടറി ലൈസൻസ് നൽകേണ്ടതാണ്.** |
| (4) | ഗ്രാമപഞ്ചായത്തിന്റെ തീരുമാനത്തിന്മേൽ ഗ്രീൻചാനൽ കൗണ്ടർ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതും ആ തീരുമാനം നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്തിന് ബാദ്ധ്യതയുണ്ടായിരിക്കുന്നതുമാണ്. |
| (5) | ഉപചട്ടം 3 പ്രകാരം അനുവാദം നൽകുന്നതിനു മുമ്പ് ഗ്രാമപഞ്ചായത്ത്:-<br>(എ) **ഫാക്ടറിയോ, വർക്ക്ഷോപ്പോ, ജോലിസ്ഥലമോ, പുരയിടമോ** 1948-ലെ ഫാക്ടറി ആക്ടിന്റെ പരിധിക്കുള്ളിൽപ്പെടുന്നുണ്ടെങ്കിൽ;<br>(i) വായു സഞ്ചാരത്തിനും, പ്രകാശം ലഭിക്കുന്നതിനും വേണ്ടി ചെയ്ത ഏർപ്പാട് പര്യാപ്തമാണോ?;<br>(ii) മുറികൾക്കും, വാതിലുകൾക്കും, പൊക്കവും വലിപ്പവും വേണ്ടത്രയുണ്ടോ?;<br>(iii) അഗ്നിബാധയുണ്ടായാൽ ഉപയോഗിക്കേണ്ട ബഹിർഗമന മാർഗ്ഗങ്ങൾ അനുയോജ്യമാണോ?<br>(iv) ഗവൺമെന്റ് പ്രത്യേകം പറയാവുന്ന മറ്റ് സംഗതികൾ<br>എന്നിവയെ സംബന്ധിച്ചുള്ള ഫാക്ടറിയുടെയോ, വർക്ക്ഷോപ്പിന്റെയോ, പ്രവൃത്തി സ്ഥലത്തിന്റെയോ, സ്ഥലത്തിന്റേയോ പ്ലാനിന്റെ അംഗീകാരം മേൽപ്പറഞ്ഞ ആക്ട് പ്രകാരം നിയമിക്കപ്പെട്ടതും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് അധികാരമുള്ളതുമായ ഫാക്ടറി ഇൻസ്പെകടറുടെയോ അല്ലെങ്കിൽ അങ്ങനെയുള്ള ഇൻസ്പെക്ടർ ഒന്നിലധികം പേരുണ്ടെങ്കിൽ |

| | |
|---|---|
| | ഈ ആവശ്യാർത്ഥം ഗവൺമെന്റ് സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവ് മൂലം നിശ്ചയിക്കുന്ന ഇൻസ്‌പെക്ടറുടെയോ പക്കൽനിന്നും വാങ്ങേണ്ടതാണ്.<br>എന്നാൽ മുറിയുടെ ഘടന; മുറിയുടെ ഉപയോഗയോഗ്യത എന്നിവ സംബന്ധിച്ച് **ഗ്രീൻചാനൽ കൗണ്ടറിന്റെ അംഗീകാരമുണ്ടെങ്കിൽ ഫാക്ടറി ഇൻസ്പെക്ടറുടെ അംഗീകാരം ആവശ്യമില്ലാത്തതും;**<br>(ബി) ഫാക്ടറിയുടെയോ ജോലി സ്ഥലത്തിന്റെയോ പുരയിടത്തിന്റെയോ സ്ഥലം അപേക്ഷയിൽ പറഞ്ഞ ആവശ്യത്തിന് പറ്റിയതാണോ എന്ന കാര്യം സംബന്ധിച്ച് ഇതിനുവേണ്ടി അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനുമായി കൂടിയാലോചിച്ച് അദ്ദേഹത്തിന്റെ അഭിപ്രായം കണക്കിലെടുക്കേണ്ടതും;<br>(സി) സർക്കാർ, ഡിവിഷണൽ ഫയർ ഓഫീസറുമായി കൂടിയാലോചിച്ച് അഗ്നിബാധയുണ്ടാകുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകലു കളെക്കുറിച്ച് പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് നൽകേണ്ടതാണ്. |
| (6) | 1948-ലെ ഫാക്ടറി ആക്റ്റിന്റെ പരിധിക്കുള്ളിൽപ്പെടുന്ന ഏതൊരു ഫാക്ടറിയിലോ, വർക്ക്‌ഷോപ്പിലോ, ജോലി സ്ഥലത്തോ, ഭൂമിയിലോ (3)-ാം ഉപചട്ടം അനുസരിച്ചുള്ള അനുവാദം ലഭ്യമായതിനുശേഷമോ, അങ്ങനെ നിയമിക്കുന്നതിനുള്ള പുതിയ അനുവാദത്തിനു വേണ്ടി ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകിയതിനു ശേഷമോ മാത്രമേ ഏതൊരു ജോലിക്കാരനെയും ഏതൊരു ദിവസവും നിയമിക്കാൻ പാടുള്ളൂ. അങ്ങനെയുള്ള പുതിയ അനുവാദം നൽകുന്നതിനുമുമ്പ് പഞ്ചായത്ത്, (5)-ാം ഉപചട്ടത്തിലെ (എ) ഖണ്ഡത്തിൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഫാക്ടറിയുടെയോ, വർക്ക്‌ഷോപ്പിന്റെയോ, പ്രവൃത്തി സ്ഥലത്തിന്റെയോ, ഭൂമിയുടേയോ പ്ലാനിന് ഫാക്ടറി ഇൻസ്‌പെക്ടറുടെ അംഗീകാരം വാങ്ങിയിരിക്കേണ്ടതാണ്; |
| 7 | ഈ ചട്ടപ്രകാരം അനുവാദം നൽകുന്നത്:-<br>(എ) യന്ത്രസാമഗ്രികൾ പുന:സ്ഥാപിക്കുക, ഫീസ് ചുമത്തുക, അനുസരിക്കേണ്ട വ്യവസ്ഥകൾ മുതലായവയെ സംബന്ധിച്ചിടത്തോളം |

| | |
|---|---|
| | സർക്കാർ പ്രത്യേകം പറയാവുന്ന നിരോധനങ്ങൾക്കും, നിയന്ത്രണ ങ്ങൾക്കും വിധേയമായിരിക്കേണ്ടതും;<br>(ബി) ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും ചട്ടങ്ങൾ നിലവിലുണ്ടെങ്കിൽ അവയിലെ വ്യവസ്ഥകൾ അനുസരിക്കേണ്ട ആവശ്യമില്ലെന്ന് കരുതുവാൻ പാടില്ലാത്തതാണ്.<br>എന്നാൽ **വ്യവസായ വകുപ്പിന്റെ കീഴിലുള്ളതോ, അവരുടെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നതോ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഗ്രീൻ ആൻറ് വൈറ്റ് കാറ്റഗറി വ്യവസായങ്ങളായി പ്രഖ്യാപിച്ചതോ ആയ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനുള്ളിൽ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക്** വ്യവസായ വകുപ്പിന്റെ അംഗീകാരമുണ്ടെങ്കിൽ ഒറ്റ യൂണിറ്റായി കണക്കാക്കി നിർമ്മാണത്തിന് അനുവാദം നൽകാവുന്നതാണ്.<br>*(31-10-2017 ലെ ഭേദഗതി പ്രകാരം "**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഗ്രീൻ ആൻറ് വൈറ്റ് കാറ്റഗറി വ്യവസായങ്ങളായി പ്രഖ്യാപിച്ചതോ**" എന്ന നിബന്ധന കൂട്ടിച്ചേർത്തു).*<br>അതുപോലെ തന്നെ, ആ സ്ഥാപനങ്ങൾക്ക് നിശ്ചിത**വ്യവസായ എസ്റ്റേറ്റുകൾ, വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ, വ്യവസായ വികസന പ്ലോട്ടുകൾ, വ്യവസായ വികസന ഏരിയകൾ, വ്യവസായ വകുപ്പ് അംഗീകരിച്ച മറ്റ് സ്ഥലങ്ങൾ എന്നിവയിൽ സ്ഥാപിക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് മുൻകൂർ ലൈസൻസ് ആവശ്യമില്ലാത്തതും** ലൈസൻസ് ഫീസ് അടച്ച് കെട്ടിടം പണിയാവുന്നതും യന്ത്രസാമഗ്രികൾ ഘടിപ്പിച്ച് പ്രവർത്തനം ആരംഭിക്കാവുന്നതുമാണ്.<br>**വിശദീകരണം:-** (2)-ഉം (6)-ഉം ഉപചട്ടങ്ങളിൽ "ജോലിക്കാരൻ" എന്ന വാക്കിന് ഏതെങ്കിലും ഫാക്ടറിയെയോ, വർക്ക്ഷോപ്പിനെയോ, ജോലി സ്ഥലത്തെയോ, സ്ഥലത്തേയോ സംബന്ധിച്ചിടത്തോളം 1948-ലെ ഫാക്ടറി ആക്റ്റിലെ അതേ അർത്ഥം തന്നെ ഉണ്ടായിരിക്കുന്നതാണ്. |

| | |
|---|---|
| 13 | **ആവിശക്തിയോ, മറ്റു ശക്തികളോ മൂലം ഉണ്ടാകുന്ന ശല്യം കുറയ്ക്കാൻ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം പുറപ്പെടുവിക്കാവുന്നതാണ്** |
| 1 | ആവിശക്തിയോ, ജലശക്തിയോ, മറ്റ് യാന്ത്രിക ശക്തിയോ, വൈദ്യുതിയോ ഉപയോഗിക്കുന്ന ഏതെങ്കിലും ഫാക്ടറിയിലോ, വർക്ക്ഷോപ്പിലോ, പ്രവൃത്തി സ്ഥലത്തോ ശല്യം ഉണ്ടാകുന്നത് അവിടെ ഉണ്ടാകുന്ന ശബ്ദം കൊണ്ടോ, പ്രകമ്പനം കൊണ്ടോ ആണെങ്കിൽ ആ ശല്യം ആ ആവശ്യത്തിനുവേണ്ടി പ്രത്യേകം പറയുന്ന ന്യായമായ സമയത്തിനുള്ളിൽ കുറയ്ക്കുവാൻ ഉചിതമെന്ന് തങ്ങൾ കരുതുന്ന നിർദ്ദേശങ്ങൾ **സെക്രട്ടറിക്ക്** പുറപ്പെടുവിക്കാവുന്നതാണ്.<br>*(31-10-2017 ലെ ഭേദഗതി പ്രകാരം വില്ലേജ് പഞ്ചായത്തിന് എന്നത് സെക്രട്ടറിക്ക് എന്ന് മാറ്റി)*<br>**31-10-2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം കൂട്ടിച്ചേർത്ത ഖണ്ഡിക**<br>അത്തരം നിർദ്ദേശങ്ങൾ നൽകുന്നതിനു മുമ്പ് ബന്ധപ്പെട്ട വകുപ്പിൽ നിന്നും ഏതെങ്കിലും ഫാക്ടറി, വർക്ക്ഷോപ്പ്, പ്രവൃത്തി സ്ഥലം എന്നിവയിൽ ആവിശക്തിയോ, ജലശക്തിയോ, മറ്റേതെങ്കിലും യാന്ത്രിക ശക്തിയോ, വൈദ്യുതിയോ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന ശബ്ദം, പ്രകമ്പനങ്ങൾ എന്നിവ കൊണ്ടോ ഉണ്ടാകുന്ന ശല്യത്തിന്റെ കാഠിന്യം, അവ കുറവു ചെയ്യുന്നതിനായി ചുമത്തേണ്ട നിബന്ധനകൾ എന്നിവ സംബന്ധിച്ച് **വിദഗ്ധാഭിപ്രായം ലഭ്യമാക്കേണ്ടതാണ്.** |
| 2 | അങ്ങനെയുള്ള നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ മന:പൂർവ്വം വീഴ്ചവരുത്തിയിട്ടുണ്ടെങ്കിലോ അല്ലെങ്കിൽ ശല്യം കുറയ്ക്കുന്നത് അപ്രായോഗികമാണെന്നും കാണുകയാണെങ്കിലോ ബന്ധപ്പെട്ട വകുപ്പുമായി ആലോചിച്ചശേഷം ഗ്രാമപഞ്ചായത്തിന്:<br>(എ) ആ പ്രത്യേകതരം ഇന്ധനം ഉപയോഗിക്കുന്നത് നിരോധിക്കുകയോ,<br>(ബി) ഫാക്ടറിയിലോ, വർക്ക്ഷോപ്പിലോ പ്രവൃത്തി സ്ഥലത്തോ രാത്രി 9.30-നും രാവിലെ 5.30-നും ഇടയ്ക്ക് പ്രവൃത്തി ചെയ്യുന്നത് നിരോധിച്ചുകൊണ്ട് ശബ്ദമോ പ്രകമ്പനമോ നിയന്ത്രിക്കുകയോ ചെയ്യാവുന്നതാണ്. |

| | |
|---|---|
| 14 | **ഉത്തരവുകൾ പാസ്സാക്കാനോ പഞ്ചായത്തുകൾക്ക് നിർദ്ദേശങ്ങൾ നൽകുവാനോ ഉള്ള സർക്കാരിനുള്ള അധികാരം** |
| | സർക്കാരിന് ഒന്നുകിൽ പൊതുവായോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക സംഗതിയിൽ ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ച ശേഷമോ, 12-ാം ചട്ടം (3)-ാം ഉപചട്ടമോ, 13-ാം ചട്ടമോ പ്രകാരം എടുത്തതോ എടുക്കാൻ വിട്ടുപോയതോ ആയ ഏതൊരു നടപടി സംബന്ധിച്ചും തങ്ങൾക്ക് യുക്തമെന്നു തോന്നുന്ന ഉത്തരവ് പുറപ്പെടുവിക്കുകയോ, നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യാവുന്നതാണ്. |
| 15 | **സെക്രട്ടറിക്ക് ഏത് ഫാക്ടറിയിലും, വർക്ക്ഷോപ്പിലും അഥവാ പ്രവൃത്തി സ്ഥലത്തും പ്രവേശിക്കാവുന്നതാണ്.** |
| 1 | സെക്രട്ടറിക്കോ അല്ലെങ്കിൽ ഈ ആവശ്യാർത്ഥം അധികാരപ്പെടുത്തിയ ഏതെങ്കിലും ആൾക്കോ ഏതെങ്കിലും ഫാക്ടറിയിലോ, വർക്ക്ഷോപ്പിലോ, ജോലി സ്ഥലത്തോ:<br>(എ) സൂര്യോദയത്തിനും, സൂര്യാസ്തമനത്തിനും ഇടയ്ക്ക് ഏതെങ്കിലും സമയത്തോ;<br>(ബി) ഏതെങ്കിലും വ്യവസായം നടത്തിക്കൊണ്ടിരിക്കുന്ന ഏതെങ്കിലും സമയത്തോ;<br>(സി) 12-ാം ചട്ടമോ, 13-ാം ചട്ടമോ പ്രകാരം വല്ല കുറ്റവും ചെയ്യുന്നുണ്ടെന്ന് തനിക്ക് വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ, പകലോ, രാത്രിയോ ഏതെങ്കിലും സമയത്തോ പ്രവേശിക്കാവുന്നതാകുന്നു. |
| 2 | ഈ ചട്ടപ്രകാരം അധികാരങ്ങൾ വിനിയോഗിക്കുകയോ അല്ലെങ്കിൽ അകത്ത് പ്രവേശിക്കുന്നതിനാവശ്യമുള്ള വല്ല ബലവും പ്രയോഗിക്കുകയോ ചെയ്യുന്നതുകൊണ്ട് ഉണ്ടായിത്തീരുന്ന ഏതൊരു നഷ്ടത്തിനോ, അസൗകര്യത്തിനോ യാതൊരു അവകാശവാദവും ഏതൊരാൾക്കുമെതിരായി ബോധിപ്പിക്കുവാൻ പാടുള്ളതല്ല. |

| | |
|---|---|
| 16 | **ഒഴിവാക്കൽ** |
| | താഴെപ്പറയുന്നവ 233-ാം വകുപ്പിലെ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കപ്പെടേണ്ടതാണ്: |
| 1 | ഗാർഹികമോ, വ്യക്തിപരമോ ആയ ആവശ്യങ്ങൾക്കോ സുഖത്തിനോ വേണ്ടിമാത്രം ഉപയോഗിക്കാൻ ഉദ്ദേശിച്ചിരിക്കുന്ന വൈദ്യുതി സാധന സാമഗ്രികളും, അങ്ങനെയുള്ള ആവശ്യങ്ങൾക്കോ, സുഖത്തിനോ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്ന വൈദ്യുതി യന്ത്രസാമഗ്രികളും. |
| 2 | ഗാർഹികമോ, വ്യക്തിപരമോ ആയ ആവശ്യങ്ങൾക്കോ സുഖത്തിനോ വേണ്ടി മാത്രം ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതും രണ്ട് കുതിരശക്തിയിൽ കവിയാത്തതുമായ വൈദ്യുതേതര സാമഗ്രികളും, അങ്ങനെയുള്ള ആവശ്യങ്ങൾക്കോ, സുഖത്തിനോ ഉപയോഗിക്കാനുദ്ദേശിച്ചിരിക്കുന്നതും രണ്ട് കുതിര ശക്തിയിൽ കവിയാത്തതുമായ യന്ത്രസാമഗ്രികളും. |
| 3 | കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന മോട്ടോർ ഉൾപ്പെടെയുള്ള വൈദ്യുത പ്രതിഷ്ഠാപനങ്ങൾ. |
| 4 | കാർഷികാവശ്യങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ളതും രണ്ട് കുതിര ശക്തിയിൽ കവിയാത്തതുമായ വൈദ്യുതേതര പ്രതിഷ്ഠാപനങ്ങൾ. |
| 5 | സാധാരണയായി പ്രവർത്തിപ്പിക്കാനാളില്ലാതെ നിശ്ചലമായി കിടക്കുന്ന ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ. |
| 6 | സാധാരണയായി പ്രവർത്തിപ്പിക്കാനാളില്ലാത്ത കണ്ടൻസർ സ്റ്റേഷനുകൾ. |
| 7 | സാധാരണയായി പ്രവർത്തിപ്പിക്കാനാളില്ലാത്ത റെക്റ്റിഫയർ സ്റ്റേഷനുകൾ. |
| 8 | വൈദ്യുതി ബോർഡ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി സ്ഥാപിച്ചിട്ടുള്ള യന്ത്രസാമഗ്രികൾ. |
| | • സെക്രട്ടറിക്ക്, കാർഷികാവശ്യങ്ങൾക്ക് മാത്രമായി സ്ഥാപിക്കുന്നതും, രണ്ട് കുതിര ശക്തിയിൽ കവിയുന്നതുമായ വൈദ്യുതേതര യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിന് യാതൊരു ചാർജ്ജുമില്ലാത്ത അനുവാദം നൽകാവുന്നതാണ്. |

| | |
|---|---|
| 17 | **വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്രസാമഗ്രികൾ** |
| | • വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന ഏതെങ്കിലും യന്ത്രസാമഗ്രിയോ, നിർമ്മാണ പ്ലാന്റോ ഏതെങ്കിലും സ്ഥലത്ത് സ്ഥാപിക്കുവാൻ 233-ാം വകുപ്പ് പ്രകാരം **അനുവാദം നൽകുന്നതിന്** ചുമത്താവുന്ന ഫീസ് ഈ ചട്ടങ്ങളോട് ചേർന്ന III-ാം പട്ടികയിൽ പറഞ്ഞ പരമാവധിയിൽ കവിയാൻ പാടില്ലാത്തതാകുന്നു.<br><br>• എന്നാൽ ഈ ചട്ടപ്രകാരം ചുമത്താവുന്ന ഫീസ്, വൈദ്യുതി കൊണ്ടല്ലാതെ മറ്റു വിധത്തിൽ നടത്തപ്പെടുന്ന അതേ കുതിരശക്തിയിലുള്ള ഏതെങ്കിലും യന്ത്രസാമഗ്രിയോ, നിർമ്മാണ പ്ലാന്റോ സ്ഥാപിക്കുന്നതിന് വേണ്ടി ചുമത്തുന്ന ഫീസിനേക്കാൾ കവിയാൻ പാടില്ല. |
| 18 | **വൈദ്യുതി കൊണ്ടു പ്രവർത്തിപ്പിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിനുള്ള പരമാവധി ഫീസ്** |
| | • വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന ഏതെങ്കിലും യന്ത്ര സാമഗ്രിയോ, നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് 232-ാം വകുപ്പ പ്രകാരം ഒരു കൊല്ലത്തേക്ക് **ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്യുന്നതിന്** ചുമത്താവുന്ന ഫീസ് ഈ ചട്ടങ്ങളോട് ചേർന്ന III-ാം പട്ടികയിൽ പറഞ്ഞ പരമാവധിയിൽ കവിയാൻ പാടില്ലാത്തതാകുന്നു.<br><br>• എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും ലൈസൻസ് ഒരു വർഷത്തിൽ കുറഞ്ഞ കാലത്തേക്ക് നൽകുകയോ, പുതുക്കുകയോ ചെയ്യുന്ന പക്ഷം, അതേ യന്ത്രസാമഗ്രിയോ, നിർമ്മാണ പ്ലാന്റോ സംബന്ധിച്ച അതേ സ്ഥലത്തിന് ഏതെങ്കിലും വർഷം ചുമത്താവുന്ന മൊത്തം ഫീസ്, അതിന്റെ കാര്യത്തിൽ ഒരു വർഷത്തേക്ക് നൽകുകയോ, പുതുക്കുകയോ ചെയ്യുന്നതിനുള്ള ലൈസൻസ് ഫീസിൽ കവിയാൻ പാടുള്ളതല്ല.<br><br>• എന്നു മാത്രമല്ല, ഈ ചട്ടപ്രകാരം ചുമത്താവുന്ന ഫീസ്, വൈദ്യുതി കൊണ്ടല്ലാതെ മറ്റു വിധത്തിൽ നടത്തപ്പെടുന്ന അതേ കുതിരശക്തിയുള്ള ഏതെങ്കിലും യന്ത്രസാമഗ്രിക്കോ, നിർമ്മാണ യന്ത്രത്തിനോ ചുമത്തുന്നതിൽ കവിയാൻ പാടുള്ളതല്ല. |

| | |
|---|---|
| 19 | **അധിക ഫീസ്** |
| | • ഈ ചട്ടങ്ങളോട് ചേർന്ന III-ാം പട്ടികയിൽ പറഞ്ഞ പരമാവധി ഫീസ് യഥാസമയത്ത് സമർപ്പിക്കുന്ന അപേക്ഷയ്ക്ക് മാത്രമേ ബാധക മാവുകയുള്ളൂ, <br> • **താമസിച്ച് സമർപ്പിക്കുന്ന അപേക്ഷയുടെ സംഗതിയിൽ പട്ടികയനു സരിച്ച് കൊടുക്കേണ്ട ലൈസൻസ് ഫീസിന്റെ 25 ശതമാനം അധിക ഫീസ് ചുമത്താവുന്നതാണ്.** |
| 20 | **വൈദ്യുതികൊണ്ടല്ലാതെ മറ്റ ശക്തികൊണ്ടു പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ** |
| | • വൈദ്യുതികൊണ്ടല്ലാതെ മറ്റ് ശക്തികൊണ്ട് നടത്തപ്പെടുന്ന ഏതെങ്കിലും യന്ത്ര സാമഗ്രിയോ നിർമ്മാണ യന്ത്രമോ ഏതെങ്കിലും പുരയിടത്തിൽ സ്ഥാപിക്കുവാൻ ആക്ടിലെ 233-ാം വകുപ്പ് പ്രകാരം **അനുവാദം നൽകുന്നതിന്** ചുമത്താവുന്ന ഫീസ് ഈ ചട്ടങ്ങളോട് ചേർന്ന് IV-ാം പട്ടികയിൽ പറഞ്ഞ പരമാവധിയിൽ കവിയുവാൻ പാടുള്ളതല്ല. |
| 21 | **വൈദ്യുതികൊണ്ടല്ലാതെ മറ്റ ശക്തികൊണ്ടു പ്രവർത്തിപ്പിക്കുന്ന യന്ത്ര സാമഗ്രികൾക്കും നിർമ്മാണപ്ലാന്റുകൾക്കുമുള്ള പരമാവധി ഫീസ്** |
| | • വൈദ്യുതികൊണ്ടല്ലാതെ മറ്റ ശക്തികൊണ്ട് പ്രവർത്തിക്കുന്ന ഏതെങ്കിലും യന്ത്ര സാമഗ്രിയോ നിർമ്മാണ പ്ലാന്റോ ഉപയോഗിക്കുന്ന സ്ഥലത്തിന് ആക്ടിലെ 232-ാം വകുപ്പ് പ്രകാരം ഒരു വർഷക്കാലത്തേക്ക് **ലൈസൻസ് നൽകുകയോ, പുതുക്കുകയോ ചെയ്യുന്നതിന് ചുമത്താവുന്ന ലൈസൻസ് ഫീസ്** ഈ ചട്ടങ്ങളോട് ചേർന്ന IV-ാം പട്ടികയിൽ പറഞ്ഞ പരമാവധിയിൽ കവിയാൻ പാടില്ലാത്തതാകുന്നു. <br> • എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും ലൈസൻസ് ഒരു വർഷത്തിൽ കുറഞ്ഞ കാലത്തേക്ക് നൽകുകയോ പുതുക്കുകയോ ചെയ്യുന്ന പക്ഷം, അതേ യന്ത്രസാമഗ്രിയോ നിർമ്മാണ പ്ലാന്റോ സംബന്ധിച്ച അതേ സ്ഥലത്തിന് ഏതെങ്കിലും വർഷം ചുമത്താവുന്ന മൊത്തം ഫീസ് അതിന്റെ കാര്യത്തിൽ ഒരു വർഷത്തേക്ക് നൽകുകയോ, പുതുക്കുകയോ ചെയ്യുന്ന ലൈസൻസിന് ചുമത്താവുന്ന ഫീസിനേക്കാൾ കൂടുവാൻ പാടില്ലാത്തതാകുന്നു. |
| 22 | **അധികഫീസ്** |

| | |
|---|---|
| | • ഈ ചട്ടങ്ങളോട് ചേർന്ന IV-ാം പട്ടികയിൽ പറഞ്ഞ പരമാവധി ഫീസ് യഥാസമയത്ത് സമർപ്പിക്കുന്ന അപേക്ഷകൾക്ക് മാത്രമേ ബാധകമാവുകയുള്ളൂ.<br>• താമസിച്ച് സമസിപ്പിക്കുന്ന അപേക്ഷയുടെ സംഗതിയിൽ പട്ടിക അനുസരിച്ച് നൽകേണ്ട ലൈസൻസ് ഫീസിന്റെ 25 ശതമാനം അധിക ഫീസ് ചുമത്താവുന്നതാണ്. |
| 23 | **ഒഴിവാക്കൽ** |
| | • ഈ ചട്ടങ്ങളിൽ അടങ്ങിയിട്ടുള്ള യാതൊന്നും 233-ാം വകുപ്പിന്റെ പ്രവർത്തനത്തിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള യന്ത്രസാമഗ്രിയോ, നിർമ്മാണ യന്ത്രമോ സ്ഥാപിക്കുന്നതിനുള്ള, അതത് സംഗതിപോലെ, അനുവാദത്തിനോ, ലൈസൻസിനോ ഏതെങ്കിലും ഫീസ് ചുമത്തുവാൻ അധികാരപ്പെടുത്തുന്നതായി കരുതുവാൻ പാടില്ലാത്തതാകുന്നു. |
| 24 | **ലൈസൻസ് ലഭിക്കുന്നയാൾ അനുസരിക്കേണ്ട നിർദ്ദേശങ്ങൾ** |
| | ഏതൊരു ലൈസൻസുകാരനും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതാണ്:- |
| (i) | ലൈസൻസുകാരൻ ഏതൊരു പ്രവൃത്തി ദിവസത്തിന്റെയും ഒടുവിൽ സ്ഥലം വൃത്തിയാക്കേണ്ടതാണ്; |
| (ii) | സ്ഥലത്തിന്റെയോ, പുരയിടത്തിന്റെയോ ഏതെങ്കിലും ഭാഗത്ത് വീഴുകയോ നിക്ഷേപിക്കപ്പെടുകയോ ചെയ്യുന്ന ചപ്പുചവറോ, മൃഗങ്ങളുടെ അവശിഷ്ടങ്ങളോ മറ്റ് പദാർത്ഥമോ ശേഖരിച്ച് സെക്രട്ടറിക്ക് തൃപ്തികരമായ രീതിയിൽ നീക്കം ചെയ്യിക്കേണ്ടതാണ്; |
| (iii) | ലൈസൻസുകാരൻ ഏതൊരു കെട്ടിടത്തിന്റെയും ഉൾഭാഗത്തെ ചുമരുകളുടെ എല്ലാ ഭാഗവും തറയും സ്ഥലത്തിന്റെ നടപ്പാതയും അവിടെ തെറിച്ചുവീഴാനിടയുള്ള ഏതെങ്കിലും ദ്രാവകമോ, മാലിന്യമോ, ചപ്പു ചവറോ, അസഹ്യമോ, ഉപദ്രവകരമായ ഏതെങ്കിലും പദാർത്ഥമോ അവിടെ ലയിക്കുന്നത് തടയത്തക്കവിധം എപ്പോഴും നല്ല രീതിയിൽ പരിപാലിക്കേണ്ടതാണ്. |

| | |
|---|---|
| (iv) | ലൈസൻസുകാരൻ, മേൽപറഞ്ഞ പുരയിടത്തിലോ, അതോടു ചേർന്നോ ഉള്ള ഏതൊരു ഓവുചാലും അഴുക്കുജലം കളയുന്നതിനുള്ള ഉപകരണവും എപ്പോഴും നല്ല രീതിയിലും കേടുപാടു തീർത്തും പരിപാലിക്കേണ്ടതാണ്. |
| (v) | ഏതെങ്കിലും തരത്തിലുള്ള ത്വക്ക് രോഗമോ, കുഷ്ഠ രോഗമോ, വ്രണമോ ഉള്ള ഏതൊരാളും കച്ചവടം നടത്തുന്നതിന് ഉപയോഗിക്കുന്ന ഏതൊരു പരിസരത്തും ജോലി ചെയ്യുവാൻ പാടില്ലാത്തതാകുന്നു. |
| (vi) | ഏത് സ്ഥലത്തിന്റെ കാര്യത്തിൽ ലൈസൻസ് നൽകിയിരിക്കുന്നുവോ ആ സ്ഥലത്ത് എല്ലാവരും കാണത്തക്കവിധത്തിലുള്ള ഒരു ഭാഗത്ത് **ലൈസൻസുകാരൻ തന്റെ പേരും, ലൈസൻസിന്റെ നമ്പരും, ഉദ്ദേശവും കാണിക്കുന്ന ഒരു അടയാളഫലക വച്ചിരിക്കേണ്ടതാണ്.** |
| 25 | **ലൈസൻസ് റദ്ദാക്കൽ** |
| | • ലൈസൻസിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിച്ചുവെന്ന് പ്രസിഡണ്ടിന് ബോദ്ധ്യം വരികയാണെങ്കിലോ അല്ലെങ്കിൽ ലൈസൻസുകാരന്റെ മേൽ ഒരു നിയമക്കോടതി 1955-ലെ Protection of Civil Rights ആക്റ്റ് (1955-ലെ 22-ാം കേന്ദ്ര ആക്റ്റ്) പ്രകാരം കുറ്റം സ്ഥാപിക്കുകയും ആ കുറ്റം ചെയ്തിട്ടുള്ളത് ലൈസൻസിലെ ഏതെങ്കിലും കാര്യവുമായി ബന്ധപ്പെട്ടതാണെങ്കിലോ അനുവദിച്ചിട്ടുള്ള ലൈസൻസ് റദ്ദ് ചെയ്യാവുന്നതാണ്. |
| 26 | **ചട്ടങ്ങൾ ലംഘിക്കുന്നതിനുള്ള പിഴ** |
| | • ഈ ചട്ടങ്ങളുടെ ലംഘനത്തിന് 255-ാം വകുപ്പ് പ്രകാരം പഞ്ചായത്ത് പിഴശിക്ഷ ചുമത്തേണ്ടതാണ്. |



## പട്ടിക 1
### ( ചട്ടം 3 കാണുക)

| ക്രമ നം. | സ്ഥാപനങ്ങളുടെ തരം | വിശദാംശം |
|---|---|---|
| 1 | എയറേറ്റഡ് വാട്ടർ, ശീതളപാനീയങ്ങൾ | നിർമ്മാണം, സംഭരണം, വിൽപന. |
| 2 | കൈത നാരും നൂലും | കൈകൊണ്ടോ, അല്ലാതെയോ സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, വൃത്തിയാക്കുകയോ, തയ്യാറാക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 3 | വെടിക്കോപ്പ് ഉൽപ്പന്നങ്ങൾ | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, വൃത്തിയാക്കുകയോ, തയ്യാറാക്കുകയോ, നിർമ്മിക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 4 | അടയ്ക്ക കുതിർക്കൽ | സംഭരണം, മറ്റുൽപ്പന്നങ്ങൾ ഉണ്ടാക്കൽ, വിൽപന. |
| 5 | ധാന്യമാവ് കൊണ്ടുണ്ടാക്കിയ സാധനങ്ങൾ | (ഗൃഹോപയോഗത്തിനല്ലാതെ) മനുഷ്യോപയോഗത്തിനുവേണ്ടി ചുട്ടെടുക്കുകയോ, തയ്യാറാക്കുകയോ, സൂക്ഷിച്ച വയ്ക്കുകയോ, സംഭരിച്ച വയ്ക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 6 | ചാരം | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, വൃത്തിയാക്കുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, ഒന്നായി കൂട്ടി വയ്ക്കുകയോ, വേർതിരിക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 7 | മുള | വിൽപനയ്ക്കോ, വാടകയ്ക്ക് കൊടുക്കാനോ, നിർമ്മാണത്തിനോ ആയി ശേഖരിച്ച് വെയ്ക്കൽ, ഉൽപന്നങ്ങൾ ഉണ്ടാക്കൽ, വിൽക്കൽ. |
| 8 | ബിസ്കറ്റുകൾ | ഗൃഹോപയോഗത്തിനല്ലാതെ മനുഷ്യോപയോഗത്തിനു വേണ്ടി ചുട്ടെടുക്കുകയോ, തയ്യാറാക്കുകയോ, സൂക്ഷിച്ച് സംഭരിച്ച് വയ്ക്കുകയോ, വിൽക്കുകയോ ചെയ്യൽ. |

| | | |
|---|---|---|
| 9 | രക്തം | സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, വൃത്തിയാക്കുകയോ, തയ്യാറാക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 10 | എല്ല് | ഏത് മാർഗ്ഗമെങ്കിലും ഉപയോഗിച്ച് സംഭരിച്ച് വയ്ക്കുകയോ പായ്ക്ക് ചെയ്യുകയോ, വൃത്തിയാക്കുകയോ, തയ്യാറാക്കു കയോ, വിൽക്കുകയോ ചെയ്യൽ. |
| 11 | റൊട്ടി (ഗൃഹോപയോഗ ത്തിനല്ലാതെ) | മനുഷ്യോപയോഗത്തിനു വേണ്ടി ചുടുകയോ, തയ്യാറാക്കുകയോ സൂക്ഷിച്ചു വെയ്ക്കുകയോ, സംഭരിച്ച് വയ്ക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 12 | ഇഷ്ടിക | നിർമ്മാണം, വിൽപന. |
| 13 | കർപ്പൂരം | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് പായ്ക്ക് ചെയ്യുകയോ, വൃത്തിയാക്കുകയോ, തയ്യാറാക്കുകയോ, നിർമ്മിക്കുകയോ അഥവാ തിളപ്പിക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 14 | മെഴുകുതിരി | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് പായ്ക്ക് ചെയ്യുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 15 | പരവതാനി | നിർമ്മാണം, വിൽപന. |
| 16 | കശുവണ്ടിയും അതിന്റെ പരിപ്പും | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 17 | സംഗീതോപകരണ ങ്ങൾ | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് പായ്ക്ക് ചെയ്യുകയോ, തയ്യാറാക്കുകയോ, സംഭരിച്ച് വെയ്ക്കുകയോ, നിർമ്മിക്കു കയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 18 | സിമന്റ് | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് പായ്ക്ക് ചെയ്യുകയോ തയ്യാറാക്കുകയോ നിർമ്മിക്കുകയോ മറ്റുൽപ്പന്നങ്ങൾ ഉണ്ടാക്കുകയോ വിൽക്കുകയോ ചെയ്യൽ. |

| | | |
|---|---|---|
| 19 | കരി | ഒന്നായി കൊണ്ടു പോയിടുകയോ, വേർതിരിക്കുകയോ, വിലക്കുകയോ, സംഭരിച്ച് വയ്ക്കുകയോ ചെയ്യൽ. |
| 20 | രാസപദാർത്ഥങ്ങൾ | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് സംഭരിച്ച് വയ്ക്കുകയോ, പാഠ്ക്ക് ചെയ്യുകയോ, സംസ്കരിക്കുകയോ, തയ്യാറാക്കുകയോ, നിർമ്മിക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 21 | ആയുർവേദ മരുന്നു കൾ, ഹോമിയോ മരുന്നുകൾ | നിർമ്മാണം, വില്പന. |
| 22 | മുളക് | യന്ത്രമുപയോഗിച്ച് പൊടിക്കൽ. |
| 23 | മുളക് (ഉണങ്ങിയത്) | വിൽക്കുകയോ, മൊത്തക്കച്ചവടത്തിനു വേണ്ടി സംഭരിച്ച് വയ്ക്കുകയോ ചെയ്യൽ. |
| 24 | ക്ളോറേറ്റ് മിശ്രിതം | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് സംഭരിച്ച് വയ്ക്കുകയോ, പാഠ്ക്ക് ചെയ്യുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ വിൽക്കുകയോ, ചെയ്യൽ. |
| 25 | തുണി | ചായം മുക്കൽ, നിർമ്മാണം, മറ്റുൽപ്പന്നങ്ങൾ ഉണ്ടാക്കൽ, വിൽപന. |
| 26 | കൽക്കരി | ഒന്നായി കൊണ്ടുപോയിടുകയോ, വേർതിരിക്കുകയോ വിൽക്കുകയോ, സംഭരിച്ച് വയ്ക്കുകയോ ചെയ്യൽ. |
| 27 | ചകിരി നാര് | സംഭരിച്ച് വയ്ക്കുകയോ, പാഠ്ക്ക് ചെയ്യുകയോ, വൃത്തിയാക്കുകയോ, തയ്യാറാക്കുകയോ ഉണ്ടാക്കുകയോ, ഉല്പന്നങ്ങൾ ഉണ്ടാക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 28 | തേങ്ങയുടെ തൊണ്ടും തെങ്ങിന്റെ ഓലയും | കുതിർക്കൽ, വിൽപന. |
| 29 | ചിരട്ട | സംഭരിച്ച് വയ്ക്കൽ, ഉല്പന്നങ്ങളുണ്ടാക്കൽ, വിൽപന. |
| 30 | കാപ്പിക്കടയും ചായക്കടയും | നടത്തൽ |

| | | |
|---|---|---|
| 31 | കയർ | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, മറ്റുൽപ്പന്നങ്ങൾ ഉണ്ടാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 32 | തീ പിടിക്കുന്ന സാധനങ്ങൾ | മൊത്ത വ്യാപാരത്തിനും ചില്ലറ വ്യാപാരത്തിനും വേണ്ടി സംഭരിച്ച് വെയ്ക്കൽ, മറ്റുൽപ്പന്നങ്ങൾ ഉണ്ടാക്കൽ, വിൽക്കൽ. |
| 33 | ഭക്ഷ്യ വസ്തുക്കൾ (ഗൃഹോപയോഗ ത്തിനല്ലാതെ) | മനുഷ്യോപയോഗത്തിനു വേണ്ടി ചുട്ടെടുക്കുകയോ, തയ്യാറാക്കുകയോ സൂക്ഷിച്ച് വയ്ക്കുകയോ, സംഭരിച്ച് വയ്ക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 34 | കറിക്കൂട്ട് | ഉണ്ടാക്കൽ, വില്പന നടത്തൽ. |
| 35 | മധുരപലഹാരം (ഗൃഹോപയോഗ ത്തിനല്ലാതെ) | ചുട്ടെടുക്കുകയോ, തയ്യാറാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 36 | കൊപ്ര | തയ്യാറാക്കുകയോ. സംഭരിച്ച് വയ്ക്കുകയോ. മറ്റുൽപ്പന്നങ്ങൾ ഉണ്ടാക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 37 | പഞ്ഞി (പഞ്ഞിച്ചവറും പരുത്തിക്കുരുവും) | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, അമർത്തിക്കെട്ടുകയോ, വൃത്തിയാക്കുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ വിൽപന നടത്തുകയോ ചെയ്യൽ. |
| 38 | ചാണക വരളി | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, വൃത്തിയാക്കുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, മറ്റുൽപ്പന്നങ്ങൾ ഉണ്ടാക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 39 | ചായങ്ങൾ | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് പായ്ക്ക് ചെയ്യുകയോ, വൃത്തിയാക്കുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 40 | സ്ഫോടക വസ്തുക്കൾ | സംഭരിച്ച് വയ്ക്കൽ, നാരിന്റെ വില്പന നടത്തൽ (ചകിരി നാര് ഒഴികെയുള്ളവ) - സംഭരിച്ചു വയ്ക്കുകയോ, ഉണ്ടാക്കുകയോ, മറ്റുൽപ്പന്നങ്ങൾ ഉണ്ടാക്കുകയോ, വിൽക്കുകയോ ചെയ്യൽ. |

| | | |
|---|---|---|
| 41 | കൊഴപ്പ് | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, വൃത്തിയാക്കുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 42 | മീൻ ചിറകുകൾ | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, വൃത്തിയാക്കുകയോ, തയ്യാറാക്കുകയോ, മറ്റുൽപ്പന്നങ്ങളുണ്ടാക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 43 | വിറക് | വിൽക്കുകയോ, സംഭരിച്ച് വയ്ക്കുകയോ ചെയ്യൽ. |
| 44 | കരിമരുന്നുകൾ | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, വൃത്തിയാക്കുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 45 | മത്സ്യം | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, വൃത്തിയാക്കുകയോ, തയ്യാറാക്കുകയോ, മറ്റുല്പന്നങ്ങൾ ഉണ്ടാക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 46 | മീനെണ്ണ | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, വൃത്തിയാക്കുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, മറ്റ് ഉൽപ്പന്നങ്ങൾ ഉണ്ടാക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 47 | ചണം | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, അമർത്തി കെട്ടുകയോ, വൃത്തിയാക്കുകയോ, ഉണ്ടാക്കുകയോ, മറ്റ് ഉൽപ്പന്നങ്ങൾ ഉണ്ടാക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 48 | ഫ്ലെഷിംഗ് | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, ശുചിയാക്കുകയോ, ഉണ്ടാക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 49 | ധാന്യമാവ് | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് പായ്ക്ക് ചെയ്യുകയോ, ശുദ്ധിയാക്കുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, മറ്റുല്പന്നങ്ങൾ ഉണ്ടാക്കുകയോ, വിലക്കുകയോ ചെയ്യൽ. |

| | | |
|---|---|---|
| 50 | രസമിശ്രം | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, ശുദ്ധിയാക്കുകയോ, തയ്യാറാക്കുകയോ, മറ്റുല്പന്നങ്ങൾ ഉണ്ടാക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 51 | ഇന്ധനം | സംഭരിക്കൽ, ഏതെങ്കിലും വ്യാവസായികാവശ്യത്തിന് ഉപയോഗിക്കൽ, വിൽപന നടത്തൽ, മറ്റുല്പന്നങ്ങളുണ്ടാക്കി വിൽക്കൽ. |
| 52 | ഫർണീച്ചർ | വിൽപനക്കായോ വാടകയ്ക്ക് കൊടുക്കാൻ വേണ്ടിയോ ഉണ്ടാക്കുകയും സംഭരിച്ച് വയ്ക്കുകയും ചെയ്യൽ, കെട്ടിട നിർമ്മാണ സാമഗ്രികൾ ഉണ്ടാക്കൽ, ശേഖരിക്കൽ, വിൽക്കൽ. |
| 53 | വാതകം | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, ശുദ്ധിയാക്കുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 54 | നെയ്യ് | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, ശുദ്ധിയാക്കുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 55 | സ്വർണ്ണം | ശുദ്ധീകരിക്കൽ, ആഭരണങ്ങളുണ്ടാക്കൽ, വിൽക്കൽ. |
| 56 | ധാന്യം | മൊത്തമായോ ചില്ലറയായോ വിൽക്കുകയോ കച്ചവടത്തിനു വേണ്ടി സംഭരിച്ച് വയ്ക്കുകയോ ചെയ്യൽ. |
| 57 | പയറുവർഗ്ഗം | യന്ത്രം ഉപയോഗിച്ച തോടുകളയൽ, വിൽപന. |
| 58 | നിലക്കടല | വിൽക്കുകയോ കച്ചവടത്തിനു വേണ്ടി സംഭരിച്ച് വയ്ക്കുകയോ ചെയ്യൽ. |
| 59 | ഗിൽഡിംഗ്, ഇലക്ട്രോപ്ലേറ്റിംഗ്. | - |
| 60 | വെടിപ്പുരുത്തി | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, അമർത്തുകയോ, ശുദ്ധിയാക്കുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |

| | | |
|---|---|---|
| 61 | ചാക്ക് | ഏതെങ്കിലും മാർഗ്ഗം ഉപയോഗിച്ച് സംഭരിച്ച് വയ്ക്കുകയോ പായ്ക്ക് ചെയ്യുകയോ ഉണ്ടാക്കുകയോ വിൽപന നടത്തുകയോ ചെയ്യൽ. |
| 62 | വെടിമരുന്ന് | ഏത് മാർഗ്ഗമെങ്കിലും ഉപയോഗിച്ച സംഭരിച്ച് വയ്ക്കുകയോ പായ്ക്ക് ചെയ്യുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 63 | രോമം | സംഭരിച്ച് വയ്ക്കുകയോ, വില്പന നടത്തുകയോ, മറ്റ് ഉൽപന്നങ്ങളുണ്ടാക്കുകയോ ചെയ്യൽ. |
| 64 | കേശാലങ്കാര സലൂണുകൾ | ക്ഷൗരം ചെയ്യുന്നതിനോ, മുടി വെട്ടുന്നതിനോ, ഉള്ള സലൂൺ, ബ്യൂട്ടി പാർലർ എന്നിവ നടത്തൽ. |
| 65 | വയ്ക്കോൽ | സംഭരിച്ച് വയ്ക്കുകയോ, വിൽക്കുകയോ, മറ്റ് ഉൽപന്നങ്ങൾ നിർമ്മിക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 66 | ചണം | സംഭരിച്ച് വയ്ക്കുകയോ, ഉപയോഗിക്കുകയോ, നിർമ്മിക്കുകയോ, മറ്റ് ഉൽപന്നങ്ങൾ ഉണ്ടാക്കുകയോ ചെയ്യൽ. |
| 67 | മൃഗതോൽ | സംഭരിച്ച് വയ്ക്കുകയോ, വൃത്തിയാക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 68 | കുളമ്പ് | സംഭരിച്ച് വയ്ക്കുകയോ, വൃത്തിയാക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 69 | കൊമ്പ് | സംഭരിച്ച് വയ്ക്കുകയോ, വൃത്തിയാക്കുകയോ ചെയ്യൽ. |
| 70 | ഹോട്ടൽ, റസ്റ്റാറന്റ്, കാറ്ററിംഗ് സർവീസ് | നടത്തൽ. |
| 71 | ഐസ് | നിർമ്മാണവും വില്പനയും. |
| 72 | ചക്കര | സംഭരിച്ച് വയ്ക്കുകയോ, തയ്യാറാക്കുകയോ, മറ്റുല്പന്നങ്ങൾ ഉണ്ടാക്കി വിൽപന നടത്തുകയോ ചെയ്യൽ. |

| | | |
|---|---|---|
| 73 | ചണം | സംഭരിച്ച് വയ്ക്കുകയോ, ഉണ്ടാക്കുകയോ, മറ്റുല്പന്നങ്ങൾ ഉണ്ടാക്കി വിൽക്കുകയോ ചെയ്യൽ. |
| 74 | കാക്കി | തയ്യാറാക്കൽ, വിൽപന നടത്തൽ. |
| 75 | അരക്ക് | സംഭരിച്ച് വയ്ക്കുകയോ, ശുദ്ധിയാക്കുകയോ, മറ്റുല്പന്നങ്ങൾ ഉണ്ടാക്കി വിൽപന നടത്തുകയോ ചെയ്യൽ. |
| 76 | ഈയം | ഉരുക്കുകയോ, സംഭരിച്ച് വയ്ക്കുകയോ, പാത്രങ്ങൾ ഈയം പൂശുകയോ ചെയ്യൽ. |
| 77 | തുകൽ | സംഭരിച്ച് വയ്ക്കുകയോ, വൃത്തിയാക്കുകയോ, മറ്റുല്പന്നങ്ങൾ ഉണ്ടാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 78 | പുൽത്തൈലം | ഉണ്ടാക്കുകയോ, സംഭരിച്ച് വയ്ക്കുകയോ, വിൽപന നടത്തുകയോ ചെയ്യുക. |
| 79 | ചുണ്ണാമ്പ് | സംഭരിച്ച് വയ്ക്കുകയോ, മറ്റുല്പന്നങ്ങൾ ഉണ്ടാക്കുകയോ, വിൽക്കുകയോ ചെയ്യുക. |
| 80 | കക്ക | സംഭരിച്ച് വയ്ക്കുകയോ, തയ്യാറാക്കുകയോ, മറ്റുല്പന്നങ്ങൾ ഉണ്ടാക്കി വിൽക്കുകയോ ചെയ്യുക. |
| 81 | വളം, കീടനാശിനികൾ | സംഭരിക്കുക, നിർമ്മിക്കുക, പാക്ക് ചെയ്യുക. വിൽപന നടത്തുക. |
| 82 | യന്ത്രസാമഗ്രികൾ | വ്യവസായ ആവശ്യങ്ങൾക്കുള്ള യന്ത്രങ്ങൾ സംഭരിക്കുക, നിർമ്മിക്കുക, വിൽക്കുക (പ്രാദേശിക സാമഗ്രികൾ ഒഴികെ). |
| 83 | ഉപദ്രവകരമായതോ, അസഹ്യമോ ആയ ഗന്ധമോ, പുകയോ, പൊടിയോ, ശബ്ദമോ ഉണ്ടാക്കുന്ന സാധനങ്ങൾ | നിർമ്മാണം, വിൽന. |

| | | |
|---|---|---|
| 84 | തീപ്പെട്ടി | സംഭരിച്ച് വയ്ക്കുകയോ, നിർമ്മിക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 85 | മാംസം | സംഭരിച്ച് വയ്ക്കുകയോ, തയ്യാറാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 86 | ലോഹങ്ങൾ(സ്വർണ്ണം, വെള്ളി ഉൾപ്പെടെ) | അടിച്ച് പരത്തുകയോ, മുറിക്കുകയോ, വാർക്കുകയോ ആകൃതിപ്പെടുത്തുകയോ, വിൽന നടത്തുകയോ ചെയ്യൽ. |
| 87 | മൊളാസസ് | സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, ശുദ്ധിയാക്കുകയോ, തയ്യാറാക്കുകയോ, മറ്റുല്പന്നങ്ങൾ ഉണ്ടാക്കി വിൽന നടത്തുകയോ ചെയ്യൽ. |
| 88 | നൈട്രോ കോംപൗണ്ട് | സംഭരിച്ച് വയ്ക്കുകയോ, ശുദ്ധിയാക്കുകയോ, തയ്യാറാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 89 | നൈട്രോഗ്ലിസറിൻ | സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, തയ്യാറാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 90 | നൈട്രോ മിക്സ്ച്ചർ | സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, തയ്യാറാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 91 | കപ്പ | സംഭരിച്ച് വയ്ക്കുകയോ, മറ്റുല്പന്നങ്ങൾ തയ്യാറാക്കൽ, വിൽപന നടത്തൽ. |
| 92 | എണ്ണ | സംഭരിച്ച് വയ്ക്കുകയോ, തയ്യാറാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 93 | നെല്ല് | യന്ത്രം ഉപയോഗിച്ച് പുഴുങ്ങുകയോ, കുത്തുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 94 | കടലാസ് | സംഭരിച്ച് വയ്ക്കുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 95 | പെട്രോളിയം കോമ്പൗണ്ടുകൾ | സംഭരിച്ച് വയ്ക്കുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 96 | കീൽ | സംഭരിച്ച് വയ്ക്കുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ വിൽപന നടത്തുകയോ ചെയ്യൽ. |
| 97 | മൺപാത്രങ്ങൾ | സംഭരിച്ചു വയ്ക്കുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |

| | | |
|---|---|---|
| 98 | റേഡിയോ, ടെലിവിഷൻ | നിർമ്മിക്കുകയോ, കൂട്ടിച്ചേർക്കുകയോ, അറ്റകുറ്റപ്പണികൾ ചെയ്യുകയോ, വില്പന നടത്തുകയോ ചെയ്യൽ. |
| 99 | മരപ്പശ | സംഭരിച്ച് വയ്ക്കുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 100 | ഗ്രാനൈറ്റ്, കടപ്പാക്കല്ല്, മൊസൈക്ക്, മാർബിൾ | മുറിക്കുകയോ, സംഭരിച്ച വയ്ക്കുകയോ, മിനുസപ്പെടുത്തുകയോ, തയ്യാറാക്കുകയോ, കൊത്തുപണി ചെയ്യുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 101 | ചവ്വരി | ഉണ്ടാക്കുകയോ, പാറ്റി എടുക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 102 | ചവിട്ടി | സംഭരിച്ച് വയ്ക്കുകയോ, ഉണ്ടാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 103 | വെടിയുപ്പ് | സംഭരിച്ച് വയ്ക്കുകയോ, പാക്ക് ചെയ്യുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 104 | സീകായ് | യന്ത്രം കൊണ്ടു പൊടിക്കൽ, വിൽപന. |
| 105 | കോലരക്ക് | സംഭരിച്ച് വയ്ക്കുകയോ ശുദ്ധിയാക്കുകയോ തയ്യാറാക്കുകയോ ഉണ്ടാക്കുകയോ വില്പന നടത്തുകയോ ചെയ്യൽ. |
| 106 | പട്ട് | സംഭരിച്ച് വയ്ക്കുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 107 | തൊലി | സംഭരിച്ച് വയ്ക്കുകയോ, വൃത്തിയാക്കുകയോ, സംസ്കരിക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 108 | സോപ്പ് | സംഭരിച്ച് വയ്ക്കുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 109 | സ്പിരിട്ട് | സംഭരിച്ച് വയ്ക്കുകയോ, ശുദ്ധിയാക്കുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 110 | വൈക്കോൽ | വിൽക്കുകയോ, സംഭരിച്ച് വയ്ക്കുകയോ, മറ്റുല്പന്നങ്ങൾ ഉണ്ടാക്കി വിൽക്കുകയോ ചെയ്യൽ. |

| | | |
|---|---|---|
| 111 | പഞ്ചസാര | സംഭരിച്ച് വയ്ക്കുകയോ, ശുദ്ധിയാക്കുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, മറ്റുല്പന്നങ്ങൾ ഉണ്ടാക്കി വിൽപന നടത്തുകയോ ചെയ്യൽ. |
| 112 | കൽക്കണ്ടം | സംഭരിച്ച് വയ്ക്കുകയോ, തയ്യാറാക്കുകയോ, മറ്റുല്പന്നങ്ങൾ ഉണ്ടാക്കി മാറ്റുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 113 | ഗന്ധകം | സംഭരിച്ച് വയ്ക്കുകയോ, സംസ്കരിക്കുകയോ, വൃത്തിയാക്കുകയോ, തയ്യാറാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 114 | സുർക്കി | സംഭരിച്ച് വയ്ക്കുകയോ, സംസ്കരിക്കുകയോ, വൃത്തിയാക്കുകയോ, തയ്യാറാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 115 | മധുര പദാർത്ഥങ്ങൾ | ചുട്ടെടുക്കുകയോ, തയ്യാറാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 116 | കൊഴുപ്പ് | സംഭരിച്ച് വയ്ക്കുകയോ, തയ്യാറാക്കുകയോ, ഉണ്ടാക്കുകയോ, ഉരുക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 117 | ടാർ | സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, ശുദ്ധിയാക്കുകയോ, തയ്യാറാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 118 | കെട്ടിമേയുന്നതിനുള്ള സാധനങ്ങൾ | സംഭരിച്ച് വയ്ക്കുകയോ, വിൽക്കുകയോ ചെയ്യൽ. |
| 119 | ഓട് | നിർമ്മാണം, വിൽപന. |
| 120 | തടി | സംഭരിച്ച് വയ്ക്കൽ, വിൽപന. |
| 121 | പുകയില | സംഭരിച്ച വയ്ക്കുകയോ, സംസ്കരിക്കുകയോ, മറ്റുല്പന്നങ്ങൾ ഉണ്ടാക്കി വിൽപന നടത്തുകയോ ചെയ്യൽ. |

| | | |
|---|---|---|
| 122 | ടർപ്പെന്റൈൻ, മണ്ണെണ്ണ, പെയിന്റ്, വാർണിഷ് മുതലായവ | സംഭരിച്ച് വയ്ക്കുകയോ, തയ്യാറാക്കുകയോ, നിർമ്മിക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 123 | ലാൺട്രി | മുഷിഞ്ഞ വസ്ത്രങ്ങൾ അലക്കുകയും അലക്കുന്നതിന് വേണ്ടി മുഷിഞ്ഞ വസ്ത്രങ്ങൾ സംഭരിക്കുകയോ, വൃത്തിയാക്കുകയോ, സൂക്ഷിക്കുകയോ ചെയ്യൽ.. |
| 124 | മൃഗങ്ങളുടെ രോമം | സംഭരിച്ച് വയ്ക്കുകയോ, വൃത്തിയാക്കുകയോ, മറ്റുല്പന്നങ്ങൾ ഉണ്ടാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 125 | നൂല് | സംഭരിച്ച് വയ്ക്കുകയോ, പായ്ക്ക് ചെയ്യുകയോ, വൃത്തിയാക്കുകയോ, ചായം ചേർക്കുകയോ, ഉണ്ടാക്കുകയോ, വിൽപന നടത്തുകയോ ചെയ്യൽ. |
| 126 | വീഡിയോ, ആഡിയോ | സംഭരിച്ച് വയ്ക്കൽ, വാടകയ്ക്ക് നൽകൽ, വിൽപന നടത്തൽ, റിപ്പയർ ചെയ്യൽ. |
| 127 | സെറോക്സ് കോപ്പികൾ എടുക്കൽ, ടൈപ്പ്റൈറ്റിംഗ് (ജോബ് വർക്സ്) | നടത്തൽ. |
| 128 | തുന്നൽ കട | നടത്തൽ |
| 129 | പച്ചക്കറി | സംഭരണം, വിൽപന |
| 130 | കോഴി, പന്നി, ആട് | സംഭരണം, വിൽപന |
| 131 | മുട്ട | സംഭരണം, വിൽപന, |
| 132 | പാൽ | പാൽ ഉൽപന്നങ്ങൾ, സംഭരണം, വിൽപന. |
| 133 | സ്വകാര്യ ടെലഫോൺ ബൂത്തുകൾ, ക്വറിയർ സർവ്വീസുകൾ | നടത്തൽ. |

| | | |
|---|---|---|
| 134 | റബ്ബർ, റബ്ബറുല്പന്നങ്ങൾ | നിർമ്മാണം, സംഭരണം, വിൽപന. |
| 135 | സുഗന്ധദ്രവ്യങ്ങൾ | സംഭരണം, വിൽപന. |
| 136 | വൈദ്യുതി ഉല്പന്നങ്ങൾ | സംഭരണം, വിൽപന. |
| 137 | പ്ലാസ്റ്റിക്ക് ഉല്പന്നങ്ങൾ | നിർമ്മാണം, വിൽപന. |
| 138 | പിണ്ണാക്ക്, കാലിത്തീറ്റ, കോഴിത്തീറ്റ | നിർമ്മാണം, വിൽപന. |
| 139 | അബ്കാരി ഷാപ്പുകൾ | സംഭരണവും വിൽപനയും നടത്തൽ.. |
| 140 | അച്ചാറുകൾ | ഉല്പാദനം, വിൽപന. |
| 141 | കമ്പ്യൂട്ടർ ഉല്പന്നങ്ങൾ | സംഭരണം, വിൽപന. |
| 142 | സ്വകാര്യ ആശുപ്രതി | നടത്തിപ്പ്. |
| 143 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ മുതലായവ | നടത്തിപ്പ്. |
| 144 | വാഹനങ്ങൾ (യാന്ത്രികവും അല്ലാത്തതും) | വിൽപന. |
| 145 | വാഹനങ്ങൾ | റിപ്പയർ. |
| 146 | ചെരിപ്പ്, ബാഗ് | വിൽപന, നിർമ്മാണം. |
| 147 | സ്റ്റേഷനറി, ഫാൻസി | കടകളുടെ നടത്തിപ്പ്. |

| | | |
|---|---|---|
| 148 | കരകൗശല വസ്തുക്കൾ | നിർമ്മാണം, വിൽപന. |
| 149 | റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവ | നടത്തിപ്പ്. |
| 150 | മണ്ണെണ്ണ | വിൽപന. |
| 151 | ടെക്സ്റ്റ് ബുക്കുകളും ആനുകാലിക പ്രസിദ്ധീകരണ ങ്ങളും | വിൽപന. |
| 152 | ഫോട്ടോ സ്റ്റുഡിയോ | നടത്തിപ്പ്. |
| 153 | സൈൻ ബോർഡു കൾ | നിർമ്മാണം. |
| 154 | വെള്ളം | സംഭരണം, വിൽപന, |
| 155 | പുഷ്പങ്ങൾ | സംഭരണം, വിൽപന, |
| 156 | ഫലവർഗ്ഗങ്ങൾ | സംഭരണം, വിൽപന. |
| 157 | കുട | സംഭരണം, നിർമ്മാണം, വിൽപന. |
| 158 | പ്രസ് | നടത്തിപ്പ്. |
| 159 | പെയിന്റിംഗ് | നടത്തിപ്പ്. |





## പട്ടിക II (ചട്ടം 7 കാണുക)
## (31-10-2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം പുതുക്കിയത്)
## ലൈസൻസ് ഫീ ഇനത്തിൽ നിശ്ചയിക്കാവുന്ന പരമാവധി ഫീസ്

| ക്രമ നം. | സ്ഥാപനത്തിന്റെ വിഭാഗം | | ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീ (രൂപ) |
|---|---|---|---|
| 1 | **മൈക്രോ എന്റർപ്രൈസസ്** | | 500 |
| | **മേഖല** | **മൂലധന നിക്ഷേപം** Capital Investment | |
| | **ഉൽപാദന മേഖല** (Manufacturing Sector): | 25 ലക്ഷം രൂപയിൽ കൂടാത്തത്. | |
| | **സേവന മേഖല** (Service Sector): | 10 ലക്ഷം രൂപയിൽ കൂടാത്തത്. | |
| 2 | **മിനി എന്റർപ്രൈസസ്** | | 1,000 |
| | **മേഖല** | **മൂലധന നിക്ഷേപം** | |
| | **ഉൽപാദന മേഖല** | 25 ലക്ഷം രൂപയിൽ കൂടുതലും ഒരു കോടി രൂപയിൽ അധികരിക്കാത്തതും. | |
| | **സേവന മേഖല** | 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ അധികരിക്കാത്തതും. | |
| 3 | **സ്മാൾ എന്റർപ്രൈസസ്** | | 5,000 |
| | **മേഖല** | **മൂലധന നിക്ഷേപം** | |
| | **ഉൽപാദന മേഖല** | ഒരു കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ അധികരിക്കാത്തതും. | |
| | **സേവന മേഖല** | 50 ലക്ഷം രൂപയിൽ കൂടുതലും 2 കോടി രൂപയിൽ അധികരിക്കാത്തതും. | |

<table>
<tr><td>4</td><td>മീഡിയം എന്റർപ്രൈസസ്<br><table><tr><th>മേഖല</th><th>മൂലധന നിക്ഷേപം</th></tr><tr><td>ഉൽപാദന മേഖല</td><td>5 കോടി രൂപയിൽ കൂടുതലും 10 കോടി രൂപയിൽ അധികരിക്കാത്തതും.</td></tr><tr><td>സേവന മേഖല</td><td>2 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ അധികരിക്കാത്തതും.</td></tr></table></td><td>10,000</td></tr>
<tr><td>5</td><td>ലാർജ് എന്റർപ്രൈസസ്<br><table><tr><th>മൂലധന</th><th>നിക്ഷേപംമേഖല</th></tr><tr><td>ഉൽപാദന മേഖല</td><td>10 കോടി രൂപയിൽ കൂടുതൽ.</td></tr><tr><td>സേവന മേഖല</td><td>5 കോടി രൂപയിൽ കൂടുതൽ.</td></tr></table></td><td>15,000</td></tr>
</table>

## പട്ടിക III

**(17-ഉം 18-ഉം ചട്ടങ്ങൾ കാണുക)**

| ക്രമ നം. | യന്ത്രത്തിന്റെ കുതിര ശക്തി (വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്നവ) | ചുമത്താവുന്ന പരമാവധി ഫീസ് (രൂപ) |
|---|---|---|
| 1 | സിനിമയുടെ ആവശ്യങ്ങൾക്കുള്ള റെക്ടിഫയർ യന്ത്രങ്ങൾ, കുതിര ശക്തി കണക്കാക്കാതെ | 25 |
| 2 | ഒരു കുതിരശക്തിയിൽ കവിയാത്ത മറ്റ് യന്ത്രങ്ങൾ | 10 |
| 3 | ഒരു കുതിരശക്തിയിൽ കവിയുന്നതും എന്നാൽ അഞ്ച് കുതിരശക്തിയിൽ കവിയാത്തതുമായ മറ്റു യന്ത്രങ്ങൾ | 50 |
| 4 | അഞ്ച് കുതിരശക്തിയിൽ കവിയുന്നതും എന്നാൽ പത്തു കുതിരശക്തിയിൽ കവിയാത്തതുമായ മറ്റു യന്ത്രങ്ങൾ | 100 |
| 5 | പത്ത് കുതിരശക്തിയിൽ കവിയുന്നതും എന്നാൽ ഇരുപത് കുതിരശക്തിയിൽ കവിയാത്തതുമായ മറ്റു യന്ത്രങ്ങൾ | 200 |


| | | |
|---|---|---|
| 6 | ഇരുപതു കുതിരശക്തിയിൽ കവിയുന്നതും എന്നാൽ മുപ്പതു കുതിരശക്തിയിൽ കവിയാത്തതുമായ മറ്റു യന്ത്രങ്ങൾ | 300 |
| 7 | മുപ്പത് കുതിരശക്തിയിൽ കവിയുന്നതും എന്നാൽ നാല്പത് കുതിരശക്തിയിൽ കവിയാത്തതുമായ മറ്റു യന്ത്രങ്ങൾ | 400 |
| 8 | നാല്പത് കുതിരശക്തിയിൽ കവിയുന്നതും എന്നാൽ അൻപത് കുതിര ശക്തിയിൽ കവിയാത്തതുമായ മറ്റു യന്ത്രങ്ങൾ | 500 |
| 9 | അറുപത് കുതിരശക്തിയിൽ കവിയുന്നതും എന്നാൽ നൂറു കുതിരശക്തിയിൽ കവിയാത്തതുമായ മറ്റു യന്ത്രങ്ങൾ | 1000 |
| 10 | നൂറു കുതിരശക്തിയിൽ കവിയുന്നതും എന്നാൽ ഇരുനൂറു കുതിരശക്തി വരെ | 2000 |
| 11 | നൂറ് കുതിരശക്തിക്ക് മുകളിലുള്ള ഓരോ കുതിരശക്തിക്കും 10 രൂപ വീതം ഈടാക്കേണ്ടതാണ്. | |

## പട്ടിക IV

### (20-ഉം 21-ഉം ചട്ടങ്ങൾ കാണുക)

| ക്രമ നം. | യന്ത്രത്തിന്റെ കുതിര ശക്തി (വൈദ്യുതി കൊണ്ടല്ലാതെ പ്രവർത്തിക്കുന്നവ) | ചുമത്താവുന്ന പരമാവധി ഫീസ് (രൂപ) |
|---|---|---|
| 1 | ഗാർഹികാവശ്യങ്ങൾക്കുള്ള യന്ത്രങ്ങൾ | ഇല്ല |
| 2 | ഒരു കുതിരശക്തിയിൽ കവിയാത്ത മറ്റ് യന്ത്രങ്ങൾ | 5 |
| 3 | ഒരു കുതിരശക്തിയിൽ കവിയുന്നതും എന്നാൽ അഞ്ച് കുതിരശക്തിയിൽ കവിയാത്തതുമായ മറ്റു യന്ത്രങ്ങൾ | 25 |
| 4 | അഞ്ച് കുതിരശക്തിയിൽ കവിയുന്നതും എന്നാൽ പത്തു കുതിരശക്തിയിൽ കവിയാത്തതുമായ മറ്റു യന്ത്രങ്ങൾ | 50 |

| | | |
|---|---|---|
| 5 | പത്ത് കുതിരശക്തിയിൽ കവിയുന്നതും എന്നാൽ ഇരുപത് കുതിരശക്തിയിൽ കവിയാത്തതുമായ മറ്റു യന്ത്രങ്ങൾ | 100 |
| 6 | ഇരുപതു കുതിരശക്തിയിൽ കവിയുന്നതും എന്നാൽ മുപ്പതു കുതിരശക്തിയിൽ കവിയാത്തതുമായ മറ്റു യന്ത്രങ്ങൾ | 150 |
| 7 | മുപ്പത് കുതിരശക്തിയിൽ കവിയുന്നതും എന്നാൽ നാല്പത് കുതിരശക്തിയിൽ കവിയാത്തതുമായ മറ്റു യന്ത്രങ്ങൾ | 200 |
| 8 | നാല്പത് കുതിരശക്തിയിൽ കവിയുന്നതും എന്നാൽ നൂറ് കുതിര ശക്തിയിൽ കവിയാത്തതുമായ മറ്റു യന്ത്രങ്ങൾ | 500 |
| 11 | നൂറ് കുതിരശക്തിക്കു മുകളിലുള്ള ഓരോ കുതിരശക്തിക്കും 5 രൂപ വീതം ഈടാക്കേണ്ടതാണ്. | |



## പട്ടിക V

(12-ാം ചട്ടം (5)-ാം ഉപചട്ടം (എ), (ബി) ഖണ്ഡങ്ങൾ കാണുക)

## ക്ലിയറൻസ് ആവശ്യമായ വ്യവസായങ്ങളുടെ ലിസ്റ്റ്

| ക്രമ നം. | സ്ഥാപനത്തിന്റെ തരം |
|---|---|
| 1 | |
| എ | ബാറ്ററികളുടെ നിർമ്മാണം. |
| ബി | ടയറും റ്റ്യൂബും ഉൾപ്പെടെയുള്ള സൈക്കിളിന്റെ വിവിധ ഭാഗങ്ങളുടെ നിർമ്മാണം. |
| സി | വൈദ്യുതി വിളക്കുകളും ട്യൂബ് ലൈറ്റുകളും മെർക്കുറി ബൾബുകളും റിഫ്ളക്ടറുകളും ഷെയിഡുകളും പോലുള്ള അനുബന്ധ ലോഹവസ്തുക്കളുടെ നിർമ്മാണം. |
| ഡി | കട്ടിംഗ് ഓയിലും ഹീറ്റ് ട്രീറ്റമെന്റും ഇലക്ട്രോ പ്ലേറ്റിംഗിന് വേണ്ടിയുള്ള ക്രോമിയം പ്ലേറ്റിംഗും ഉൾപ്പെട്ടിട്ടുള്ള ഹാന്റ് ടൂളുകളുടെയും മെഷീനുകളുടെയും വ്യാവസായികവും ശാസ്ത്രീയവുമായ ഉപകരണങ്ങളുടെയും നിർമ്മാണം. |
| ഇ | ഇരുമ്പും ഉരുക്കും പിക്ളിംഗ് നടത്തുന്നതിന്. |
| എഫ് | ആസിഡ് ട്രീറ്റമെന്റ്, ഇലക്ട്രോപ്ലേറ്റിംഗ്, സോൾവെന്റ് ട്രീറ്റമെന്റ് എന്നിവ ഉൾപ്പെട്ടിട്ടുള്ള പ്രിന്റഡ് സർക്യൂട്ടുകളും വാൽവുകളും പോലുള്ള ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് പാർട്ടുകളുടെ നിർമ്മാണം. |
| ജി | ഇലക്ട്രോപ്ലേറ്റിംഗും വിവിധ ഭാഗങ്ങളുടെ ഹീറ്റ് ടീറ്റമെന്റും ലെറ്റർ ടൈപ്പുകളുടെ നിർമ്മാണവും ഉൾപ്പെട്ടിട്ടുള്ള ടെലിഫോൺ, ടെലിഗ്രാം, ടെലിപ്രിന്റർ മുതലായവ. |
| എച്ച് | പ്ലേറ്റിംഗ് ഉൾപ്പെട്ടിട്ടുള്ള ടൈംപീസുകൾ, വാച്ചുകൾ, സ്വയം പ്രകാശിത ഡയലുകൾ, മറ്റ് ഭാഗങ്ങൾ എന്നിവയുടെ നിർമ്മാണം. |
| 2 | രാസവസ്തുക്കളും രാസവളങ്ങളും. |
| 3 | ചായം മുക്കുന്നതിനുള്ള വസ്തുക്കൾ. |

| | |
|---|---|
| 4 | ഭക്ഷ്യോൽപ്പന്നങ്ങൾ. |
| 5 | തോൽ ഊറയ്ക്കിടൽ. |
| 6 | എഞ്ചിൻ ഓയിലും കട്ടിംഗ് ഓയിലും ട്രാൻസ്ഫോമർ ഓയിലും പോലുള്ള മിനറൽ ഓയിലിന്റെ സംസ്കരണവും റികണ്ടീഷൻ ചെയ്യലും. |
| 7 | പെയിന്റുകളും വാർണീഷുകളും. |
| 8 | വർണ്ണക്കടലാസ് ഉൾപ്പെടെയുള്ള വിവിധയിനം കടലാസുകളുടെ നിർമ്മാണം. |
| 9 | ഔഷധ വസ്തുക്കൾ. |
| 10 | ഇന്റേണൽ കമ്പസ്റ്റിൻ എഞ്ചിനുകൾ, ഡീസൽ എഞ്ചിനുകൾ, റേഡിയേറ്റർ. |
| 11 | ടെക്സ്റ്റയിൽ പ്രിന്റിംഗ്, ചായം മുക്കൽ, മെർക്കുറൈസ് ചെയ്യൽ, ബ്ലീച്ചിംഗ് മുതലായവ. |

- ജലത്തിന്റെയും അമ്ലങ്ങളുടെയും ക്ഷാരങ്ങളുടെയും രാസവസ്തുക്കളുടെയും ഹീറ്റ് ട്രീറ്റ്മെന്റിന്റെയും ഉപയോഗം അന്തർഭവിച്ചിട്ടുള്ളതായ ഈ വിഭാഗത്തിൻകീഴിലുള്ള വസ്തുക്കളുടെ നിർമ്മാണഫലമായി ബഹിർഗമിക്കുന്ന ഖര, ദ്രാവക, വാതക മാലിന്യങ്ങൾ പുറത്ത് വിടുന്നതു മൂലമുണ്ടാകുന്ന മലിനീകരണ പ്രശ്നങ്ങളുടെ സംഗതിയിൽ ആരോഗ്യ വകുപ്പിന് റഫർ ചെയ്യേണ്ടതാകുന്നു.

## പട്ടിക VI

**(12-ാം ചട്ടം (5)-ാം ഉപചട്ടം ഖണ്ഡം (ഡി) കാണുക**

**അഗ്നിശമന സേനാ വകുപ്പിൽ നിന്നും ക്ലിയറൻസ് ആവശ്യമായിട്ടുള്ള വ്യവസായങ്ങൾ**

| ക്രമ നം. | വ്യവസായം |
|---|---|
| 1 | സ്ഫോടക വസ്തുക്കൾ |
| 2 | കരിമരുന്നുകൾ |
| 3 | വെടിയുപ്പ് |
| 4 | സ്പിരിറ്റ് അടങ്ങിയ ഉല്പന്നങ്ങൾ |
| 5 | ഗന്ധകം |
| 6 | ഓട് ഫാക്ടറികൾ |
| 7 | എൽ.പി.ജി ഉപയോഗിക്കുന്ന വ്യവസായങ്ങൾ |
| 8 | ഓല മേഞ്ഞ ഷെഡ്ഡുകളോടുകൂടിയ ഫാക്ടറി കെട്ടിടങ്ങൾ |
| 9 | തീപ്പെട്ടി |
| 10 | അമ്ലങ്ങളുടെ നിർമ്മാണം |

## അപേക്ഷാ ഫോറം - ഫോറം നം. I

- ചട്ടം 5 എ യിൽ ചട്ടങ്ങളിലെ ഫോറം നം. I ൽ ലൈസൻസിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അത്തരത്തിൽ ഒരു ഫോറം ചട്ടങ്ങളോടൊപ്പം ചേർത്തതായി കാണുന്നില്ല.



# III
# ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്
# (Ease of Doing Buisiness (eODB))

## എ. ആമുഖം

വിവിധ രാജ്യങ്ങളിലെ ബിസിനസ് നിയന്ത്രണങ്ങളെ അടിസ്ഥാനമാക്കി ലോക ബാങ്ക് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധപ്പെടുത്തിയ സൂചികയാണ് (Index) **eODB**. ഒരു രാജ്യത്ത് ബിസിനസ് നടത്തുന്നതിനുള്ള നടപടിക്രമങ്ങളെ നിർവ്വചിക്കുന്ന വിവിധ ഘടകങ്ങളുടെ ആകെത്തുകയായി **eODB** എന്നതിനെ കണക്കാക്കാവുന്നതാണ്. 190 രാജ്യങ്ങളിലേയും തെരഞ്ഞെടുക്കപ്പെട്ട സിറ്റികളിലേയും ബിസിനസ് നിയന്ത്രണങ്ങളുടേയും നടത്തിപ്പിന്റേയും അളവുകോൽ ആണ് 2002 ൽ നിലവിൽ വന്ന ഈ ഉദ്യമം. ഒരു ബിസിനസ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ, നിർമ്മാണ അനുമതി ലഭിക്കൽ, വൈദ്യുതി ലഭ്യമാക്കൽ, വസ്തു രജിസ്റ്റർ ചെയ്യൽ, വായ്പ ലഭ്യമാക്കൽ, നിക്ഷേപകരുടെ സംരക്ഷണം, നികുതി അടവാക്കൽ, വ്യാപാരം നടത്തൽ, കരാർ നടപ്പാക്കൽ, പ്രശ്ന പരിഹാരം മുതലായ ഘടകങ്ങളുടെ സൂചകമായാണ് **eODB** യെ കണക്കാക്കുന്നത്. ലോക ബാങ്കിന്റെ 2019 ലെ കണക്കനുസരിച്ച് 190 രാജ്യങ്ങളിൽ ഇന്ത്യയുടെ Doing Business Index റാങ്ക് 77 ആണ്.

രാജ്യത്തെ വിവിധ മേഖലകളുടെ വികസനത്തിനും നിക്ഷേപങ്ങൾ ഉദ്ദീപിപ്പിക്കുന്നതിനും വേണ്ടിയുള്ള തന്ത്രങ്ങൾ രൂപപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ **Department of Industrial Policy and Promotion (DIPP)**, നിലവിലുള്ള ചട്ടങ്ങൾ ലഘൂകരിക്കുവാനും ഭരണ നിർവ്വഹണം കാര്യക്ഷമവും ഫലപ്രദവും ലളിതവും ഉപഭോക്തൃ സൗഹൃദവുമാക്കുവാൻ ഇൻഫൊർമേഷൻ ടെക്നോളജിയുടെ സാദ്ധ്യത പ്രയോജനപ്പെടുത്തുവാനും തീരുമാനമെടുക്കുകയുണ്ടായി.

**eODB** അടിസ്ഥാനമാക്കി 2017-18 വർഷത്തിൽ സംസ്ഥാനങ്ങൾക്ക് DIPP നൽകിയ റാങ്ക് അനുസരിച്ച് കേരളത്തിന്റെ സ്ഥാനം 21 ആണ്.

**ബി. ഈസ് ഓഫ് ഡൂയിംഗ് ബിസിനസും കേരളവും**

ബിസിനസ് നടത്തിപ്പിൽ ഉയർന്ന റാങ്ക് ഉള്ള മറ്റ് സംസ്ഥാനങ്ങൾക്കൊപ്പം കേരളത്തെ എത്തിക്കുന്നതിനായി പോരായ്മകൾ നിലനിൽക്കുന്ന മേഖലകൾ തിരിച്ചറിഞ്ഞ് ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുവാൻ കേരള സർക്കാറും തീരുമാനമെടുത്തിട്ടുണ്ട്. ബിസിനസ് ആരംഭിക്കുന്നതിനുള്ള സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി മാറ്റങ്ങൾ ആവശ്യമായ പ്രധാന മേഖലകൾ രജിസ്ട്രേഷൻ, റവന്യൂ, മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, സർവേ ആൻറ് ലാൻറ് റെക്കോർഡ്സ് എന്നിവയാണെന്ന് സർക്കാർ തിരിച്ചറിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ **eODB** കാര്യക്ഷമമാക്കുന്നതിനായി മറ്റ് സംസ്ഥാനങ്ങളിലെ നല്ല രീതികൾ സ്വീകരിക്കുവാനും തീരുമാനമെടുത്തിട്ടുണ്ട്.

കേരള സർക്കാരിന്റെ **eODB** ഉദ്യമത്തിന്റെ നോഡൽ ഏജൻസിയായ KSIDC (Kerala State Industrial Development Corporation), സംസ്ഥാനത്തെ നിലവിലുള്ള ക്ലിയറൻസ് നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട് വിവിധ നിയമങ്ങളിലും ചട്ടങ്ങളിലും മാനദണ്ഡങ്ങളിലും വരുത്തേണ്ട ഭേദഗതികളെക്കുറിച്ച് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഏഴ് നിയമങ്ങളിലെ പ്രസക്തമായ വകുപ്പുകളിൽ ഭേദഗതി തയ്യാറാക്കുകയും അതാത് വകുപ്പുകൾ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നിയമ ഭേദഗതികൾ മന്ത്രിസഭ അംഗീകരിക്കുകയും 20-10-2017 ന് ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന്, **2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ് (2018 ലെ ആക്റ്റ് 13), 2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും(നം.2) ആക്റ്റ് (2018 ലെ ആക്റ്റ് 14)** എന്നീ രണ്ട് നിയമങ്ങൾ നിലവിൽ വന്നിട്ടുണ്ട്.

## സി. ഏകജാലക സംവിധാനം (Single Window System)

വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനും സംരംഭങ്ങളുടെ വികസനത്തിനും വൈവിദ്ധ്യവത്കരണത്തിനും ആധുനികവൽക്കരണത്തിനും വേണ്ടിയുള്ള രേഖകൾ പുതുക്കുന്നതിനും ആവശ്യമായ അനുമതികൾ വേഗത്തിൽ ലഭ്യമാക്കുന്നതിനുമായി കേരള സർക്കാർ വിവിധ തലങ്ങളിൽ ഏകജാലക സംവിധാനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. **1999-ലെ കേരളാ ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്റ്റ്** പ്രകാരം ഇക്കാര്യങ്ങൾ നിയമപരമായ ബാദ്ധ്യതയായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും(നം. 2) ആക്റ്റിലെ വകുപ്പ് 4 പ്രകാരം **1999-ലെ കേരളാ ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്റ്റിലെ** വിവിധ വകുപ്പുകളിൽ **മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.** പ്രധാന നിയമവ്യവസ്ഥകൾ താഴെ ചേർക്കുന്നു.

## ഡി. വിവിധ തലങ്ങളിലുള്ള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡുകൾ

വിവിധ തലങ്ങളിൽ രൂപീകരിക്കേണ്ട സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡുകളുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| **കേരള സംസ്ഥാന സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്** | • പതിനഞ്ച് കോടി രൂപയിൽ അധികം മൂലധന നിക്ഷേപമുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ലൈസൻസുകൾ, ക്ലിയറൻസുകൾ, സാക്ഷ്യപത്രങ്ങൾ മുതലായവ വേഗത്തിൽ അനുവദിക്കു ന്നതിനായി സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സർക്കാരിന് ബോർഡ് രൂപീകരിക്കാവുന്നതാണ്.<br>• സംസ്ഥാനതല സമിതിയുടെ കൺവീനറായി പ്രവർത്തിക്കേണ്ടത് KSIDC ആണ്. |

| | |
|---|---|
| | • വിവിധ വകുപ്പുകളിലെ സെക്രട്ടറിമാർ, വകുപ്പ് ഡയറക്ടർ മാർ, വിവിധ സ്ഥാപനങ്ങളിലെ മേലധികാരികൾ എന്നിവർ സമിതിയിലെ അംഗങ്ങളായിരിക്കുന്നതാണ്. |
| **ജില്ലാ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്** | • മൂലധനനിക്ഷേപം 15 കോടി രൂപ വരെയുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പുതുക്കുന്നതിനും ആവശ്യ മായ ലൈസൻസുകൾ, ക്ലിയറൻസുകൾ, സാക്ഷ്യപത്രങ്ങൾ മുതലായവ വേഗത്തിൽ അനുവദിക്കുന്നതിനായി സർക്കാരിന് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് രൂപീകരിക്കാവുന്ന താണ്.<br>• ജില്ലാ കളക്ടർ സമിതിയുടെ ചെയർമാനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായിരിക്കു ന്നതാണ്. |
| **ഇൻഡസ്ട്രിയൽ ഏരിയ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്** | • വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള വ്യാവസായിക മേഖലക ളിൽ വ്യവസായ സംരംഭങ്ങളോ ചെറുകിട വ്യവസായ സംരംഭ ങ്ങളോ ആരംഭിക്കുന്നതിനും പുതുക്കുന്നതിനും ആവശ്യമായ ലൈസൻസുകൾ, ക്ലിയറൻസുകൾ, സാക്ഷ്യപത്രങ്ങൾ മുതലായവ വേഗത്തിൽ അനുവദിക്കുന്നതിനായി സർക്കാരിന് ഇൻഡസ്ട്രി യൽ ഏരിയ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് രൂപീകരിക്കാവുന്നതാണ്.<br>• ജില്ലാ കളക്ടർ, സമിതിയുടെ ചെയർമാനും ഇൻഡസ്ട്രിയൽ ഏരിയയിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ കൺവീനറും ആയിരിക്കുന്നതാണ്.<br>• സ്വകാര്യ പാർക്കുകളുടെ കാര്യത്തിൽ ജില്ലാ വ്യവസായ കേന്ദ്രം (ഡി.ഐ.സി) ജനറൽ മാനേജർ കൺവീനർ ആയിരിക്കുന്നതാണ്. |

## ഇ. മറ്റ് പ്രധാന വ്യവസ്ഥകൾ

- വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ ലൈസൻസുകൾ, ക്ലിയറൻസുകൾ സാക്ഷ്യപത്രങ്ങൾ എന്നിവ ലഭിക്കുന്നതിനുള്ള അപേക്ഷ അതാത് സമിതികളുടെ കൺവീനർമാർക്ക് നൽകേണ്ടതാണ്.
- അപേക്ഷ പരിശോധിച്ച് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് മുപ്പത് ദിവസത്തിനകം തീരുമാനമെടുക്കേണ്ടതും ലൈസൻസോ, അനുമതിയോ നൽകാവുന്നതാണെന്ന് ബന്ധപ്പെട്ട വകുപ്പിന് ശുപാർശ നൽകേണ്ടതുമാണ്.
- നിർമ്മാണമോ, സ്ഥാപിക്കലോ ആക്ഷേപകരമാണെന്ന് ബോധ്യപ്പെട്ടാൽ ക്ലിയറൻസ് നിഷേധിക്കാവുന്നതാണ്. തീരുമാനങ്ങൾ അപേക്ഷകനെ ബോർഡിന്റെ കൺവീനർ അറിയിക്കേണ്ടതാണ്.
- അപേക്ഷയിന്മേൽ 30 ദിവസത്തിനകം ബോർഡ് തീരുമാനം അറിയിച്ചില്ലെങ്കിൽ ആയത് അനുവദിച്ചതായി കരുതപ്പെടുന്നതാണ്.
- സംസ്ഥാന/ജില്ല/ഇൻഡസ്ട്രിയൽ ഏരിയ ക്ലിയറൻസ് ബോർഡിൽ നിന്നുള്ള ശുപാർശ സ്ഥാപനത്തിന്റെ അധികാരിക്ക് ലഭ്യപ്പെട്ടാൽ, ശുപാർശ ലഭ്യമായി പത്ത് ദിവസത്തിനകം ബോർഡിന്റെ ശുപാർശയ്ക്ക് അനുസൃതമായി ക്ലിയറൻസുകളോ, ലൈസൻസുകളോ, സാക്ഷ്യപത്രങ്ങളോ അനുവദിക്കേണ്ട താണ്.
- സമയപരിധിക്കകം ക്ലിയറൻസുകളോ, ലൈസൻസുകളോ, സാക്ഷ്യപത്രങ്ങളോ നൽകിയില്ലെങ്കിൽ ആയത് നൽകിയതായി കരുതപ്പെടുന്നതാണ്.
- **ബോർഡുകളുടെ സർവ്വാധികാരം:** ബന്ധപ്പെട്ട വകുപ്പുകളുടെ ശുപാർശ സഹിതം ചട്ടങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം ബോർഡിന് ഒരു സംയോജിത അപേക്ഷ (Composite Application) ലഭിച്ചാൽ സംസ്ഥാനത്ത് ഒരു സംരംഭം സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള ഒരു **സംയോജിത ലൈസൻസ് (Composite Licence)** അനുവദിക്കാവുന്നതാണ്.

- **ബന്ധപ്പെട്ട മറ്റ് അധികാരികളുടെ സമ്മതത്തോടെ അത്തരത്തിൽ അപേക്ഷകന് നൽകുന്ന സംയോജിത ലൈസൻസിന് 5 വർഷം വരെ സാധുതയുണ്ടായിരിക്കുന്നതാണ്.**

- ബോർഡിലെ അധികാരികൾക്ക് സ്ഥാപനങ്ങളിൽ പരിശോധന നടത്താവുന്നതാണ്.
- അപാകതകൾ കണ്ടെത്തിയാൽ സംയോജിത ലൈസൻസ് റദ്ദാക്കാവുന്നതും പിഴ ചുമത്താവുന്നതുമാണ്.
    - അപേക്ഷയും നിശ്ചിത ഫീസും ലഭ്യമായാൽ 7 ദിവസത്തിനകം സംയോജിത ലൈസൻസ് ഒരു തവണ 5 വർഷത്തേക്ക് പുതുക്കി നൽകേണ്ടതാണ്.
- ജില്ലാ ബോർഡിന്റേയും, ഇൻഡസ്ട്രിയൽ ബോർഡിന്റേയും തീരുമാനത്തിനെതിരെ സംസ്ഥാന ബോർഡിലേക്ക് അപ്പീൽ നൽകാവുന്നതാണ്.
- അന്തിമ അപ്പീൽ അധികാരി സർക്കാർ ആയിരിക്കുന്നതാണ്.
- സർക്കാരിന്, വിവിധ തലങ്ങളിലുള്ള ബോർഡുകൾക്ക് കാലാകാലങ്ങളിൽ ആവശ്യമായ നിർദ്ദേശം നൽകാവുന്നതും ആയത് ബോർഡുകൾ അനുസരിക്കേണ്ടതുമാണ്.
- സംസ്ഥാന ബോർഡിന് സർക്കാർ അനുമതിയോടെ ബൈലോ രൂപീകരിക്കാവുന്നതാണ്.
- ബോർഡുകൾക്ക് സർക്കാർ അനുമതിയോടെ ഉപഭോക്താക്കളിൽ നിന്നും ഈടാക്കേണ്ട ഫീസ് നിശ്ചയിച്ച് ഈടാക്കാവുന്നതാണ്.
- സർക്കാരിന് ചട്ടങ്ങൾ രൂപീകരിക്കാവുന്നതാണ്.

## എഫ്. KSWIFT (Kerala Single Window Interface for Fast & Transparent Clearance) പോർട്ടൽ

1999 ലെ കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ആക്റ്റ് പ്രകാരം ഒരു സംരംഭം ആരംഭിക്കുന്നതിനായി വിവിധ വകുപ്പുകളിൽ/ഏജൻസികളിൽ നിന്നുള്ള ക്ലിയറൻസ് വേഗത്തിലാക്കുവാൻ വേണ്ടിയുള്ള ഓൺലൈൻ സമ്പ്രദായമാണ്

KSWIFT. സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും, ഇൻഡസ്ട്രിയൽ പാർക്ക് തലത്തിലും **സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡുകൾ** നിലവിലുണ്ട്. നിക്ഷേപകരുടെ സംശയങ്ങളും പരാതികളും പരിഹരിക്കുന്നതിനായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും **ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫസിലിറ്റേഷൻ സെല്ലുകളും** രൂപീകരിച്ചിട്ടുണ്ട്.

eODB കാര്യക്ഷമമാക്കുന്നതിനായി 5-1-2019 ന് KSWIFT പോർട്ടലിന്റെ പൈലറ്റ് പുറത്തിറക്കിയിട്ടുണ്ട്. സംസ്ഥാനത്ത് സംരംഭങ്ങൾ ആരംഭിക്കുന്ന തിനുള്ള ഒറ്റത്തവണ സംവിധാനമായി ഈ പോർട്ടൽ പ്രവർത്തിക്കുന്നതാണ്. നിക്ഷേപകർക്ക് 14 സർക്കാർ വകുപ്പുകളിലേക്ക്/ഏജൻസികളിലേക്ക് ഈ പോർട്ടലിലൂടെ ഏത് സമയത്തും അപേക്ഷിക്കാവുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അനുമതി ലഭിക്കുന്നതിനുള്ള ഒരു പൊതു അപേക്ഷാ ഫോറവും ഒറ്റത്തവണയായി ഓൺലൈൻ ആയി തുക ഒടുക്കുന്നതിനുമുള്ള സംവിധാനം പോർട്ടലിൽ ഒരുക്കിയിട്ടുണ്ട്. സുതാര്യമായ ഫാസ്റ്റ് ട്രാക്ക് ഓൺലൈൻ സിംഗിൾ വിൻഡോ ക്ലിയറൻസ് സിസ്റ്റമായ KSWIFT നടപ്പാക്കി പ്രൊജക്റ്റുകളുടെ കാലയളവിൽ നടപടിക്രമങ്ങളുടെ കാലതാമസം ഒഴിവാക്കി നല്ല അന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്.

### ജി. KSWIFT മായി ബന്ധിപ്പിച്ചിട്ടുള്ള വിവിധ വകുപ്പുകൾ

| | |
|---|---|
| 1 | ഫയർ ആൻറ് റെസ്ക്യൂ |
| 2 | ഫാക്ടറീസ് ആൻറ് ബോയ്ലേഴ്സ് |
| 3 | തൊഴിൽ |
| 4 | പഞ്ചായത്ത് |
| 5 | മുനിസിപ്പാലിറ്റി |
| 6 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് |
| 7 | കേരള സംസ്ഥാന വൈദ്യുതി ബോർഡ് |
| 8 | കേരള വാട്ടർ അതോറിറ്റി |
| 9 | ഗ്രൗണ്ട് വാട്ടർ |
| 10 | Stateme Environment Impact Assessment Authority (SEIAA)/ Coastal Zone Management Authority(CZMA) |

| | |
|---|---|
| 11 | പൊല്യൂഷൻ കൺട്രോൾ ബോർഡ് |
| 12 | ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് |
| 13 | മൈനിംഗ് ആന്റ് ജിയോളജി |
| 14 | ഫോറസ്റ്റ് ആന്റ് വൈൽഡ് ലൈഫ് |

## എച്ച്. കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള പുതിയ ഓൺലൈൻ സോഫ്റ്റ്‌വെയർ– ഐ.ബി.പി.എം.എസ്

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള **Intelligent Building Plan Management System (IBPMS)** സംസ്ഥാനത്ത് ഘട്ടം ഘട്ടമായി നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യ ഘട്ടമായി വിവിധ കോർപ്പറേഷനുകളിലാണ് നിലവിലുള്ള സങ്കേതം സോഫ്റ്റ്‌വെയറിനു പകരമായി **IBPMS** ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. ആദ്യമായി തിരുവനന്തപുരം കോർപ്പറേഷനിലാണ് **IBPMS** നടപ്പാക്കിയത്.

## ഐ. EODB യുടെ ഭാഗമായി ഭേദഗതി വരുത്തിയ നിയമങ്ങൾ (2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ടുകൾ പ്രകാരം)

| | |
|---|---|
| **എ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ നിയമങ്ങൾ** | |
| 1 | കേരള പഞ്ചായത്ത് രാജ് ആക്ട്, 1994 |
| 2 | കേരള മുനിസിപ്പാലിറ്റി ആക്ട്, 1994 |
| **ബി. മറ്റ് സ്ഥാപനങ്ങൾക്ക് ബാധകമായ നിയമങ്ങൾ** | |
| 3 | കേരള ലിഫ്റ്റ്സ് ആൻഡ് എസ്കലേറ്റേഴ്സ് ആക്ട്, 2013 |
| 4 | കേരള ഗ്രൗണ്ട് വാട്ടർ (കൺട്രോൾ ആൻഡ് റെഗുലേഷൻ) ആക്ട്, 2002 |
| 5 | കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട്, 1978 |
| 6 | കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1960 |
| 7 | കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട്, 1999 |

## ജെ. EODB യുടെ ഭാഗമായി ഭേദഗതി വരുത്തിയ ചട്ടങ്ങൾ

| | |
|---|---|
| **എ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ ചട്ടങ്ങൾ** | |
| 1 | കേരള പഞ്ചായത്ത് രാജ്(ഇഷ്യൂ ഓഫ് ലൈസെൻസ് ടു ഡെയ്ഞ്ചറസ് ആന്റ്ഡ് ഒഫൻസീവ് ട്രേഡ്സ് ആൻഡ് ഫാക്ടറീസ്) റൂൾസ്, 1996 |
| 2 | കേരള പഞ്ചായത്ത് രാജ്(പ്രൊഫഷൻ ടാക്സ്) റൂൾസ് – 1996 |
| 3 | കേരള പഞ്ചായത്ത് രാജ് ബിൽഡിംഗ് റൂൾസ്, 2011 |
| 4 | കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ്, 999 |
| 5 | കേരള മുനിസിപ്പാലിറ്റി(രജിസ്ട്രേഷൻ ഓഫ് പ്രൈവറ്റ് ഹോസ്പിറ്റൽസ് ആന്റ് പ്രൈവറ്റ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ്) റൂൾസ്, 1997 |
| **ബി. തൊഴിൽ വകുപ്പിന് ബാധകമായ ചട്ടങ്ങൾ** | |
| 6 | കേരള ഫാക്ടറീസ് റൂൾസ്, 1957 |
| 7 | കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് റൂൾസ്, 1962 |
| 8 | കേരള കോൺട്രാക്ട് ലേബർ(റഗുലേഷൻ ആന്റ് അബോളിഷൻ) റൂൾസ്, 1974 |
| 9 | ബിൽഡിംഗ് ആന്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ്(റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടിഷൻ ഓഫ് സർവ്വീസ്)കേരള റൂൾസ്, 1998 |
| 10 | കേരള ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ്(റഗുലേഷൻ ഓഫ് എംപ്ലോയ്മെൻറ് ആൻഡ് കണ്ടിഷൻ ഓഫ് സർവ്വീസസ്) റൂൾസ്, 1983 |

## കെ. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി പുറപ്പെടുവിച്ച പ്രധാന ഉത്തരവുകൾ

| ക്രമ നം. | ഉത്തരവ് നം., തിയതി, വിശദാംശം |
|---|---|
| 1 | **സ.ഉ(ആർ.ടി)നം.3358/2017/തസ്വഭവ തിയതി 23-10-2017** |
| | eODB-കെട്ടിട നിർമ്മാണ/വികസന പെർമിറ്റിനും ഒക്യുപൻസിക്കുമുള്ള അപേക്ഷകൾ ലഭ്യമായി 48 മണിക്കൂറിനകം ഓൺലൈൻ ഇൻസ്പെക്ഷൻ റിപ്പോർട്ട് സമർപ്പിക്കുന്നുണ്ടെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്. |

<table>
<tr><td rowspan="2">2</td><td>സ.ഉ(ആർ.ടി)നം.3359/2017/തസ്വഭവ തിയതി 23-10-2017</td></tr>
<tr><td>eODB-അംഗീകൃത സ്ട്രക്ച്ചറൽ എഞ്ചിനിയറും ആർക്കിടെക്റ്റും നിർമ്മാണ ഘട്ടത്തിലും പൂർത്തീകരണ ഘട്ടത്തിലും തയ്യാറാക്കുന്ന സ്ട്രക്ച്ചറൽ ഡിസൈൻ, ആർക്കിടെക്ച്ചറൽ ഡ്രോയിംഗുകൾ എന്നിവയ്ക്ക് എല്ലാ നഗരപ്രദേശങ്ങളിലും വ്യവസായിക മേഖലകളിലും തേർഡ് പാർട്ടി സർട്ടിഫിക്കറ്റിനെ അടിസ്ഥാനമാക്കി അംഗീകാരം നൽകാവുന്നതാണ്.</td></tr>
<tr><td rowspan="2">3</td><td>സ.ഉ(ആർ.ടി)നം.3360/2017/തസ്വഭവ തിയതി 23-10-2017</td></tr>
<tr><td>eODB-ബിസിനസ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമം വേഗത്തിലാക്കൽ - സംയുക്ത സൈറ്റ് പരിശോധന.<br><br>• നഗര പ്രദേശങ്ങളിലും വ്യാവസായിക പ്രദേശങ്ങളിലും വിവിധ അനുമതികൾ നൽകുന്നതിനായി വകുപ്പുകളുടെ സംയുക്ത പരിശോധന നടത്താവുന്നതാണ്.<br><br><table><tr><td>ഫാക്ടറി ലൈസൻസ് പോലുള്ളവയ്ക്ക്:</td><td>ഫയർ, വൈദ്യുതി, തൊഴിൽ വകുപ്പുകൾ</td></tr><tr><td>നഗര പ്രദേശങ്ങളിലും വ്യാവസായിക മേഖലകളിലും നിർമ്മാണാനുമതിക്ക്:</td><td>വാട്ടർ ഡിപ്പാർട്ട്മെൻറും ഇൻറേണൽ വകുപ്പുകളും</td></tr></table><br>• ഇക്കാര്യത്തിനായി ഒരു പൊതു അപേക്ഷ ഉപയോഗിക്കാവുന്നതാണ്.</td></tr>
<tr><td rowspan="2">4</td><td>സ.ഉ(ആർ.ടി)നം.3361/2017/തസ്വഭവ തിയതി 23-10-2017</td></tr>
<tr><td>eODB-തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ട്രേഡ് ലൈസൻസുകൾ ലഭിക്കുന്നതിനായി സമർപ്പിക്കുന്ന രേഖകളുടെ എണ്ണം ഐ.ഡി പ്രൂഫ്, ലീസ് ഡീഡ്/ലീഗൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് എന്നിവ മാത്രമായി ചുരുക്കേണ്ടതാണ്.</td></tr>
</table>

| | |
|---|---|
| 5 | **സ.ഉ(എം.എസ്)നം.176/2018/തസ്വഭവ തിയതി 27-11-2018**<br>eODB-നിർമ്മാണ പ്രവൃത്തികൾക്കും തുടർനടപടികൾക്കുമുള്ള അനുമതി-സമയ പരിധി 45 ദിവസം<br>1. കെട്ടിട പ്ലാൻ അംഗീകാരം -30 ദിവസത്തിനകം<br>2. പ്ലിന്ത് പരിശോധന -അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം<br>3. ഒക്യുപൻസി സർട്ടിഫിക്കറ്റ് - 8 ദിവസത്തിനകം<br>(ഏഴ് ദിവസം പരിശോധനയ്ക്കും ഒരു ദിവസം സർട്ടിഫിക്കറ്റ് നൽകുവാനും) |
| 6 | **മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർക്കുലർ നം. പി.സി.ബി/ടി4/115/97 തിയതി 01-03-2017**<br>• eODB-ഗ്രീൻ, ഓറഞ്ച്, റെഡ് വിഭാഗത്തിൽപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ/ആരോഗ്യ സ്ഥാപനങ്ങൾ, ഹോട്ടലുകൾ എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അനുമതി നൽകുന്നതിനുള്ള അധികാരം താഴെ തട്ടിലേക്ക് കൈമാറി.<br>• **ചെറുകിട, ഇടത്തരം വിഭാഗത്തിൽപ്പെട്ട ഗ്രീൻ കാറ്റഗറി വ്യവസായങ്ങളുടെ പ്രവർത്തനാനുമതിക്ക് സ്വയം സാക്ഷ്യപത്രം ഏർപ്പെടുത്തി.** |
| 7 | **വൈദ്യുതി ബോർഡിന്റെ ഉത്തരവ് നം. No.3199/2016 (D(D&S)/ D6-AE3/Ease of Doing Business/2016) Dated 11-11-2016**<br>EODB-സർവ്വീസ് കണക്ഷനുകൾ ലഭിക്കുവാൻ രണ്ട് രേഖകൾ മാത്രമാക്കി പരിമിതപ്പെടുത്തി.<br>1. ഐ.ഡി പ്രൂഫ്<br>2. ഉടമസ്ഥാവകാശ രേഖ/ലീഗൽ ഒക്യുപൻസി |

**എൽ. നിയമങ്ങളുടേയും ചട്ടങ്ങളുടേയും ഭേദഗതികളും പ്രധാന മാറ്റങ്ങളും**

- സാധന സാമഗ്രികളുടെ കയറ്റിറക്ക ജോലികൾക്ക് തൊഴിലുടമയ്ക്ക് സ്വന്തം മനുഷ്യവിഭവമോ യന്ത്രസാമഗ്രികളോ ഉണ്ടെങ്കിൽ ചുമട്ടു തൊഴിലാളികളുടെ സേവനം ഒഴിവാക്കി ആയത് പ്രയോജനപ്പെടുത്താവുന്നതാണ്.
- വ്യവസായ മേഖലയ്ക്ക് കൂടുതൽ സൗഹാർദ്ദപരമായ രീതിയിൽ പുതിയ

സംരംഭങ്ങൾ ആരംഭിക്കാനും നടത്തിക്കൊണ്ടു പോകാനും വേണ്ടി 'ഡെയ്ഞ്ചറസ് ആൻഡ് ഒഫൻസീവ് ട്രേഡേഴ്സ് ആൻഡ് ഫാക്ടറീസ് ലൈസൻസ്' എന്ന പേരിൽ മാറ്റം വരുത്തി 'ഫാക്ടറീസ്, ട്രേഡേഴ്സ്, എന്റർപ്രണർ ആക്റ്റിവിറ്റീസ് ആൻഡ് സർവ്വീസസ്' എന്നാക്കി.

- എല്ലാ പ്രവർത്തനങ്ങൾക്കും ജില്ലാ മെഡിക്കൽ ഓഫീസറുടെ(ഡി.എം.ഒ) ക്ലിയറൻസ് വേണമെന്ന നിബന്ധന ഒഴിവാക്കുകയും ആയത് ആശുപത്രികൾ, ക്ലിനിക്കുകൾ, ലബോറട്ടറികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തു.
- ലൈസൻസുകൾ അനുവദിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നതിനുള്ള സമയപരിധി 15 ദിവസമാക്കി.
- നിശ്ചിത തലം വരെയുള്ള അനുമതികൾ നൽകുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, ചീഫ് ടൗൺ പ്ലാനർ, അഗ്നി സുരക്ഷാ വകുപ്പ് എന്നിവിടങ്ങളിൽ നിന്നും ആവശ്യമായ ക്ലിയറൻസ് ലഭിക്കുവാൻ സ്വയം സാക്ഷ്യപത്രം, തേർഡ് പാർട്ടി സാക്ഷ്യപത്രം എന്നിവ ഏർപ്പെടുത്തി.
  - സമർപ്പിക്കപ്പെട്ട വിവരം തെറ്റാണെന്ന് പിന്നീട് കണ്ടെത്തിയാൽ 5 ലക്ഷം വരെ പിഴ ചുമത്താവുന്നതാണ്.
  - എല്ലാ അനുമതികളോടെയും പ്രവർത്തിക്കുന്ന വ്യവസായങ്ങളുടെ അലോസരങ്ങളെക്കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചാൽ സ്റ്റോപ് മെമ്മോ നൽകുന്നതിനുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരത്തിൽ മാറ്റം വരുത്തി.
  - അത്തരത്തിൽ പരാതി ലഭിച്ചാൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും വിദഗ്ധാഭിപ്രായം തേടേണ്ടതും ആയതിനു ശേഷം മാത്രം നടപടി സ്വീകരിക്കേണ്ടതുമാണ്.
  - നിശ്ചിത സമയപരിധിക്കകം സാങ്കേതിക വകുപ്പുകളുടെ തിരുത്തൽ നിബന്ധനകൾ പാലിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയാൽ മാത്രമേ സ്റ്റോപ് മെമ്മോ/നിരോധന നോട്ടീസുകൾ എന്നിവ നൽകേണ്ടതുള്ളൂ.

- ലൈസൻസുകളും പുതുക്കലുകളും 5 വർഷക്കാലയളവിലേക്ക് അനുവദിക്കാവുന്നതാണ്.
- പുതുക്കൽ നടപടികൾ ഓട്ടോമാറ്റിക്ക് ആക്കി. പുതുക്കലിന് പ്രത്യേക അപേക്ഷാ നടപടിക്രമങ്ങൾ ഇല്ല. നിശ്ചിത ഫീസ് അടച്ചാൽ പുതുക്കൽ നടത്തിയതായി കണക്കാക്കുന്നതാണ്.
- ഇരുപത്തി അഞ്ച് തൊഴിലാളികളിൽ താഴെയുള്ള ഫാക്ടറികൾക്ക് ഗ്രീൻ കാറ്റഗറി വ്യവസായത്തിനുവേണ്ടി മലിനീകരണ നിയന്ത്രണ ബോർഡിലും ഫാക്ടറി ലൈസൻസിനായി ഫാക്ടറി ആൻറ് ബോയ്ലേഴ്സ് വകുപ്പിലും സ്വയം സാക്ഷ്യപത്രം ഏർപ്പെടുത്തി.
- അപേക്ഷകരുമായി ഇടപെടുന്നതിനും അനുമതികൾ വേഗത്തിലാക്കുവാനും കേരളാ സംസ്ഥാന സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിനെ മുൻനിർത്തി ഇൻവെസ്റ്റ്മെൻറ് പ്രൊമോഷൻ ആൻറ് ഫസിലിറ്റേഷൻ സെൽ രൂപീകരിച്ചു. ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ചു എത്രയും പെട്ടെന്ന് അനുമതി നൽകുക എന്നതാണ് ഇവരുടെ ഉത്തരവാദിത്വം.
- ഏകജാലക സമിതിക്ക് സംയോജിത ക്ലിയറൻസ് നൽകുന്നതിനുള്ള അധികാരം ഉണ്ടാകുവാൻ അതിനെ എല്ലാ വകുപ്പുകളും/ഏജൻസികളും ആയി ബന്ധിപ്പിക്കുന്നതാണ്.
- വ്യവസ്ഥ ചെയ്തിരിക്കുന്ന 30 ദിവസം എന്ന കാലയളവ് കഴിയുകയാണെങ്കിൽ കല്പിത ലൈസൻസ് നൽകാവുന്നതാണ്.
- ബ്ലോക്കുകൾക്ക് നിശ്ചയിച്ചിട്ടുള്ള ഭൂഗർഭജല പരിധിയിലും കുറഞ്ഞ അളവിൽ ഭൂഗർഭജലം ഉപയോഗിക്കുന്നതിന് സെൽഫ് സർട്ടിഫിക്കേഷൻ പ്രകാരം അനുമതി നൽകാവുന്നതാണ്. എന്തെങ്കിലും തരത്തിലുള്ള തെറ്റായ ബോധിപ്പിക്കലിന് 5 ലക്ഷം രൂപ വരെ പിഴ ഈടാക്കുന്നതാണ്.
- ഭൂഗർഭ ജലം കുഴിച്ചെടുക്കുന്ന ഓരോ വ്യക്തിക്കും ഭൂഗർഭ ജലം കൈകാര്യം ചെയ്യാനും ഉപയോഗിക്കാനും റീസൈക്കിൾ ചെയ്യാനും വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതാണ്.

- ലിഫ്റ്റുകൾക്കും എസ്കലേറ്ററുകൾക്കുമുള്ള ലൈസൻസുകൾ 3 വർഷത്തേക്ക് അനുവദിക്കാവുന്നതാണ്.
- തിരിച്ചറിയൽ കാർഡിന്റെ പതിപ്പ്, ഒക്യുപൻസിയുടെ തെളിവ് എന്നിങ്ങനെ രണ്ടു രേഖകൾ മാത്രമേ വൈദ്യുതി കണക്ഷന് ആവശ്യമുള്ളു.
- കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി കവറേജ് ഏരിയയും ഫ്ലോർ ഏരിയ അനുപാതവും ബന്ധപ്പെട്ട ചട്ടങ്ങളിൽ വർധിപ്പിച്ചു.
- വ്യാവസായിക പ്രവൃത്തികളെ തരംതിരിച്ചിരിക്കുന്നതിൽ 'അപകടകരമായ' എന്ന വിഭാഗം ഫാക്ടറീസ് ആക്ടിലെ നിർവ്വചനവുമായി ബന്ധിപ്പിച്ചിട്ടുണ്ട്. റോഡിന്റെ വീതി, സെറ്റ് ബാക്ക് മുതലായവ ഈ വിഭാഗത്തെ ആശ്രയിച്ചിരിക്കുന്നതാണ്.
- ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള അനുമതി നൽകുന്നതിനായി ചീഫ് ടൌൺ പ്ലാനറെ അപ്പലറ്റ് അധികാരിയാക്കി അധികാരക്കൈമാറ്റം ഉറപ്പാക്കി.
- അഞ്ച് തൊഴിൽ നിയമങ്ങൾക്ക് കീഴിൽ സ്പോട്ട് രജിസ്ട്രേഷൻ ഏർപ്പെടുത്തി.
- പരിശോധന നടത്താനുള്ള ഉത്തരവ് നൽകേണ്ടത് ഒരു യൂണിറ്റിന്റെ അപകട നിർണ്ണയത്തെ അടിസ്ഥാനമാക്കിയായിരിക്കണം. കൂടുതൽ അപകടകരമായത് കൂടുതൽ തവണ നിരീക്ഷണം എന്ന രീതി അവലംബിക്കണം.
- ഡിപാർട്ട്മെന്റുകൾക്ക് സംയുക്ത പരിശോധന നടത്താം എന്ന ആശയം നടപ്പാക്കി.
- സംസ്ഥാനത്ത് വകുപ്പുകളുടെ/ഏജൻസികളുടെ ക്ലിയറൻസ് വേഗത്തിൽ തീർപ്പാക്കാൻ വേണ്ടി കോമൺ അപ്ലിക്കേഷൻ ഫോം (സി.എ.എഫ്) അടങ്ങുന്ന ഓൺലൈൻ സിംഗിൾ വിൻഡോ ക്ലിയറൻസ് മെക്കാനിസം (SWIFT) അവതരിപ്പിക്കപ്പെട്ടു.

# IV
# 2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ട്

# The Kerala Investment Promotion and Facilitation Act, 2018

വിവിധ നിയമങ്ങൾക്ക് കീഴിലുള്ള ലൈസൻസുകൾ, അനുമതികൾ, അംഗീകാരങ്ങൾ, ക്ലിയറൻസുകൾ എന്നിവ അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള കേരള സർക്കാരിന്റെ ഏതാനും നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനായി രൂപീകരിക്കപ്പെട്ട 2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്റ്റ് (രണ്ട് ആക്റ്റുകൾ) 20-10-2017 മുതൽ പ്രാബല്യത്തിൽ വന്നു.

## 1. 2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ട് 2018 ലെ ആക്ട് 13)

## The Kerala Investment Promotion and Facilitation Act, 2018 (Act 13 of 2018)

താഴെ പറയുന്ന നിയമങ്ങളിലെ വിവിധ വകുപ്പുകളിൽ ഉചിതമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

| KIPF ആക്ടി ലെ വകുപ്പ് | ഭേദഗതികൾ വരുത്തിയ നിയമം | ഭേദഗതികൾ വരുത്തിയ വകുപ്പുകൾ |
|---|---|---|
| 2 | കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്റ്റ്, 1960 | 5A |
| 3 | കേരള ഹെഡ്‌ലോഡ് വർക്കേഴ്സ് ആക്റ്റ്, 1978 | 9A |

## 2. 2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (നം.2 ) ആക്റ്റ് (2018 ലെ ആക്റ്റ് 14)

## The Kerala Investment Promotion and Facilitation (No.2) Act, 2018 (Act 14 of 2018)

**2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (നം.2) ആക്റ്റ്** പ്രകാരം താഴെ പറയുന്ന നിയമങ്ങളിലെ വിവിധ വകുപ്പുകളിൽ ഉചിതമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

| KIPF ആക്റ്റിലെ വകുപ്പ് | ഭേദഗതികൾ വരുത്തിയ നിയമം | ഭേദഗതികൾ വരുത്തിയ വകുപ്പുകൾ |
|---|---|---|
| 2 | കേരള പഞ്ചായത്ത് രാജ് നിയമം, 1994 | 232, 233, 233A |
| 3 | കേരള മുനിസിപ്പാലിറ്റി നിയമം, 1994 | 447, 448, 449, 450 |
| 4 | കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ആക്റ്റ്, 1999 | 2, 3, 4, 5, 6, 7, 8, 9, 10, 11, 11A |
| 5 | കേരള ഗ്രൗണ്ട് വാട്ടർ(കൺട്രോൾ ആന്റ് റഗുലേഷൻ)ആക്റ്റ്, 2002 | 10A |
| 6 | കേരള ലിഫ്റ്റ്സ് ആന്റ് എസ്കലേറ്റേഴ്സ് ആക്റ്റ്, 2013 | 5, 5A |

- നിയമഭേദഗതികൾക്കുശേഷം വിവിധ 10 ചട്ടങ്ങളിൽ കൂടി ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ചട്ടങ്ങളുടെ വിവരം ഭാഗം III ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



# V
# ലൈസൻസ് അനുവദിക്കുന്നതിന് ബാധകമായ പ്രധാന നിയമങ്ങളും, ചട്ടങ്ങളും, ഉത്തരവുകളും

ഗ്രാമപഞ്ചായത്തിൽ നിന്നും വ്യവസായങ്ങൾ, ഫാക്ടറികൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവയ്ക്ക് ആവശ്യമായ ലൈസൻസ് (FACTEOS) അനുവദിക്കുമ്പോൾ പ്രധാനമായും പരിഗണിക്കേണ്ടത് 1994 ലെ പഞ്ചായത്ത് രാജ് നിയമത്തിലെ 232, 233, 234 വകുപ്പുകളിലെ നിബന്ധനകളും 1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളുമാണ്. സംരംഭങ്ങളുടെ സ്വഭാവം പരിഗണിച്ച് വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികളും ക്ലിയറൻസുകളും സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന രേഖകളും ഉറപ്പാക്കി മാത്രമേ ലൈസൻസ് അനുവദിക്കുവാൻ സാധിക്കുകയുള്ളു. വിവിധ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളുടെ കാര്യത്തിൽ അത്തരം നിയമങ്ങളും ചട്ടങ്ങളും നോട്ടിഫിക്കേഷനുകളും പരിശോധിക്കേണ്ടതുണ്ട്. ആയതിനാൽ ലൈസൻസ് നൽകുക എന്നത് സങ്കീർണ്ണമായ നടപടിക്രമങ്ങൾ ഉൾപ്പെടുന്ന ഒരു പ്രക്രിയയായി കരുതാവുന്നതാണ്. പ്രസക്തമെന്ന് കരുതുന്ന ഏതാനും നിയമങ്ങളും ചട്ടങ്ങളും ഉത്തരവുകളും താഴെ ചേർക്കുന്നു.

## എ. നിയമവ്യവസ്ഥകളും ചട്ടങ്ങളും ഉത്തരവുകളും

| ക്രമ നം. | നിയമം/ചട്ടങ്ങൾ/ഉത്തരവ്<br>പ്രധാന നിർദ്ദേശങ്ങൾ |
|---|---|
| 1 | **ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങൾ, വർക്ക്ഷോപ്പുകൾ മുതലായവ സ്ഥാപിക്കുന്നതിനു മുമ്പ് വാങ്ങേണ്ട അനുമതികൾ** |
| | • **THE FACTORIES ACT, 1948 (1948 ലെ 63-ാം കേന്ദ്ര ആക്റ്റ്**<br>• ഫാക്ടറികളുടെ തൊഴിൽ നിയന്ത്രണത്തിനുള്ള കേന്ദ്ര നിയമം.<br>**1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 233(4)(എ):**<br>• ഫാക്ടറി നിയമത്തിന്റെ പരിധിയിൽ വരുന്ന ഫാക്ടറികളുടേയും വർക്ക്ഷോപ്പുകളുടേയും ജോലി സ്ഥലങ്ങളുടേയും കാര്യത്തിൽ അനുബന്ധ |

| | |
|---|---|
| | സൗകര്യങ്ങൾ സംബന്ധിച്ച് ഫാക്ടറീസ് ഇൻസ്പെക്ടറുടേയോ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസറിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥന്റേയോ ഒരു റിപ്പോർട്ട് ലൈസൻസ് നൽകുന്നതിന് മുമ്പായി സെക്രട്ടറി ലഭ്യമാക്കേണ്ടതാണ്.<br>**1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 233(4)(സി):**<br>• ഹൈടെൻഷൻ വൈദ്യുതിയുടേയോ പെട്ടെന്ന് പടരാവുന്നതോ പൊട്ടിത്തെറിക്കുന്നതോ ആയവയുടെ ഉപയോഗം ഉൾക്കൊള്ളുന്ന വ്യവസായം ആണെങ്കിൽ ഡിവിഷണൽ ഫയർ ഓഫീസർ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് സെക്രട്ടറി ലഭ്യമാക്കേണ്ടതാണ്.<br>• എക്സ്പ്ലോസീവ് വിഭാഗത്തിൽപ്പെട്ടവയ്ക്ക് ജില്ലാ കളക്ടറുടെ/ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സിന്റെ അനുവാദപത്രം.<br>**1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 233(ബി)(എച്ച്):**<br>• മലിനീകരണം ഉണ്ടാക്കുന്ന എല്ലാ വ്യവസായങ്ങൾക്കും മലിനീകരണ നിയന്ത്രണ ബോർഡോ വ്യവസായ വകുപ്പോ മലിനീകരണം ഉണ്ടാക്കുന്നതല്ലെന്ന് നൽകിയ സാക്ഷ്യപത്രം. |
| | അപ്പീൽ അധികാരി : ഭരണസമിതി<br>റിവിഷൻ: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണൽ |
| | **സ്ഥാപനങ്ങളുടെ ഗ്രേഡ്**<br>• **സ.ഉ(സാധാ)നം.614/2017/തൊഴിൽ തിയതി 6-5-2017** |
| | കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും നിയമം, 1960 (The Kerala Shops and Commercial Establishments Act, 1960), ഫാക്ടറീസ് ആക്ട്, 1948 എന്നിവയ്ക്ക് കീഴിൽ വരുന്ന സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യുന്നതിന് ഏഴ് മാനദണ്ഡങ്ങൾ നിശ്ചയിച്ചു.<br>1. മികച്ച തൊഴിൽ ദാതാവ്<br>2. സംതൃപ്തരായ തൊഴിലാളികൾ |

| | |
|---|---|
| | 3. മികവുറ്റ തൊഴിൽ അന്തരീക്ഷം<br>4. തൊഴിൽ നൈപുണ്യ വികസനത്തിന് സ്ഥാപനത്തിന്റെ പങ്കാളിത്തം<br>5. സ്ത്രീ സൗഹൃദ അന്തരീക്ഷം<br>6. തൊഴിലാളികൾക്ക് നൽകുന്ന സൗകര്യങ്ങൾ<br>7. തൊഴിലിടങ്ങളിലെ സുരക്ഷ |

## 2. വാണിജ്യം, സംരംഭകത്വം, മറ്റ് സേവനങ്ങൾ-ലൈസൻസ് നൽകൽ

| | |
|---|---|
| | • ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ അല്ലെങ്കിൽ കൈവശാവകാശ രേഖ ഹാജരാക്കണം.<br>• 1996 ലെ ചട്ടങ്ങളിലെ പട്ടിക I ലെ സ്ഥാപനങ്ങൾക്ക് പുതുക്കിയ പട്ടിക II പ്രകാരമുള്ള ഫീസും യന്ത്രങ്ങൾക്ക് പട്ടിക III, IV പ്രകാരമുള്ള ഫീസും ഈടാക്കണം. ഫീസ് വൈകി ഒടുക്കിയാൽ 25% പിഴ ബാധകമാണ്. ചട്ടപ്രകാരമുള്ള മറ്റ് പിഴകളും ബാധകം.<br>• ക്രഷറുകളുടേയും മലിനീകരണ സാധ്യതയുള്ള സംരംഭങ്ങൾക്കും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണ്.<br>• അനധികൃത കെട്ടിടങ്ങളിലെ വ്യാപാരങ്ങൾക്ക് (യു.എ നമ്പർ നൽകിയവ) ലൈസൻസ് നൽകാവുന്നതല്ല.<br>• പുകയില ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 400 മീറ്റർ പരിധിക്കുള്ളിൽ അനുമതി നൽകരുത്.<br>• ഉറവിട മാലിന്യ സംസ്കരണം ഉറപ്പാക്കണം.<br>• 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പാലിക്കേണ്ടതാണ്.<br>• ആവശ്യമായ സത്യവാങ്മൂലം ലഭ്യമാക്കാവുന്നതാണ്. |
| | അപ്പീൽ അധികാരി : ഭരണസമിതി<br>റിവിഷൻ: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണൽ |

| | |
|---|---|
| 3 | **ആശുപത്രികൾ, ക്ലിനിക്കുകൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ**<br>• **1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 233(ബി):**<br>• ആശുപത്രികൾ, ക്ലിനിക്കുകൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ മലനീകരണ സാധ്യതയുണ്ടെങ്കിലോ, സ്ഥാപിക്കുന്ന യന്ത്രം 25 എച്ച്.പി യിൽ കൂടുതലാണെങ്കിലോ **ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.** |

| | |
|---|---|
| 4 | **മരാധിഷ്ഠിത വ്യവസായങ്ങൾ-നിയമം, ചട്ടങ്ങൾ, ഉത്തരവ്** |
| | • കേരള ഫോറസ്റ്റ് ആക്റ്റ്, 1961 |
| | • കേരള ഫോറസ്റ്റ്(റഗുലേഷൻ ഓഫ് സോമിൽസ് ആൻറ് അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) ചട്ടങ്ങൾ, 2012<br>(വനം വകുപ്പ് വിജ്ഞാപനം: സ.ഉ(പി)നം.51/2012/വനം, വന്യജീവി തിയതി 19-04-2012)<br>• സോമില്ലുകൾക്ക് വനം വകുപ്പിന്റെ ലൈസൻസ് ഏർപ്പെടുത്തി. |
| | • **കേരള ഫോറസ്റ്റ്(റഗുലേഷൻ ഓഫ് സോമിൽസ് ആൻറ് അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) ഭേദഗതി ചട്ടങ്ങൾ, 2015**<br>(വനം വകുപ്പ് വിജ്ഞാപനം: സ.ഉ(പി)നം.66/2015/വനം, വന്യജീവി തിയതി 09-09-2015)<br>• 2012 ലെ ഏതാനും ചട്ടങ്ങളിൽ ഭേദഗതി വരുത്തി. |
| | • **സ.ഉ(സാധാ)നം.540/2013/തസ്വഭവ തിയതി 02-03-2013**<br>• മരാധിഷ്ഠിത വ്യവസായങ്ങൾക്ക് വനം വകുപ്പിന്റെ ലൈസൻസ് നിഷ്കർഷിച്ചിട്ടുള്ളതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കുന്നതിന് വനം വകുപ്പിന്റെ നിരാക്ഷേപ പത്രം ആവശ്യമാണ് എന്ന വ്യവസ്ഥ ഒഴിവാക്കി.<br>• കേരള ഫോറസ്റ്റ്(റഗുലേഷൻ ഓഫ് സോമിൽസ് ആൻറ് അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) ചട്ടങ്ങൾ, 2012 ലെ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. |

| | |
|---|---|
| 5 | **മിനറൽ വാട്ടർ യൂണിറ്റുകൾ** |
| | **പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ നം.സി4-33671/14 തിയതി 19-12-2014** |
| | • ഗ്രാമപഞ്ചായത്തുകൾ അവയുടെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന മിനറൽ വാട്ടർ യൂണിറ്റുകളെ സംബന്ധിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.<br>• ഉപഭോക്താക്കളെ തെറ്റിദ്ധരിപ്പിക്കുന്ന പേര് മിനറൽ വാട്ടർ പ്ലാന്റുകൾക്ക് ഉപയോഗിക്കുന്നത് തടയേണ്ടതും ലൈസൻസ് നൽകുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതുമാണ്.<br>• ബ്രാൻറ് നെയിം ഏതെങ്കിലും സ്ഥലവുമായി ബന്ധപ്പെട്ടതാണെങ്കിൽ അതേ സ്ഥലത്തെ വെള്ളം തന്നെ ഉപയോഗിച്ചിരിക്കണമെന്ന വ്യവസ്ഥ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.<br>• മിനറൽ വാട്ടർ കുടിക്കുവാൻ യോഗ്യമല്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടാൽ വിൽപ്പന നിരോധിക്കേണ്ടതും പൊതുജനങ്ങളുടെ അറിവിലേക്കായി പരസ്യപ്പെടുത്തേണ്ടതുമാണ്.<br>• **ഭൂഗർഭ ജലം ഉപയോഗിക്കുന്ന കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾക്ക് ലൈസൻസ് നൽകുന്നതിനു മുമ്പ് ഗ്രൗണ്ട് വാട്ടർ വകുപ്പിൽ നിന്നും ശുദ്ധജലമാണെന്ന് ഉറപ്പാക്കുന്ന സർട്ടിഫിക്കറ്റ് ആവശ്യമാണ്.** |

## 6. ക്വാറികൾ - ബാധകമായ നിയമങ്ങളും ചട്ടങ്ങളും

| | |
|---|---|
| | • **പരിസ്ഥിതി(സംരക്ഷണ നിയമം), 1986 – കേന്ദ്ര നിയമം** |
| | • **പരിസ്ഥിതി(സംരക്ഷണ)ചട്ടങ്ങൾ, 1986 – കേന്ദ്ര ചട്ടങ്ങൾ** |
| | • **എസ്.ഒ.1533 തിയതി 14-09-2006 : കേന്ദ്ര പരിസ്ഥിതി, വനം മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷൻ**<br>• എല്ലാ വിധത്തിലുള്ള ധാതു ഘനനത്തിനുമുള്ള പ്രൊജക്ടുകൾക്കും പ്രവൃത്തികൾക്കും കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ മുൻകൂട്ടി യുള്ള പരിസ്ഥിതികാനുമതി ആവശ്യമാണ്. |

| | |
|---|---|
| | • അനുമതി ആവശ്യമായ പ്രൊജക്റ്റുകളുടെ പട്ടിക വിജ്ഞാപനത്തിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| | *** Mines and Minerals (Development and Regulation) Act, 1957**<br>• (G.S.R. 432 dated 29-5-1958): ഖനികളുടെ നിയന്ത്രണത്തിനും ധാതുക്കളുടെ വികസനത്തിനുമായുള്ള കേന്ദ്ര നിയമം. |
| | • **കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ, 2015**<br>• (സ.ഉ(പി)നം.72/2015/ഐ.ഡി തിയതി 07-02-2015 (S.R.O. No. 72/2015))<br>• Mines and Minerals (Development and Regulation) Act, 1957 ലെ വകുപ്പ് 15(1) ലെ അധികാരം ഉപയോഗിച്ചാണ് സംസ്ഥാനത്ത് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.<br>• ക്വാറികൾക്ക് പെർമിറ്റ് നൽകൽ, പെർമിറ്റ് പുതുക്കൽ, സാധാരണ മണ്ണ് ഖനനം ചെയ്യൽ, ക്വാറികൾ ലീസിന് നൽകൽ, റോയൽറ്റി മുതലായവയ്ക്കുള്ള നിബന്ധനകൾ ചട്ടങ്ങളിൽ വിവരിച്ചിട്ടുണ്ട്.<br>• **ക്വാറിയുടെ പെർമിറ്റിനുള്ള അപേക്ഷ:** നിശ്ചിത ഫീസും രേഖകളും സഹിതം മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നൽകേണ്ടതാണ്. |
| | • **കേരള മൈനർ മിനറൽ കൺസഷൻ(ഭേദഗതി)ചട്ടങ്ങൾ, 2017**<br>• (സ.ഉ(പി)നം.25/2017/ ഐ.ഡി തിയതി 22-06-2017 (S.R.O No. 346/2017))<br>• 2015 ലെ ചട്ടങ്ങളിൽ ഏതാനും ഭേദഗതികൾ വരുത്തി.<br>• ക്വാറികൾക്ക് വീടുകൾ, ആരാധനാലയങ്ങൾ, പൊതു കെട്ടിടങ്ങൾ, പൊതുലൈസൻസ് ഉള്ള സ്ഫോടക വിദഗ്ദ്ധന്റെ സേവനം ലഭ്യമാക്കണം.<br>• മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നുള്ള ലൈസൻസ്.<br>• സ്ഥലത്തിന്റെ സ്കെച്ച്, ലോക്കേഷൻ മാപ്പ് റോഡ്, പുഴ, തടാകം, റെയിൽവേ ലൈൻ, പാലം എന്നിവയിൽ നിന്നും 50 മീറ്റർ ദൂരപരിധി നിശ്ചയിച്ചു. |

- **ഡിസ്ട്രിക്റ്റ് മിനറൽ ഫൗണ്ടേഷൻ ചട്ടങ്ങൾ, 2018**
- (സ.ഉ(പി)നം.13/2018/വ്യവ. തിയതി 22-05-2018 (S.R.O No. 326/ 2018))
- Mines and Minerals (Development and Regulation) Act, 1957 ലെ വകുപ്പ് 15(4), 15 എ, 9 ബി എന്നിവയിലെ അധികാരം ഉപയാഗിച്ചാണ് സംസ്ഥാനത്ത് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.
- ജില്ലയിലെ ഖനനാനുബന്ധ പ്രവർത്തനങ്ങൾ മൂലം ബാധിക്കപ്പെടുന്ന ആളുകളുടേയും പ്രദേശങ്ങളുടേയും ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുക എന്നതാണ് ഡിസ്ട്രിക്റ്റ് മിനറൽ ഫൗണ്ടേഷന്റെ ലക്ഷ്യം.
- ഫൗണ്ടേഷന്റെ ഭരണസമിതിയുടെ ചെയർമാൻ ജില്ലാ കളക്ടർ ആയിരിക്കുന്നതാണ്.
- ഖനികളും ക്വാറികളും മുഖേന ബാധിക്കപ്പെട്ട പ്രദേശങ്ങളുടേയും ഗുണഭോക്താക്കളുടേയും ഏറ്റവും പുതിയ പട്ടിക എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തയ്യാറാക്കേണ്ടതും സൂക്ഷിക്കേണ്ടതുമാണ്.
- വർഷം തോറും ഏപ്രിൽ മാസം ഫൗണ്ടേഷന്റെ ഭരണ സമിതി മുമ്പാകെ പട്ടിക സമർപ്പിക്കേണ്ടതാണ്.

- **Explosives Act, 1884 (4 of 1884) – കേന്ദ്ര നിയമം**
- **Explosives Rules, 2008 – കേന്ദ്ര ചട്ടങ്ങൾ**

**ക്വാറികൾക്ക് ലൈസൻസ് നൽകുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പാക്കേണ്ട രേഖകൾ**

**സർക്കുലർ നം.78327/ആർ.സി3/09/തസ്വഭവ തിയതി 15-03-2010**

**ക്വാറികൾക്ക് ലൈസൻസ് അനുവദിക്കുന്നതിനു മുമ്പ് ലഭ്യമാക്കേണ്ട രേഖകൾ:**

- മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി - ജലം, വായു മലിനീകരണ നിയന്ത്രണ നിയമങ്ങളും, ചട്ടങ്ങളും പ്രകാരം.

- റവന്യൂ വകുപ്പിൽ നിന്നുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ് (സ്വകാര്യ ഭൂമിക്ക്)
- റവന്യൂ വകുപ്പിൽ നിന്നുള്ള കേരള ലാന്റ് കൺസർവൻസി ആക്റ്റ്, 1957 പ്രകാരമുള്ള അനുമതി (റവന്യൂ ഭൂമിക്ക്)
- റവന്യൂ വകുപ്പിൽ നിന്നോ/ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സിൽ നിന്നോ എക്സ്പ്ലോസീവ്സ് ചട്ടങ്ങൾ, 2008 പ്രകാരം സ്ഫോടക വസ്തു ഉപയോഗിക്കുന്നതിനുള്ള അനുമതി (ബാധകമെങ്കിൽ)
- ലൈസൻസ് ഉള്ള സ്ഫോടക വിദഗ്ധന്റെ സേവനം ലഭ്യമാക്കണം.
- **മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നുള്ള ലൈസൻസ്.**

### പാരിസ്ഥിതികാനുമതി

**ജി.ഒ(എം.എസ്)നം.2/14/ഇഎൻവിടി തിയതി 21-2-2014**

- അഞ്ച് ഹെക്ടറിൽ താഴെയുള്ള ഭൂമിയിൽ ക്വാറി നടത്തുന്നതിന് സ്റ്റേറ്റ് എൻവിറോൺമെന്റ് ഇംപാക്റ്റ് അസസ്മെൻറ് അതോറിറ്റി (കേരള സെക്രട്ടേറിയേറ്റ്) യിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.
- അഞ്ച് ഹെക്ടറിൽ കൂടുതലുള്ള ഭൂമിയിൽ ക്വാറി നടത്തുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും വാങ്ങണം.

### ക്വാറികളുടെ ദൂരപരിധി

**മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർക്കുലർ നം. പിസിബി/എച്ച്.ഒ/ സർക്കുലർ-01/03/2017/ബി തിയതി 10-10-2017**

- ക്വാറികൾക്ക് വീടുകൾ, ആരാധനാലയങ്ങൾ, പൊതു കെട്ടിടങ്ങൾ, പൊതു റോഡ്, പുഴ, തടാകം, റെയിൽവേ ലൈൻ, പാലം എന്നിവയിൽ നിന്നും 50 മീറ്റർ ദൂരപരിധി നിശ്ചയിച്ച് കൊണ്ടുള്ള കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ, 2015 ലെ ചട്ടം നടപ്പാക്കുവാൻ തീരുമാനിച്ചു.

| | |
|---|---|
| | **കേരള പഞ്ചായത്ത് രാജ് നിയമം, 1994 ലെ വകുപ്പ് 220(ഡി) യിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്** <br> • യാതൊരാളും ഒരു പൊതുവഴിയിലോ പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള തോ അതിന്റെ വകയായിട്ടുള്ളതോ ആയ മറ്റു സ്ഥാവര വസ്തുവിലോ നിന്ന് ഇരുപത് മീറ്ററിനുള്ളിലുള്ള ഏതെങ്കിലും സ്ഥലത്ത് കല്ലുവെട്ടാൻ കുഴി ഉണ്ടാക്കുകയോ കല്ലോ, മണ്ണോ, പാറയോ മറ്റ് സാധനമോ ആ സ്ഥലത്ത് നിന്നും നീക്കം ചെയ്യുവാൻ പാടുള്ളതല്ല. <br> • ക്വാറികൾക്കും, ക്രഷറുകൾക്കും ഈ നിബന്ധന ബാധകമാണ്. |

| | |
|---|---|
| 7 | **മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും സമ്മതപത്രം ആവശ്യമായ പ്രവർത്തനങ്ങൾക്ക് ബാധകമായ പ്രധാന കേന്ദ്ര നിയമങ്ങളും ചട്ടങ്ങളും** <br> • The Water (Prevention and Control of Pollution) Act, 1974 <br> • The Air (Prevention and Control of Pollution) Act, 1981 <br> • The Environment (Protection) Act, 1986 <br> • The Hazardous and Other Wastes (Management and Transboundary Movement) Rules, 2016 <br> • The Biomedical Waste Management Rules, 2016 <br> • The Plastic Waste Management Rules, 2016 <br> • The Solid Waste Management Rules, 2016 |
| | **സ്ഥാപനങ്ങളുടെ തരം തിരിവ്-റെഡ്, ഓറഞ്ച്, ഗ്രീൻ, വൈറ്റ്** <br> **മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർക്കുലർ നം. PCB/T4/115/97(3) dated 31-08-2016** |
| | • സ്ഥാപനങ്ങളെ **റെഡ്, ഓറഞ്ച്, ഗ്രീൻ, വൈറ്റ്** എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. <br> • **വൈറ്റ് കാറ്റഗറി** വിഭാഗത്തിൽപ്പെട്ട സ്ഥാപനങ്ങൾക്ക് 15 വർഷത്തേക്ക് ഒറ്റത്തവണ രജിസ്ട്രേഷൻ മാത്രം ബാധകമാക്കിയിട്ടുണ്ട്. പ്രവർത്തി കുന്നതിനുള്ള അനുമതി ആവശ്യമില്ല. |

## ബി. ലൈസൻസ് അനുവദിക്കുമ്പോൾ പരിഗണിക്കേണ്ട മറ്റ് പ്രധാന വിഷയങ്ങൾ

| | |
|---|---|
| 1 | **ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് നൽകുന്നതിനു മുമ്പ് കുടിശ്ശിക ഇല്ല എന്ന് ഉറപ്പാക്കണം**<br><br>**കേരള പഞ്ചായത്ത് രാജ് നിയമം, 1994 വകുപ്പ് 236(13)**<br>ഗ്രാമപഞ്ചായത്തിന് നൽകേണ്ടതായ ഏതെങ്കിലും നികുതിയോ ഫീസോ മറ്റ് കടങ്ങളോ നൽകാനുള്ള ഏതൊരാൾക്കും ഈ ആക്റ്റിൻ കീഴിലുള്ള ഏതൊരു ലൈസൻസോ അനുവാദമോ നൽകുവാൻ പാടുള്ളതല്ല. |

| | |
|---|---|
| 2 | **ഇംഗ്ലീഷിലും മലയാളത്തിലും സ്ഥലനാമം രേഖപ്പെടുത്തിയ ബോർഡുകൾ പ്രദർശിപ്പിക്കണം**<br>• സ.ഉ(സാധാ)നം.795/07/തസ്വഭവ തിയതി 16-03-2007,<br>• സ.ഉ(സാധാ)നം.2692/07/തസ്വഭവ തിയതി 03-10-2007,<br>• സർക്കുലർ നം.63624/ആർ.സി.3/2008/ത.സ്വ.ഭ.വ തിയതി 30-01-2008<br>• സർക്കുലർ നം. 4658/ആർ.സി.2/2008/ത.സ്വ.ഭ.വ തിയതി 15-06-2009<br>• സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ കേന്ദ്ര-സംസ്ഥാന സർക്കാർ ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആശുപത്രികളിലും കടയുൾപ്പെടെ മറ്റ് സ്ഥാപനങ്ങളിലും ഇംഗ്ലീഷിലും മലയാളത്തിലും സ്ഥലനാമം രേഖപ്പെടുത്തിയ ബോർഡുകൾ കർശനമായും പ്രദർശിപ്പിക്കേണ്ടതാണ്.<br>• ഡി & ഒ ലൈസൻസ് നൽകുമ്പോഴും പുതുക്കുമ്പോഴും ഇക്കാര്യം ഉറപ്പാക്കണം. |

| 3 | **ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സ്ഥല പരിശോധന**<br><br>**സർക്കുലർ നം.66562//RC3/12/LSGD തിയതി 10-01-2013**<br><br>• ലൈസൻസ് പുതുക്കുന്നതിനുള്ള എല്ലാ അപേക്ഷകളിന്മേലും ഹെൽത്ത് ഇൻസ്പെക്ടർമാർ സ്ഥല പരിശോധന നടത്തുന്നുണ്ടെന്നും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്. |
|---|---|

**4. പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം-50 മൈക്രോണിൽ കുറയരുത്**

**സർക്കുലർ നം.576/ഡി.സി.1/16/ തിയതി 24-09-2016**

- പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, 2016 ലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.
- വില്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ.
- അത്തരത്തിൽ ക്യാരി ബാഗുകൾ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവു കച്ചവടക്കാരും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം. രജിസ്ട്രേഷന് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം പുറപ്പെടുവിക്കണം.
- കുറഞ്ഞത് 4000 രൂപ പ്രതിമാസ ഫീസായി ഈടാക്കേണ്ടതാണ്. ലഭ്യമാകുന്ന തുക സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്തണം.

**5. ഉറവിട മാലിന്യ സംസ്കരണം**

**സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-07-2017**

**ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.**

- ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണ ശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന

സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, ക്യാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്ന തിന് ബയോബിൻ, എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

- ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്ന തിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ഡി&ഒ ലൈസൻസ് അനുവദിക്കാവൂ.

- നിലവിലുള്ളതും പുതുതായി ഡി&ഒ ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

## 6. സാനിറ്ററി സർട്ടിഫിക്കറ്റ് - ബഹു. ഹൈക്കോടതി ഉത്തരവ്

ബഹു. ഹൈക്കോടതി ഉത്തരവ് : W.A. No.395 of 2017 തിയതി 28-02-2017

- സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ഇല്ല എന്ന കാരണത്താൽ മാത്രം ലൈസൻസ് പുതുക്കി നൽകാതിരിക്കരുത്.

## 7. അഞ്ച് വർഷക്കാലയളവിലേക്ക് വ്യാപാര, വാണിജ്യ, വ്യവസായ ലൈസൻസ്

**പഞ്ചായത്ത് ഡയറക്ടർ ഡി.ഡി.പി മാർക്ക് അയച്ച 12-03-2019 ലെ പിഎൻ/3053/ 2019-സി4(ഡിപി) നം. കത്ത്**

- ലൈസൻസ് അനുവദിക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകൾ, ബോർഡുകൾ, ഏജൻസികൾ എന്നിവ നൽകുന്ന **ക്ലിയറൻസുകൾ അഞ്ച് വർഷക്കാലയളവിലേക്കുള്ളതാണെങ്കിൽ ലൈസൻസിന്റെ കാലാവധി അഞ്ച് വർഷക്കാലയളവിലേക്ക് നിജപ്പെടുത്തേണ്ടതാണ്.**

- ക്ലിയറൻസിന്റെ കാലാവധി 5 വർഷത്തിൽ താഴെയാണെങ്കിൽ ലൈസൻസ് കാലാവധി ക്ലിയറൻസിന്റെ കാലാവധി വരെ നിജപ്പെടുത്തേ ണ്ടതാണ്.

- 1996 ലെ ചട്ടങ്ങളിലെ പട്ടിക 2, 3, 4 പ്രകാരമുള്ള ഫീസ് മുൻകൂറായി ഈടാക്കേണ്ടതാണ്.
- ക്ലിയറൻസ് അനുവദിച്ച സ്ഥാപനങ്ങൾ തക്കതായ കാരണങ്ങളാൽ ആയത് പിൻവലിച്ചാൽ ഗ്രാമപഞ്ചായത്ത് ലൈസൻസ് റദ്ദ് ചെയ്യേണ്ടതാണ്.

### 8. ക്ലിയറൻസ് ആവശ്യമായ വ്യവസായങ്ങളുടെ പട്ടിക

- 1996 ലെ ചട്ടങ്ങളിലെ പട്ടിക V കാണുക.

### 9. അഗ്നിശമന സേനാ വകുപ്പിൽ നിന്നും ക്ലിയറൻസ് ആവശ്യമായ വ്യവസായങ്ങൾ

- 1996 ലെ ചട്ടങ്ങളിലെ പട്ടിക VI കാണുക.

## 10. ലൈസൻസ് നടപടിക്രമങ്ങൾ - ബൈലോ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ഗ്രാമപഞ്ചായത്തുകളുടെ ലൈസൻസ് അനുവദിക്കുക എന്നത് സങ്കീർണ്ണമായ നടപടിക്രമങ്ങൾ ഉൾക്കൊള്ളുന്നതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232, 233, 234 വകുപ്പുകളും 1996 ലെ ചട്ടങ്ങളും പ്രകാരം ലൈസൻസ് അനുവദിക്കുന്നതിനുമുമ്പായി സംരംഭങ്ങളുടെ സ്വഭാവത്തിനനുസരിച്ച് വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികളും ക്ലിയറൻസുകളും സാക്ഷ്യപത്രങ്ങളും ഉണ്ടോ എന്ന് ഉറപ്പാക്കേണ്ടതാണ്. ഒരു അപേക്ഷ ലഭിച്ചതിനു ശേഷം മാത്രമാണ് ഒരു സംരംഭത്തിന് ലൈസൻസ് നൽകുവാൻ സാധിക്കുമോ എന്ന് പരിശോധിക്കുന്നത്. ഓരോ ഗ്രാമപഞ്ചായത്തിന്റേയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും വിഭവ സ്രോതസ്സുകളും കണക്കിലെടുത്ത് വേണം അനുമതികൾ നൽകുവാൻ. ഓരോ ഗ്രാമപഞ്ചായത്തും തങ്ങളുടെ പരിധിയിൽ വരുന്ന വിഭവ സ്രോതസ്സുകളെക്കുറിച്ച് പഠനം നടത്തി ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിച്ചാൽ ഏതൊക്കെ സംരംഭങ്ങൾക്കാണ് നിയന്ത്രണം ആവശ്യമായി വരിക എന്ന് മുൻകൂട്ടി നിശ്ചയിക്കുവാൻ സാധിക്കുന്നതാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് ലൈസൻസ് നടപടിക്രമങ്ങൾക്കായി ഒരോ ഗ്രാമപഞ്ചായത്തിനും ബൈലോ രൂപീകരിക്കാവുന്നതാണെന്ന് വിലയിരുത്തുന്നു. അംഗീകാരം ലഭിച്ച ബൈലോ

ഉണ്ടെങ്കിൽ ലൈസൻസ് നടപടിക്രമങ്ങളിലെ സങ്കീർണ്ണത ഒരു പരിധിവരെ കുറയ്ക്കുവാൻ സാധിക്കുന്നതാണ്.

നിലവിൽ, വ്യവസായ വകുപ്പിന്റെ ഏകജാലക സംവിധാനം മുഖേനയും ഗ്രാമപഞ്ചായത്തിലേക്ക് നേരിട്ടും അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. ഏകജാലക സംവിധാനം മുഖേനയുള്ള അപേക്ഷകളുടെ കാര്യത്തിൽ, സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് രേഖകളുടെ പരിശോധന നടത്തിയതിനു ശേഷമുള്ള ശുപാർശ പ്രകാരം ഗ്രാമപഞ്ചായത്തിന് ലൈസൻസ് അനുവദിക്കാവുന്നതാണ്. ഏക ജാലക ബോർഡിന് നേരിട്ട് കംപോസിറ്റ് ലൈസൻസ് അനുവദിക്കുന്നതിനും നിലവിൽ സംവിധാനമുണ്ട്. ഗ്രാമപഞ്ചായത്തിൽ നേരിട്ട് ലഭിക്കുന്ന അപേക്ഷകളിന്മേൽ രേഖകളുടെ കൃത്യത സെക്രട്ടറി ഉറപ്പാക്കേണ്ടതുണ്ട്. സമയബന്ധിതമായി ലൈസൻസ് നൽകിയില്ലെങ്കിൽ ആയത് ലഭ്യമായതായി കരുതാനുള്ള അവകാശം അപേക്ഷകനുണ്ട്. ആയതിനാൽ അപേക്ഷകൾ ഏത് വിധത്തിൽ സമർപ്പിക്കപ്പെട്ടാലും വിവിധ സ്ഥാപനങ്ങളുടെ നിയന്ത്രണാധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതിനാൽ സമയബന്ധിതമായി തീരുമാനങ്ങൾ കൈക്കൊള്ളേണ്ടത് അനിവാര്യമാണ്.

**സ.ഉ(എം.എസ്)നം.105/97/തസ്വഭവ തിയതി 12-5-1997 പ്രകാരം** 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 256-ാം വകുപ്പിലെ 3-ാം ഉപവകുപ്പും 1995 ലെ കേരള പഞ്ചായത്ത് രാജ്(ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 3(5) ഉം കൂട്ടിവായിച്ച പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ ഉപയോഗിച്ച് ബൈലോകൾ അംഗീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടറെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ലൈസൻസ് നടപടിക്രമങ്ങൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് ബൈലോ രൂപീകരിക്കുന്നതിനുള്ള പൊതുനിർദ്ദേശം സർക്കാർ തലത്തിൽ ഉണ്ടാകുന്നത് ഉചിതമായിരിക്കുമെന്ന് വിലയിരുത്തുന്നു. ലൈസൻസ് നടപടികൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതിനുള്ള സാധ്യതയും പരിശോധിക്കാവുന്നതാണ്.

## 11. മുനിസിപ്പാലിറ്റികൾക്ക് ബാധകമായ ചട്ടങ്ങൾ

**2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ആക്ട് (2018 ലെ 14-ാം ആക്ട്) (The Kerala Investment Promotion and Facilitation (No.2) Act, 2018)** പ്രകാരം 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 447, 447, 449, 450 എന്നീ വകുപ്പുകളിൽ ഭേദഗതി വരുത്തുകയും "അപകടകരവും അസഹ്യവുമായ വ്യാപാരങ്ങളും ഫാക്ടറികളും" (Dangerous and Offensive Trades and Factories) എന്നത് "വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റു സേവനങ്ങളും" (Factories, Trades, Entrepreneurship Activities and Other Services) എന്ന് മാറ്റുകയും ചെയ്തിട്ടുണ്ട്.

2011 ലെ കേരള മുനിസിപ്പാലിറ്റി(ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ നടപ്പാക്കുന്നത് വിവിധ ഉത്തരവുകളിലൂടെ സർക്കാർ നീട്ടി നൽകിയിരുന്നു. അവസാനമായി സ.ഉ(സാ)നം.70/17/തസ്വഭവ തിയതി 10-01-2017 പ്രകാരം 30-04-2017 വരെയാണ് കാലാവധി ദീർഘിപ്പിച്ച് നൽകിയിരുന്നത്. 1-5-2017 ന് ശേഷം 2011 ചട്ടങ്ങളാണ് നഗരസഭകൾക്ക് ബാധകമായിട്ടുള്ളത്. ആയതിനാൽ നഗരസഭകൾ ലൈസൻസ് അനുവദിക്കുമ്പോൾ 2011 ലെ ചട്ടങ്ങൾ പാലിക്കേണ്ടതാണ്.



# VI
# കേരള പഞ്ചായത്ത് രാജ് (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017

**എസ്.ആർ.ഒ നം.674/2017 തിയതി 31-10-2017**
**(സ.ഉ(പി)നം.80/2017/തസ്വഭവ തിയതി 31-10-2017)**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232, 233, 234, 254 എന്നീ വകുപ്പുകളിലേയും 2017 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ഓർഡിനൻസിലെ (The Kerala Investment Promotion and Facilitation Ordinance, 2017) വകുപ്പ് 10 ലേയും അധികാരം ഉപയോഗിച്ച് ഭേദഗതി ചട്ടങ്ങൾ പുറപ്പെടുവിച്ചു.

വിവിധ നിയമങ്ങൾക്ക് കീഴിലുള്ള **ലൈസൻസുകൾ, അനുമതി, അംഗീകാരങ്ങൾ, ക്ലിയറൻസ്** എന്നിവ അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി 20-10-2017 ന് ഗവർണർ ഓർഡിനൻസ് പുറപ്പെടുവിച്ചു. 20-10-2017 ന് കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും നിയമം, 2018 നിലവിൽ വന്നു. 1994 ലെ കേരള പഞ്ചായത് രാജ് നിയമം, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ ഉൾപ്പെടെ വിവിധ നിയമങ്ങളിൽ ഭേഗഗതി വരുത്തിയതിനെത്തുടർന്നാണ് 1996 ലെ കേരള പഞ്ചായത്ത് രാജ്(അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഉചിതമായ ഭേദഗതി വരുത്തിയിട്ടുള്ളത്.

## ചട്ടങ്ങളിലെ പ്രധാന ഭേദഗതികൾ

1996 ലെ ചട്ടങ്ങളിലെ ബ്രാക്കറ്റിനുള്ളിലെ വാക്കുകളിലും 3, 4, 5, 6, 10, 12, 13 എന്നീ ചട്ടങ്ങളിലും ഫീസ് ഘടന നിശ്ചയിച്ചിട്ടുള്ള പട്ടിക II ഉം ഭേദഗതി വരുത്തിയിട്ടുണ്ട്.

**1996 ലെ കേരള പഞ്ചായത്ത് രാജ്(അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ** എന്നത് **1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ** എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്.

| 1996 ലെ ചട്ടങ്ങളിലെ ചട്ടം/ പ്രസക്ത ഭാഗം | ഭേദഗതി |
|---|---|
| ചട്ടം 3 (പൂർണ്ണമായും ഭേദഗതി ചെയ്തു) | **3. വ്യാപാരങ്ങൾ, സേവനങ്ങൾ, ഫാക്ടറികൾ എന്നിവയുടെ വിവരണം**<br>• വകുപ്പ് 232 ന്റെ ആവശ്യത്തിനായി, സർക്കാരിന് അതിന്റെ അഭിപ്രായത്തിൽ സ്ഥാപനങ്ങളെ **ഫാക്ടറികൾ, വ്യാപാരങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ** എന്നിങ്ങനെ വർഗ്ഗീകരിക്കേണ്ടതുണ്ടെങ്കിൽ ഈ ചട്ടങ്ങളോട് ചേർന്ന **ഒന്നാം പട്ടികയിൽ** അപ്രകാരം സൂചിപ്പിക്കാവുന്നതാണ്. |
| ചട്ടം 4 (തലക്കെട്ടിൽ മാറ്റം വരുത്തി) | വ്യാപാരങ്ങൾ, സേവനങ്ങൾ, ഫാക്ടറികൾ എന്നിവയെ സംബന്ധിച്ച വിജ്ഞാപനം പ്രസിദ്ധപ്പെടുത്തൽ. |
| ചട്ടം 5 (ചട്ടം 5 നശേഷം ചട്ടം 5 എ കൂട്ടി ചേർത്തു) | **5 എ**<br>ഈ ചട്ടങ്ങളിലെ ഫോറം നം. 1 പ്രകാരം അനുബന്ധ രേഖകൾ സഹിതം ലഭ്യമാകുന്ന അപേക്ഷയുടെ കൈപ്പറ്റ് രസീതി സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ അപേക്ഷകന് നൽകേണ്ടതാണ്.<br>അപേക്ഷ ലഭ്യമായ ഉടൻ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ അപേക്ഷയും എല്ലാ അനുബന്ധ രേഖകളും പരിശോധിക്കേണ്ടതും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട ഏതെങ്കിലും രേഖ വിട്ടുപോയിട്ടുണ്ടെങ്കിൽ അപേക്ഷ ലഭ്യമായി മൂന്ന് ദിവസത്തിനകം ആയത് ഹാജരാക്കുവാൻ അപേക്ഷകനോട് ആവശ്യപ്പെടേണ്ടതുമാണ്. |

| | |
|---|---|
| ചട്ടം 6<br>(ചട്ടം 6 നോടൊപ്പം പുതിയ നിബന്ധന കൂട്ടിച്ചേർത്തു.) | • ഈ ചട്ടങ്ങൾ പ്രകാരം ലൈസൻസ് ലഭിക്കുന്നതിനായി, **മറ്റ് വകുപ്പുകളിൽ നിന്നുള്ള നിരാക്ഷേപ പത്രങ്ങൾ സഹിതം,** പട്ടിക II പ്രകാരമുള്ള ഫീസ് ഒടുക്കി അപേക്ഷ സമർപ്പിച്ചാൽ **അപേക്ഷ ലഭിച്ച് ഏഴ് ദിവസത്തിനകം** (within seven days from the date of receipt of the application) പ്രസിഡണ്ട് ലൈസൻസ് അനുവദിക്കേണ്ടതാണ്. |
| ചട്ടം 10<br>(ചട്ടം 10 പൂർണ്ണമായും ഭേദഗതി ചെയ്തു) | **ലൈസൻസ് പുതുക്കൽ**<br>**ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിനുള്ളിൽ** (within thirty days before the end of an year) പട്ടിക II പ്രകാരമുള്ള ഫീസും അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രവും ലഭ്യമാക്കിയാൽ ഈ ചട്ടങ്ങൾ പ്രകാരം അനുവദിച്ചിട്ടുള്ള ഏതൊരു ലൈസൻസും പുതുക്കി നൽകാവുന്നതാണ്.<br><br>• ***(31-10-2017 ലെ ഭേദഗതി പ്രകാരം തലക്കെട്ടും ചട്ടവും പുതുക്കി.)***<br>***(ഭേദഗതിക്ക് മുമ്പ് ഇപ്രകാരമായിരുന്നു:*** *ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന്* ***മുപ്പത് ദിവസത്തിനു മുമ്പായും*** *പുതുതായി തുറക്കേണ്ട സ്ഥലങ്ങൾക്കുള്ള ലൈസൻസിനുള്ള അപേക്ഷ അവ തുറക്കുന്നതിന് 30* ***ദിവസത്തിനു മുമ്പായും*** *സമർപ്പിക്കേണ്ടതാകുന്നു.)* |
| ചട്ടം 12 ലെ ഉപചട്ടം 1 ലെ ഖണ്ഡം ബി | **വില്ലേജ് പഞ്ചായത്ത്** എന്നത് **സെക്രട്ടറി** എന്ന് മാറ്റേണ്ടതാണ്. |
| ചട്ടം 12 ലെ ഉപചട്ടം 3 ലെ ആദ്യ വാചകം | 3. വില്ലേജ് പഞ്ചായത്ത്, അപേക്ഷ ലഭിച്ചതിനുശേഷം കഴിയുന്നത്ര വേഗവും എല്ലാ സംഗതികളിലും മുപ്പത് ദിവസത്തിനകവും. |

| | |
|---|---|
| ചട്ടം 12 ലെ ഉപചട്ടം 3 ഖണ്ഡം ബി (പൂർണ്ണമായും ഭേദഗതി ചെയ്തു) | ബി. അത്തരം നിർമ്മാണമോ സ്ഥാപനമോ സമീപ പ്രദേശത്തെ ഉയർന്ന ജനസാന്ദ്രത കാരണത്താൽ ആക്ഷേപകരമാണെങ്കിലും ഉപദ്രവകരമാകുവാൻ സാധ്യത യുണ്ടെങ്കിലും അപേക്ഷ ലഭ്യമായ ഉടൻതന്നെ ബന്ധപ്പെട്ട വകുപ്പിൽ നിന്നും ഫാക്ടറിയുടേയോ വർക്ക്ഷോപ്പിന്റേയോ പ്രവൃത്തിസ്ഥലത്തിന്റേയോ ബന്ധപ്പെട്ട മെഷിനറിയുടേയോ ഉടമയുടെ ചെലവിൽ ഉപദ്രവ സാധ്യതയെക്കുറിച്ചോ ആയത് കുറയ്ക്കുന്നതിനോ ഉള്ള വിദഗ്ധാഭിപ്രായം സെക്രട്ടറി തേടേണ്ട താണ്.<br>അത്തരം ശല്യത്തെക്കുറിച്ചുള്ള റിപ്പോർട്ട് കഴിയുന്നത്ര വേഗ ത്തിലോ പതിനഞ്ച് ദിവസത്തിൽ അധികരിക്കാത്ത സമയത്തിനുള്ളിലോ ലഭ്യമാക്കേണ്ടതാണ്.<br>ബന്ധപ്പെട്ട വകുപ്പിന്റെ വിദഗ്ധാഭിപ്രായത്തിലെ ശുപാർശ പ്രകാരം ഉപദ്രവം കുറയ്ക്കുന്നതിനുള്ള നിബന്ധനകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അത്തരം നിബന്ധകളോടെ വില്ലേജ് പഞ്ചായത്ത് അനുമതി നൽകേണ്ടതാണ്;<br>അല്ലെങ്കിൽ |
| ചട്ടം 12 ലെ ഉപചട്ടം 3 ഖണ്ഡം സി (പൂർണ്ണമായും ഭേദഗതി ചെയ്തു) | അനുമതിക്ക് വേണ്ടിയുള്ള അപേക്ഷ സെക്രട്ടറിക്ക് ലഭ്യമായി പതിനഞ്ച് ദിവസത്തിനകം എന്തെങ്കിലും ഉത്തരവ് അപേക്ഷ കന് നൽകിയില്ലെങ്കിൽ നിയമത്തിനും ചട്ടങ്ങൾക്കും ബൈലോ കൾക്കും പാലിക്കപ്പെടേണ്ട മറ്റ് നിബന്ധനകൾക്കും വിധേയമായി അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള കാലയളവി ലേക്ക് അനുമതി നൽകിയതായി കണക്കാക്കാവുന്നതാണ്;<br>അല്ലെങ്കിൽ |

| | |
|---|---|
| ചട്ടം 12 ലെ ഉപ ചട്ടം 7(ബി) യിലെ ***അല്ലെങ്കിൽ വ്യവസായ വകുപ്പിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന*** എന്ന വാക്കുകൾക്കും ശേഷം | **അല്ലെങ്കിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഗ്രീൻ ആൻറ് വൈറ്റ് കാറ്റഗറി വ്യവസായങ്ങളായി പ്രഖ്യാപിച്ചതോ** എന്ന് കൂടി ചേർക്കേണ്ടതാണ്. |
| ചട്ടം 13 ഉപചട്ടം 1 | **വില്ലേജ് പഞ്ചായത്ത്** എന്ന വാക്കിനു പകരം **സെക്രട്ടറി** എന്ന് ചേർക്കേണ്ടതാണ്. |
| ചട്ടം 13 ഉപചട്ടം 1 ൽ അധികമായി ചേർക്കേണ്ടത്. | അത്തരം നിർദ്ദേശങ്ങൾ നൽകുന്നതിനു മുമ്പ് ബന്ധപ്പെട്ട വകുപ്പിൽ നിന്നും ഏതെങ്കിലും ഫാക്ടറി, വർക്ക്ഷോപ്പ്, പ്രവൃത്തി സ്ഥലം എന്നിവയിൽ ആവിശക്തിയോ ജല ശക്തിയോ മറ്റേതെങ്കിലും യാന്ത്രിക ശക്തിയോ വൈദ്യുതിയോ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന ശബ്ദം, പ്രകമ്പനങ്ങൾ എന്നിവ കൊണ്ടോ ഉണ്ടാകുന്ന ശല്യത്തിന്റെ കാഠിന്യം, അവ കുറവു ചെയ്യുന്നതിനായി ചുമത്തേണ്ട നിബന്ധനകൾ എന്നിവ സംബന്ധിച്ച് വിദഗ്ധാഭിപ്രായം ലഭ്യമാക്കേണ്ടതാണ്. |
| ചട്ടം 13 ഉപചട്ടം 2 | **വില്ലേജ് പഞ്ചായത്ത്** എന്ന വാക്കിനു പകരം **സെക്രട്ടറി** എന്ന് ചേർക്കേണ്ടതാണ്. |

## പട്ടിക II (ചട്ടം 7 കാണുക)
## (31-10-2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം പുതുക്കിയത്)
## ലൈസൻസ് ഫീ ഇനത്തിൽ നിശ്ചയിക്കാവുന്ന പരമാവധി ഫീസ്

| ക്രമ നം. | സ്ഥാപനത്തിന്റെ വിഭാഗം | | ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീ (രൂപ) |
|---|---|---|---|
| 1 | **മൈക്രോ എന്റർപ്രൈസസ്** | | 500 |
| | **മേഖല** | **മൂലധന നിക്ഷേപം** Capital Investment | |
| | **ഉൽപാദന മേഖല** (Manufacturing Sector): | 25 ലക്ഷം രൂപയിൽ കൂടാത്തത്. | |
| | **സേവന മേഖല** (Service Sector): | 10 ലക്ഷം രൂപയിൽ കൂടാത്തത്. | |
| 2 | **മിനി എന്റർപ്രൈസസ്** | | 1,000 |
| | **മേഖല** | **മൂലധന നിക്ഷേപം** | |
| | **ഉൽപാദന മേഖല** | 25 ലക്ഷം രൂപയിൽ കൂടുതലും ഒരു കോടി രൂപയിൽ അധികരിക്കാത്തതും. | |
| | **സേവന മേഖല** | 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ അധികരിക്കാത്തതും. | |
| 3 | **സ്മാൾ എന്റർപ്രൈസസ്** | | 5,000 |
| | **മേഖല** | **മൂലധന നിക്ഷേപം** | |
| | **ഉൽപാദന മേഖല** | ഒരു കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ അധികരിക്കാത്തതും. | |
| | **സേവന മേഖല** | 50 ലക്ഷം രൂപയിൽ കൂടുതലും 2 കോടി രൂപയിൽ അധികരിക്കാത്തതും. | |

| | | | |
|---|---|---|---|
| 4 | **മീഡിയം എന്റർപ്രൈസസ്** | | 10,000 |
| | **മേഖല** | **മൂലധന നിക്ഷേപം** | |
| | **ഉൽപാദന മേഖല** | 5 കോടി രൂപയിൽ കൂടുതലും 10 കോടി രൂപയിൽ അധികരിക്കാത്തതും. | |
| | **സേവന മേഖല** | 2 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ അധികരിക്കാത്തതും. | |
| 5 | **ലാർജ് എന്റർപ്രൈസസ്** | | 15,000 |
| | **മൂലധന** | **നിക്ഷേപംമേഖല** | |
| | **ഉൽപാദന മേഖല** | 10 കോടി രൂപയിൽ കൂടുതൽ. | |
| | **സേവന മേഖല** | 5 കോടി രൂപയിൽ കൂടുതൽ. | |

- ഭേദഗതികൾക്ക് 31-10-2017 മുതൽ പ്രാബല്യമുണ്ട്.
- അസ്സൽ ചട്ടങ്ങളിൽ ഉണ്ടായിട്ടുള്ള മേൽ സൂചിപ്പിച്ച മാറ്റങ്ങൾ ഉൾക്കൊണ്ട് പ്രായോഗിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- ചട്ടം 5 എ യിൽ ചട്ടങ്ങളിലെ ഫോറം നം. I ൽ അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അത്തരത്തിൽ ഒരു ഫോറം ചട്ടങ്ങളോടൊപ്പം ചേർത്തതായി കാണുന്നില്ല.
- കില പ്രസിദ്ധീകരിച്ച **ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകുന്ന സേവനങ്ങളും അവയുടെ നിബന്ധനകളും, 2018** എന്ന കൈപ്പുസ്തകത്തിൽ അനുബന്ധം 45 ആയി അപേക്ഷാ ഫോറത്തിന്റെ മാതൃക ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് താഴെ ചേർത്തിട്ടുണ്ട്.

## ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപേക്ഷാ ഫോറം - മാതൃക (തൃശ്ശൂർ കില തയ്യാറാക്കിയത്)

**കോർട്ട് ഫീ**
**സ്റ്റാമ്പ്**
**5 രൂപ**

--------------------------- സെക്രട്ടറി മുമ്പാകെ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടും തൽസംബന്ധമായ ചട്ടങ്ങളും ബൈലോയും അനുസരിച്ച് ബോധിപ്പിക്കുന്ന ഫാക്ടറി/വ്യാപാരം/സംരംഭകത്വം/മറ്റ് സേവനങ്ങളുടെ ലൈസൻസിനുള്ള അപേക്ഷ

| | | |
|---|---|---|
| 1. | അപേക്ഷകന്റെ പൂർണ്ണമായ പേരും മേൽവിലാസവും | |
| 2. | അപേക്ഷകന്റെ പൂർത്തിയായ വയസ്സ് | |
| 3. | അപേക്ഷകൻ സ്ത്രീയോ പുരുഷനോ എന്ന് | |
| 4. | ലൈസൻസ് എന്താവശ്യത്തിനാണെന്ന്. | |
| എ) | നിർമ്മിക്കുന്നതോ സ്റ്റോക്ക് ചെയ്യുന്നതോ വിൽപന നടത്തുന്നതോ പ്രദർശിപ്പിക്കുന്നതോ ആയ സാധനങ്ങളുടെ പേരും വിവരവും. | |
| ബി) | യന്ത്രങ്ങൾ ഉപയോഗിക്കുന്ന സംഗതിയിൽ വൈദ്യുതി ഉപയോഗിച്ചാണോ അല്ലയോ എന്ന്. | |
| സി) | യന്ത്രത്തിന്റെ കുതിരശക്തി എത്ര? | |
| 5. | ലൈസൻസ് ആവശ്യമായ കെട്ടിടത്തിന്റെ/സ്ഥലത്തിന്റെ ഉടമയുടെ പേരും വിലാസവും | |
| 6. | കെട്ടിടം അല്ലെങ്കിൽ ഭൂമി സ്വന്തമല്ലെങ്കിൽ സ്ഥലം ഉപയോഗിക്കുവാനുള്ള നിയമാനുസൃത കൈവശരേഖ ഹാജരാക്കിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിവരവും. | |

| വില്ലേജ് | വാർഡ് നമ്പർ | സർവ്വേ നമ്പർ | കെട്ടിട നമ്പർ |
|---|---|---|---|
| | | | |

| | | |
|---|---|---|
| 7. | ലൈസൻസ് ഏത് വർഷത്തേക്ക് എന്ന് | |
| 8. | മേൽക്കൂരയുടെ തരം (ഓട്/കോൺക്രീറ്റ്/ഷീറ്റ്/ഓല/............) | |
| 9. | ലൈസൻസ് പുതുക്കാനാണെങ്കിൽ മുൻവർഷത്തെ ലൈസൻസ് നമ്പറും തിയതിയും | |
| 10. | ലൈസൻസ് ആവശ്യമായ സ്ഥലത്തിന്റെ ഏറ്റവും അടുത്തുള്ള തെരുവ് അല്ലെങ്കിൽ റോഡ് | |
| 11. | നടത്താനുദ്ദേശിക്കുന്ന സ്ഥാപനത്തിന് വല്ല പ്രത്യേക പേരുമുണ്ടെങ്കിൽ ആയത് | |

| | | |
|---|---|---|
| 12. | ലൈസൻസ് ആവശ്യമായ സ്ഥലത്തിന്റെ അതിരുകൾ | കിഴക്ക്<br>പടിഞ്ഞാറ്<br>തെക്ക്<br>വടക്ക് |
| 13. | ലൈസൻസ് ആവശ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം | |
| 14. | ലൈസൻസ് ആവശ്യമായ സ്ഥാപനത്തിലെ ആകെ ജോലിക്കാരുടെ എണ്ണം | |
| 15. | അപേക്ഷകൻ പഞ്ചായത്തിലേക്ക് ഏതെങ്കിലും കുടിശ്ശിക ഒടുക്കുവാനുണ്ടോ? | |
| 16. | ഉപയോഗശൂന്യമായ പദാർത്ഥങ്ങൾ, ചപ്പുചവറുകൾ മുതലായ മാലിന്യങ്ങൾ നീക്കം ചെയ്യാൻ സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്റെ വിവരവും | |
| 17. | ലൈസൻസ് ആവശ്യമായ സ്ഥലം വൃത്തിയിലും ശുചിത്വത്തിലും സൂക്ഷിച്ചിട്ടുണ്ടോ? | |
| 18. | അപേക്ഷ സഹിതം അടച്ച സംഖ്യയും ഒടുക്കിയ രസീതി നമ്പറും തിയതിയും | |
| 19. | മൂലധന നിക്ഷേപം | ഉൽപാദനം:<br>സേവനമേഖല: |

## സത്യപ്രസ്താവന

1. ഈ അപേക്ഷയിൽ എഴുതിയ കാര്യങ്ങൾ മുഴുവൻ എന്റെ അറിവിലും ഉത്തമ വിശ്വാസത്തിലും പെട്ടിടത്തോളം ശരിയും പൂർണ്ണവുമാണെന്നും ലൈസൻസ് സംബന്ധിച്ച എല്ലാ കൽപനകളും ഞാൻ പാലിക്കുന്നതാണെന്നും ഇതിനാൽ പ്രതിജ്ഞ ചെയ്തു കൊള്ളുന്നു.
2. 50 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക്കുകളും നിരോധിത പ്ലാസ്റ്റിക്കുകളും ഉൽപാദിപ്പിക്കുകയോ ശേഖരിക്കുകയോ വിൽക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്നതല്ലെന്നും മേൽ സ്ഥാപനത്തിന്റെ ബോർഡിൽ സ്ഥലനാമം ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്/രേഖപ്പെടുത്തുന്നതാണെന്നും സത്യമായി ബോധിപ്പി ക്കുന്നു.

അപേക്ഷകന്റെ പേരും ഒപ്പും

സ്ഥലം:
തിയതി:

## റഫറൻസ്

- കേരള പഞ്ചായത്ത് രാജ് നിയമം, 1994
- 1996-ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ
- 2017-ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ
- കില പ്രസിദ്ധീകരിച്ച **ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകുന്ന സേവനങ്ങളും അവയുടെ നിബന്ധനകളും, 2018** എന്ന കൈപ്പുസ്തകം
- അനുബന്ധ നിയമങ്ങളും, ചട്ടങ്ങളും, ഉത്തരവുകളും

**വെബ്സൈറ്റുകൾ**

lsgkerala.gov.in
https://invest.kerala.gov.in/
https://www.ksidc.org/
https://kerala.gov.in/

**നന്ദി ....**


- പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കാലികമാക്കി ആരക്കുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.രാജേഷ് ടി.വർഗീസ് തയ്യാറാക്കിയ പുസ്തകം ഈ കൈപ്പുസ്തകം തയ്യാറാക്കുന്നതിന് ഏറെ സഹായകരമായിട്ടുണ്ട്. രാജേഷ് സാറിനോടുള്ള കടപ്പാട് അറിയിക്കുന്നു.
- വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട ഒട്ടേറെ സംശയങ്ങൾ ദൂരീകരിക്കുവാൻ സഹായിച്ച തൃശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഡെപ്യൂട്ടി മാനേജർ ശ്രീ.എ.കെ.റഫത്തലിക്കും (9249396622) നന്ദി....


**തയ്യാറാക്കിയത്**


സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
9447594110
cscholayilttm@gmail.com



**സ്വകാര്യ ഉപയോഗത്തിനായി തയ്യാറാക്കിയ കൈപ്പുസ്തകം – ഒന്നാം പതിപ്പ്**

പാലക്കാട്,
26-03-2019

## കുറിപ്പുകൾ

................................................................................................................................................

................................................................................................................................................

................................................................................................................................................

................................................................................................................................................

................................................................................................................................................

................................................................................................................................................

................................................................................................................................................

................................................................................................................................................

................................................................................................................................................

................................................................................................................................................

................................................................................................................................................

................................................................................................................................................

................................................................................................................................................

................................................................................................................................................

................................................................................................................................................

................................................................................................................................................

................................................................................................................................................

................................................................................................................................................

................................................................................................................................................

................................................................................................................................................

................................................................................................................................................